# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

ലക്കം 3 | മാർച്ച് 2023 | വാല്യം 20



## നാമഹേതുക തിരുനാൾ മംഗളങ്ങൾ



**മാർച്ച് 19 ന്**
**നാമഹേതുക തിരുനാൾ**
**ആഘോഷിക്കുന്ന**
**ഇടുക്കി രൂപതയുടെ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

## മോൺ. ജോസ് പ്ലാച്ചിക്കലച്ചന്

## തിരുനാൾ മംഗളങ്ങൾ



**കരുണ ആനിമേഷൻ സെന്ററിന്റെ ഉദ്ഘാടനം**

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ


**Volume : 20**
**Issue No. : 3**
**Month : March 2023**






*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Thomas Panjikunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Red Line Cheruthony

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2023–ലെ തപസ്സുകാലത്തിലേക്കു നല്കുന്ന സന്ദേശം | 05 |
| നോമ്പുകാല സന്ദേശം | 11 |
| നോമ്പുകാല സംഭാവന | 17 |
| മദ്യവിരുദ്ധ ഞായർ | 20 |
| യാമപ്രാർത്ഥനകൾ | 25 |
| തിരുബാലസഖ്യദിനം | 29 |
| നാളാഗമം | 34 |
| BISHOP'S ENGAGEMENTS | 38 |
| കച്ചേരി വാർത്തകൾ | 39 |
| മൈനർ സെമിനാരി | 48 |
| സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ | 49 |
| സന്യസ്തർ | 50 |
| ക്രിസ്തുജ്യോതി | 57 |
| വിദ്യാഭ്യാസം | 62 |
| പാവനാത്മാ കോളേജ് | 63 |
| മാർ സ്ലീവാ കോളേജ് | 66 |
| സാമൂഹ്യസേവനം | 69 |
| കെ.സി.എസ്.എൽ. | 71 |
| തിരുബാലസഖ്യം | 72 |
| ചെറുപുഷ്പ മിഷൻലീഗ് | 73 |
| കെ.സി.വൈ.എം. | 74 |
| ജീസസ് യൂത്ത് | 75 |
| കുടുംബ പ്രേഷിതത്വം | 77 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 78 |
| കുടുംബക്കൂട്ടായ്മ | 79 |
| കത്തോലിക്കാ കോൺഗ്രസ് | 81 |
| വാർത്തകളും വിശേഷങ്ങളും | 81 |
| പൗരോഹിത്യ ആദ്ധ്യാത്മിക ചിന്തകൾ | 83 |


***"Where love becomes tangible, become closeness, becomes tenderness, becomes compassion, God is there."***

*Pope Francis, Tweet, 13-03-2023*

# ഓർമ്മിക്കാൻ

## മാർച്ച് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

02 : രൂപതാ സ്ഥാപകദിനം

10–12 : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി

12 : മദ്യവിരുദ്ധ ഞായർ

15 : പാതിനോമ്പ്

18 : വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ (19 ഞായർ)

: ജറുസലെമിലെ വി. സിറിൽ

25 : മംഗളവാർത്ത തിരുനാൾ

: അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും, ഇരട്ടയാർ

31 : നാല്പതാം വെള്ളി, എഴുകുംവയൽ തീർത്ഥാടനം

31–Apr. 02 : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി

## C. 7. സർക്കുലർ

### പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2023-ലെ

# തപസ്സുകാലത്തിലേക്കു നല്കുന്ന സന്ദേശം

**"തപസ്സുകാല അനുതാപവും സിനഡാത്മക സഞ്ചാരവും"**

പ്രിയ സഹോദരീസഹോദരന്മാരേ,

മത്തായിയുടെയും മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷങ്ങൾ യേശുവിന്റെ രൂപാന്തരീകരണത്തിന്റെ വിവരണം നല്കുന്നു. തന്നെ മനസ്സിലാക്കാൻ പരാജയപ്പെട്ട ശിഷ്യന്മാരോടുള്ള യേശുവിന്റെ പ്രതികരണമാണ് നാം അവിടെ കാണുന്നത്. അതിന് അല്പം മുമ്പായി ഗുരുവും ശിമയോൻ പത്രോസും തമ്മിൽ ഗൗരവമായ ഒരു അഭിപ്രായ വ്യത്യാസ പ്രകടനം നടന്നിരുന്നു. യേശുവിനെ ക്രിസ്തുവും ദൈവപുത്രനും ആയി പ്രഖ്യാപിച്ച പത്രോസിന് അവിടത്തെ പീഡാനുഭവത്തിന്റെയും കുരിശു മരണത്തിന്റെയും പ്രവചനം ഉൾക്കൊള്ളാനായില്ല. അതിനാൽ യേശു പത്രോസിനെ ശക്തമായി ശകാരിച്ചു: "സാത്താനേ, നീ എന്റെ പിന്നിലേക്കു പോകു, നീ എനിക്കു തടസ്സമാണ്. കാരണം, നീ ചിന്തിക്കുന്നത് ദൈവിക കാര്യങ്ങളല്ല, മാനുഷിക കാര്യങ്ങളാണ്" (മത്താ 16:23). ഇതിനെ തുടർന്ന്, "യേശു ആറു ദിവസം കഴിഞ്ഞ് പത്രോസ്, യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് ഒരുയർന്ന മലയിലേയ്ക്കു പോയി" (മത്താ 17:1).

എല്ലാ വർഷവും തപസ്സുകാലത്തിലെ രണ്ടാം ഞായറാഴ്ച രൂപാന്തരീകരണത്തിന്റെ സുവിശേഷം വായിച്ചു വരുന്നു. ആരാധനക്രമത്തിലെ ഈ കാലഘട്ടത്തിൽ കർത്താവ് നമ്മെ തന്നോടൊപ്പം വേറൊരു സ്ഥലത്തേക്കു മാറ്റി നിറുത്തുന്നു. നമ്മുടെ സാധാരണയുള്ള ചുമതലകൾ നമ്മെ നാം സാധാരണയായി ആയിരിക്കുന്നിടത്തുതന്നെ നിലകൊള്ളാനും നാം പലപ്പോഴും ആവർത്തിച്ചു ചെയ്യുന്നതും വിരസത ഉളവാക്കുന്നതുമായ ദൈനംദിന പ്രവൃത്തികൾ നിർവഹിക്കാനും നിർബന്ധിക്കുമ്പോൾ യേശുവിനോടൊത്ത്

"ഒരുയർന്ന മലയിലേയ്ക്കു" കയറിപ്പോകാനും അങ്ങനെ ദൈവത്തിന്റെ വിശുദ്ധ ജനമെന്ന നിലയ്ക്ക് സവിശേഷമായ ഒരു ആധ്യാത്മിക അച്ചടക്കത്തിന്റെ (താപസവൃത്തി – 'അഷേസിസ്' എന്ന് ലത്തീനിൽ) അനുഭവത്തിൽ ജീവിക്കാനുമായി തപസ്സുകാലം നമ്മെ ക്ഷണിക്കുന്നു.

തപസ്സുകാല അനുതാപം എന്നത് നമ്മുടെ വിശ്വാസക്കുറവിനേയും യേശുവിനെ കുരിശിന്റെ പാതയിൽ അനുഗമിക്കുന്നതിനുള്ള നമ്മുടെ വിമുഖതയെയും മറികടക്കുന്നതിനുള്ള കൃപാവരങ്ങൾ പരിപോഷിപ്പിക്കപ്പെടുന്ന ഒരു പ്രതിജ്ഞാബദ്ധതയാണ്. ഇതു തന്നെയായിരുന്നു പത്രോസും ഇതര ശിഷ്യരും ചെയ്യേണ്ടിയിരുന്നത്. ഗുരുവിനെക്കുറിച്ചുള്ള അറിവ് ആഴപ്പെടുത്താനും, സ്നേഹത്താൽ പ്രചോദിതരായി സമ്പൂർണ സ്വയംദാനം വഴി നേടിയെടുക്കപ്പെട്ട, അവിടത്തെ രക്ഷയുടെ രഹസ്യത്തെ പൂർണമായി മനസ്സിലാക്കാനും അതിനെ ആശ്ലേഷിക്കാനുമായി നമ്മെ അവിടന്നു വേർതിരിച്ചു നിറുത്താനും കേവല സാമാന്യതയിൽ നിന്നും വ്യർഥതയിൽ നിന്നും വേർതിരിക്കപ്പെടാനും നാം നമ്മെത്തന്നെ അനുവദിക്കണം. അതിയായി നാം ഒരു യാത്രയ്ക്കു തയ്യാറാവണം; മലകയറുന്നതുപോലെ മുകളിലേയ്ക്കുള്ള ഒരു യാത്രയാണിത്; അതിന് പ്രയത്നവും ത്യാഗവും ഏകാഗ്രതയും ആവശ്യമുണ്ട്. ഒരു സഭ എന്ന നിലയ്ക്ക് ഇന്നു നാം പ്രതിജ്ഞാബദ്ധരായിരിക്കുന്ന സിനഡാത്മക സഞ്ചാരത്തിനും അവ അനിവാര്യമാണ്. ആകയാൽ, തപസ്സനുഷ്ഠാനവും സിനഡാത്മക അനുഭവവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള വിചിന്തനം വളരെ ഉപകാര പ്രദമായിരിക്കും.

താബോർമലയിലേയ്ക്കുള്ള തന്റെ 'പിൻവാങ്ങലിൽ' (retreat) യേശു മൂന്ന് ശിഷ്യന്മാരെ കൂടെക്കൊണ്ടുപോയി; അസാധാരണമായ ആ സംഭവത്തിന് സാക്ഷികളാകാൻ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു അവർ. എന്നാൽ, കൃപയുടെ ആ അനുഭവം പങ്കുവെയ്ക്കപ്പെടണമെന്ന് യേശു ആഗ്രഹിക്കുന്നു; അത് അവരുടേതു മാത്രമായി അവശേഷിക്കാൻ പാടില്ല; നമ്മുടെ വിശ്വാസജീവിതം എന്നതുതന്നെ പങ്കുവെയ്ക്കപ്പെടുന്ന ഒരു അനുഭവം ആണല്ലോ! എന്തെന്നാൽ, ഒത്തൊരുമിച്ചാണല്ലോ നാം യേശുവിനെ അനുഗമിക്കുന്നത്. സമയബന്ധിതമായിരിക്കുന്ന ഒരു തീർത്ഥാടക സഭ എന്ന നിലയിൽ നാം ഒരുമിച്ചാണ് ആരാധനാവർഷവും അതിന്റെ ഭാഗമായിരിക്കുന്ന

തപസ്സുകാലവും ആചരിക്കുന്നതും അനുഭവിക്കുന്നതും; അതായത്, നമ്മുടെ സഹയാത്രികരോടൊപ്പം, കർത്താവ് നമുക്കു നൽകിയിട്ടുള്ളവരോടൊപ്പം, നടന്നുകൊണ്ട്. യേശുവിന്റെയും ശിഷ്യന്മാരുടെയും താബോർ മലകയറ്റംപോലെ നമ്മുടെ തപസ്സുകാല സഞ്ചാരവും സിനഡാത്മകം ആണെന്ന് നമുക്കു പറയാനാകും; കാരണം, അതു നാം ഒരേ ഗുരുവിന്റെ ശിഷ്യർ എന്ന നിലയിൽ ഒരേയൊരു പാതയിൽ ഒരുമിച്ചു നടക്കുന്നതാണ്. എന്തെന്നാൽ, യേശുതന്നെയാണ് 'വഴി' എന്നു നമുക്കറിയാം. അതിനാൽ, ആരാധനക്രമപരമായ സഞ്ചാരത്തിലും സിനഡിന്റെ സഞ്ചാരത്തിലും സഭ നടത്തുന്നത് രക്ഷകനായ ക്രിസ്തുവിന്റെ രഹസ്യത്തിലേയ്ക്ക് കൂടുതൽ ആഴത്തിലും പൂർണതയിലും പ്രവേശിക്കുക എന്നതിലുപരി മറ്റൊന്നുമല്ല.

അങ്ങനെ നാം അതിന്റെ ഉച്ചസ്ഥാനത്ത് എത്തിച്ചേരുന്നു. യേശു 'അവരുടെ മുമ്പിൽവച്ച് രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി; അവന്റെ വസ്ത്രങ്ങൾ പ്രകാശം പോലെ ധവളമായി' (മത്താ 17:2) എന്നു സുവിശേഷം പറയുന്നു. സഞ്ചാരത്തിന്റെ കൊടുമുടി അഥവാ ലക്ഷ്യം ഇതാണ്. തങ്ങളുടെ ആരോഹണത്തിന്റെ അവസാനം അവർ ഗിരിശൃംഗത്തിൽ യേശുവിനോടൊപ്പം നിൽക്കുന്നു; അലൗകികമായ പ്രകാശത്തിൽ തിളങ്ങിനിന്ന യേശുവിന്റെ മഹത്വം ദർശിക്കാനുള്ള കൃപാവരം ആ മൂന്നു ശിഷ്യന്മാർക്ക് ലഭിക്കുകയുണ്ടായി. ആ പ്രകാശം പുറത്തുനിന്ന് വന്നതായിരുന്നില്ല; അത് കർത്താവിൽ നിന്നുതന്നെ പ്രസരിച്ചതാണ്. താബോർ ആരോഹണത്തിനായി ശിഷ്യന്മാർ നടത്തിയ എല്ലാ പ്രയത്നങ്ങൾക്കുമുപരിയായിരുന്നു പ്രസ്തുത ദർശനത്തിന്റെ ദൈവിക സൗന്ദര്യം. ശ്രമകരമായ ഏതു പർവതാരോഹണത്തിലും നാം നമ്മുടെ നയനങ്ങൾ പാതയിൽ ഉറപ്പിച്ചു നിറുത്തേണ്ടതാണ്; എന്നിരുന്നാലും അതിന്റെ അവസാനം ഉരുത്തിരിയുന്ന വിശാലദൃശ്യം നമ്മെ ആശ്ചര്യപ്പെടുത്തുകയും അതിന്റെ മനോഹാരിതയാൽ നമുക്ക് പ്രതിഫലം ലഭിക്കുകയും ചെയ്യും. അതുപോലെതന്നെ സിനഡാത്മക പ്രക്രിയ പലപ്പോഴും ദുഷ്കരമാണെന്ന് നമുക്കു തോന്നും; അങ്ങനെ നാം ചിലപ്പോൾ നിരുത്സാഹപ്പെട്ടവരാകും. എന്നാൽ, അവസാനം നമ്മെ കാത്തിരിക്കുന്നത് നിശ്ചയമായും അത്ഭുതാവഹവും ആശ്ചര്യജനകവുമായ ഒന്നായിരിക്കും; അത് നമ്മെ ദൈവഹിതവും അവിടത്തെ രാജ്യത്തിന്റെ ശുശ്രൂഷയ്ക്കായുള്ള നമ്മുടെ ദൗത്യവും കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ സഹായിക്കുന്നതായിരിക്കും.

നിയമത്തെയും പ്രവാചകരെയും യഥാക്രമം പ്രതിനിധീകരിക്കുന്ന മോശയും ഏലിയായും യേശുവിന്റെ രൂപാന്തരീകരണവേളയിൽ പ്രത്യക്ഷപ്പെട്ടത് (മത്താ 17:3 കാണുക) മലയിലെ ശിഷ്യന്മാരുടെ അനുഭവത്തെ കൂടുതൽ സമ്പന്നമാക്കി മാറ്റി. ക്രിസ്തുവിന്റെ നവീനത എന്നു പറയുന്നത് പഴയ ഉടമ്പടിയുടെയും വാഗ്ദാനങ്ങളുടെയും പൂർത്തീകരണം എന്നതാണ്. ദൈവം തന്റെ ജനവുമായി ഇടപഴകിയതിന്റെ ചരിത്രത്തിൽനിന്ന് അതിനെ വേർപെടുത്താനാകില്ല; ആ ചരിത്രത്തിന്റെ ആഴമാർന്ന അർഥം അത് വെളിപ്പെടുത്തുന്നു. അതുപോലെതന്നെ, സിഡാത്മക സഞ്ചാരം ഒരേസമയം സഭയുടെ പാരമ്പര്യത്തിൽ ഊന്നി നിൽക്കുന്നതും എന്നാൽ നവീനതയിലേക്ക് തുറന്നിരിക്കുന്നതുമാണ്. പുതിയ വഴികൾ അന്വേഷിക്കുന്നതിന് പ്രചോദനം നൽകുന്ന സ്രോതസ്സാണ് പാരമ്പര്യം; അതിന് എതിർനിൽക്കുന്ന സ്തംഭനതയുടെ പ്രലോഭനത്തെയും തൽക്ഷണം സൃഷ്ടിനടത്തുന്ന പരീക്ഷണശൈലിയെയും ഒഴിവാക്കാനും പാരമ്പര്യം നമ്മെ സഹായിക്കുന്നു.

തപസ്സുകാല അനുതാപ സഞ്ചാരത്തിന്റെയും സിനിഡാത്മക സഞ്ചാരത്തിന്റെയും ഏക ലക്ഷ്യം വ്യക്തിപരവും സഭാപരവുമായ രൂപാന്തരീകരണമാണ്. ഇവ രണ്ടിലും ഉൾച്ചേർന്നിരിക്കുന്ന പരിവർത്തനത്തിന്റെ മാതൃക യേശുവിന്റെ രൂപാന്തരീകരണം തന്നെയാണ്; അത് സമ്പാദിക്കപ്പെടുന്നത് അവിടത്തെ പെസഹാ രഹസ്യത്തിന്റെ കൃപ മൂലമാണ്. യേശുവിനോടൊപ്പം മലകയറാനും അവിടത്തോടൊപ്പം ആയിരിക്കാനും, അങ്ങനെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാനും ഞാൻ രണ്ട് പാതകൾ നിർദേശിക്കാൻ ആഗ്രഹിക്കുന്നു.

താബോർ മലയിൽവച്ച് രൂപാന്തരപ്പെട്ട യേശുവിനെ ധ്യാനിച്ചുകൊണ്ടിരുന്ന ശിഷ്യന്മാർക്ക് പിതാവായ ദൈവം നൽകിയ നിർദേശത്തോടു ചേർന്നുള്ളതാണ് ആദ്യത്തെ പാത. മേഘത്തിൽ നിന്നുള്ള സ്വരം ഇപ്രകാരം പറഞ്ഞു: 'ഇവനെ ശ്രവിക്കുവിൻ' (മത്താ 17:5). ആകയാൽ, ആദ്യനിർദേശം വളരെ വ്യക്തമാണ്. നാം യേശുവിനെ ശ്രവിക്കണം. അവിടന്ന് നമ്മോടു സംസാരിക്കുമ്പോൾ നാം അവിടത്തെ ശ്രവിക്കുന്ന കൃപയുടെ കാലമാണ് തപസ്സുകാലം. എങ്ങനെയാണ് അവിടന്ന് നമ്മോടു സംസാരിക്കുന്നത്? ഒന്നാമത്, ആരാധനക്രമത്തിൽ സഭ നമുക്കു നൽകുന്ന ദൈവവചനം വഴിയായി. ആ വചനം നമ്മുടെ ബധിരകാതുകളിൽ പതിക്കാതിരിക്കട്ടെ! നമുക്ക്

ദിവ്യപൂജയിൽ സംബന്ധിക്കാൻ സാധിക്കുന്നില്ലെങ്കിൽ ദൈനംദിനമുള്ള ബൈബിൾ വായന വഴിയായി ദൈവവചനം പഠന വിഷയമാക്കാം; ഇൻറർനെറ്റിന്റെ സഹായത്തോടെയും ആകാം അത്. വിശുദ്ധലിഖിതങ്ങൾക്കു പുറമേ, നമ്മുടെ സഹോദരീസഹോദരന്മാരിലൂടെയും കർത്താവ് നമ്മോടു സംസാരിക്കുന്നു - ഏറെ പ്രത്യേകിച്ച് ആവശ്യങ്ങളിൽ ഇരിക്കുന്നവരുടെ വദനങ്ങളിലൂടെയും അവരുടെ കഥകളിലൂടെയും. സിനിഡാത്മക പ്രക്രിയയിൽ വളരെ പ്രധാനപ്പെട്ടതായ മറ്റൊരു കാര്യംകൂടെ ഞാൻ പറയട്ടെ: പലപ്പോഴും ക്രിസ്തുവിനെ ശ്രവിക്കുന്നതു സംഭവിക്കുന്നത് സഭയിലെ സഹോദരീസഹോദരന്മാരെ ശ്രവിക്കുന്നതിലൂടെയാണ്. അപ്രകാരമുള്ള പരസ്പര ശ്രവണം ചില ഘട്ടങ്ങളിലെ ആദ്യ ലക്ഷ്യമാണ്; എന്നാൽ അത് സിനഡാത്മക സഭയുടെ രീതിശാസ്ത്രത്തിന്റെയും ശൈലിയുടെയും അനിവാര്യ ഭാവമായി എപ്പോഴും നിലനില്ക്കുന്നു.

പിതാവിന്റെ സ്വരംകേട്ട "ശിഷ്യന്മാർ കമിഴ്ന്നു വീണു. അവർ അത്യധികം ഭയപ്പെട്ടിരുന്നു. യേശു അവരെ സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ട് പറഞ്ഞു, 'എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ട.' അവർ കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ യേശുവിനെ അല്ലാതെ മറ്റാരെയും കണ്ടില്ല" (മത്താ 17: 6-8). തപസ്സുകാലത്തെ സംബന്ധിച്ച രണ്ടാമത്തെ നിർദേശം ഇവിടെയാണു ഞാൻ കാണുന്നത്: അതായത്, യാഥാർത്ഥ്യത്തെയും അതുമായുള്ള ദൈനംദിന പോരാട്ടങ്ങളെയും ക്ലേശങ്ങളെയും വൈരുദ്ധ്യങ്ങളെയും അഭിമുഖീകരിക്കുന്നതിന്റെ ഭയത്തെ മറികടക്കുന്നതിന്റെ ഭാഗമായി അസാധാരണമായ സംഭവങ്ങളിലും നാടകീയമായ അനുഭവങ്ങളിലും ഊന്നിനിൽക്കുന്ന മതാത്മകതയിൽ അഭയം പ്രാപിക്കുന്നത്. യേശു ശിഷ്യന്മാരെ കാണിച്ചു കൊടുത്ത പ്രകാശം ഉയിർപ്പിന്റെ മഹിമയുടെ ഒരുമുന്നാസ്വാദനം ആയിരുന്നു. 'അവിടത്തെ മാത്രം' അനുഗമിക്കുന്ന നമുക്ക് അതായിരിക്കണം നമ്മുടെ പ്രയാണത്തിന്റെ ലക്ഷ്യം. തപസ്സുകാലം ഉയിർപ്പുതിരുനാളിലേയ്ക്ക് നീങ്ങുന്നതാണ്. 'പിൻവാങ്ങൽ' (retreat) അതിൽത്തന്നെ ഒരുലക്ഷ്യമല്ല; അത് വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലും കർത്താവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും അനുഭവത്തിലേയ്ക്കും അങ്ങനെ ഉയിർപ്പിലേയ്ക്കും എത്തിച്ചേരാനുമായി നമ്മെ ഒരുക്കുന്ന ഒരു മാർഗമാണ്. സിനഡാത്മക സഞ്ചാരവും അപ്രകാരമുള്ളതാണ്. പ്രസ്തുത പാത

യിൽ ദൈവം നമുക്ക് കൂട്ടായ്മയുടേതായ ശക്തമായ അനുഭവങ്ങൾ പ്രധാനംചെയ്യുന്ന കൃപാവരങ്ങൾ നല്കിയാൽത്തന്നെയും നാം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു എന്ന് കരുതാൻ പാടില്ല; അവിടെയും കർത്താവു നമ്മോട് ആവർത്തിക്കുന്നു, 'എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ട.' ആകയാൽ, നമുക്ക് താഴേയ്ക്ക്, സമതലത്തിലേയ്ക്ക്, ഇറങ്ങാം; നമുക്ക് അനുഭവവേദ്യമായ കൃപാവരം നമ്മുടെ സമൂഹങ്ങളിൽ സാധാരണ ജീവിതത്തിലെ 'സിനഡാത്മകതയുടെ ശില്പികളാകാൻ' നമ്മെ ശക്തിപ്പെടുത്തട്ടെ.

പ്രിയ സഹോദരീസഹോദരന്മാരേ, ഈ തപസ്സുകാലത്ത് യേശുവിനോടൊത്തു ദൈവാനുഭവത്തിന്റേ മലകയറുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യട്ടെ. അതുവഴി നാം അവിടത്തെ ദൈവികശോഭ അനുഭവിച്ചറിയുകയും അങ്ങനെ വിശ്വാസത്തിൽ ഉറപ്പിക്കപ്പെട്ട് തന്റെ ജനത്തിന്റെ മഹത്വവും ജനതകളുടെ പ്രകാശവുമായ അവിടത്തോടൊപ്പമുള്ള നമ്മുടെ സഞ്ചാരത്തിൽ നാം നിലനില്ക്കുകയും ചെയ്യുമാറാകട്ടെ.

വിശുദ്ധ പൗലോസിന്റെ മാനസാന്തരത്തിന്റെ തിരുനാളായ ജനുവരി 25-ാം തീയതി റോമായിലെ വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്കയിൽവച്ചു നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാസഭയുടെ ആസ്ഥന കാര്യാലയം
പി.ഒ.സി. കൊച്ചി - 682025

# നോമ്പുകാലം -

## മാനസാന്തരത്തിന്റെയും പാപപ്പരിഹാര പ്രവൃത്തി കളുടെയും തീർത്ഥാടനത്തിന്റെയും കാലം

പ്രിയ സഹോദരീ സഹോദരന്മാരേ,

ഈശോയുടെ പെസഹാ രഹസ്യങ്ങൾ ആഴത്തിൽ ധ്യാനിച്ചു കൊണ്ട് ആത്മവിശുദ്ധീകരണത്തിനും പരസ്നേഹപ്രവൃത്തികൾക്കും പരിഹാരകർമ്മങ്ങൾക്കും സവിശേഷമായ ഊന്നൽ നൽകുന്ന അനുഗൃഹീതമായ നോമ്പുകാലത്തിലേയ്ക്ക് നാം ഏവരും പ്രവേശിച്ചിരിക്കുകയാണല്ലോ.

കർത്താവ് നമ്മെ ഓരോരുത്തരെയും മാനസാന്തരത്തിലേയ്ക്കു സ്നേഹപൂർവ്വം ക്ഷണിക്കുകയാണ്. ''സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ'' (മർക്കോ. 1:15) ഹൃദയത്തിന്റെ പരിവർത്തനവും കർത്താവിന്റെ പക്കലേയ്ക്കുള്ള തിരിയലും ആണ് മാനസാന്തരം (മെത്തനോയിയ) ലക്ഷ്യമാക്കുന്നത്. ഈശോ പ്രഘോഷിച്ച സുവിശേഷത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ജീവിതങ്ങളെ പരിശോധിക്കുമ്പോൾ ദൈവവുമായും സഹോദരങ്ങളുമായും പ്രപഞ്ചവുമായും നമുക്കുണ്ടായിട്ടുള്ള ബന്ധത്തകർച്ചകളെ മനസ്സിലാക്കുവാനും അവയെ പരിഹരിക്കുവാനും നമുക്കു കഴിയും.

വളരെ പ്രത്യേകതയുള്ള ഒരു കാലഘട്ടത്തിലാണു നമ്മൾ ജീവിക്കുന്നത്. തിന്മയുടെ വലിയ സ്വാധീനം എല്ലാ മേഖലകളെയും ബാധിച്ചിരിക്കുന്നു. വ്യക്തിപരമായജീവിതത്തിലും സഭാജീവിതത്തിലും സാമൂഹിക രംഗങ്ങളിലും തിന്മകൾ വളരുകയാണ്. മുതിർന്നവരും യുവജനങ്ങളും കൊച്ചുകുട്ടികളും എല്ലാം തിന്മയുടെ സ്വാധീനത്തിന് വിധേയരാകുന്നു. നമ്മുടെ പാപങ്ങൾക്കുവേണ്ടി കാൽവരിയിൽ സ്വയം ബലിയർപ്പിച്ച ഈശോയിലേയ്ക്ക് പിന്തിരിയുകയും അവിടുത്തെ കുരിശിൽ ജീവിതത്തെ ചേർത്തു വയ്ക്കുകയും ചെയ്താൽ മാത്രമേ നമുക്ക് തിന്മയെ ജയിക്കാനാവൂ. ''നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി.

അത് നാം പാപത്തിനു മരിച്ച് നീതിക്കായി ജീവിക്കേണ്ടതിനാണ്. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു.'' (1 പത്രോ. 2:24).

നമ്മുടെ ജീവിതം ക്ഷണികമാണ്. നമ്മുടെ ജീവിതത്തിൽ കഴിഞ്ഞുപോയ വർഷങ്ങളെപ്പറ്റി നാം ധ്യാനപൂർവ്വകമായി വിലയിരുത്തുകയാണെങ്കിൽ നമുക്ക് കൃപാസമൃദ്ധിയുടെ ഈ നോമ്പുകാലം ദാനമായി ലഭിച്ചത് ദൈവത്തിന്റെ അനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണ്. എത്രയോ പേർ - അതിൽ നമ്മുടെ പരിചയക്കാരും പ്രിയപ്പെട്ടവരും എല്ലാമുണ്ട് - രോഗവും, പ്രായാധിക്യവും, അപകടങ്ങളും, യുദ്ധവും, പട്ടിണിയും മൂലം മൃതിയടഞ്ഞു. വിഭൂതി ദിനത്തിൽ നാം ആലപിക്കാറുണ്ട് : ''മനുഷ്യാ നീ മണ്ണാകുന്നു. മണ്ണിലേക്കു മടങ്ങും നൂനം.'' അതിനാൽ, അനുതാപ കണ്ണുനീർ കൊണ്ട് നമുക്ക് പാപപരിഹാരം ചെയ്യാം. നമ്മുടെയൊക്കെ ജീവിതങ്ങൾ പാപത്തിന്റെ കറ പുരണ്ടതാണെന്ന സത്യം അനുസ്മരിച്ചുകൊണ്ട് ഈശോയുടെതിരുരക്തത്താൽ ഹൃദയങ്ങളെ കഴുകി പരിശുദ്ധി ഉള്ളവരായി ജീവിക്കുവാൻ നമുക്ക് ഈ കാലഘട്ടത്തിൽ പരിശ്രമിക്കാം. ''നിങ്ങളുടെ പഴയ ജീവിത രീതിയിൽ നിന്നും രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ. നിങ്ങൾ മനസ്സിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെടട്ടെ. യഥാർഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ'' (എഫേ. 4:22-24).

നമ്മുടെ ഓരോരുത്തരുടെയും വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും മാനസാന്തരാനുഭവം ഉണ്ടാകണം. ഭാര്യാ ഭർത്തൃ ബന്ധങ്ങളിലെ വിള്ളലുകൾ പരിഹരിക്കണം. സഭാത്മക ജീവിതത്തിൽ ഉണ്ടായിട്ടുള്ള തളർച്ച മാറ്റണം. നാമേവരും ക്രിസ്തുവിൽ പണിതുയർത്തപ്പെടണം. ദുശ്ശീലങ്ങൾ ഉപേക്ഷിക്കുക, വ്യക്തിപരമായി വചനം വായിക്കുക, ത്യാഗങ്ങൾ അനുഷ്ഠിക്കുക, വിശുദ്ധ കുർബാനയിൽ പങ്കെടുക്കുക, അനുരഞ്ജന കൂദാശ ഒരുങ്ങി സ്വീകരിക്കുക എന്നിവയെല്ലാം സഭ നമുക്കു കാണിച്ചുതരുന്ന മാനസാന്തര വഴികളാണ്. കുടുംബാംഗങ്ങൾ അനുദിനം ഒന്നിച്ചുചേർന്ന് പ്രാർത്ഥിക്കുകയും പ്രായമായവരോടും രോഗികളോടും ദുർബലരോടും കൂടുതൽ പരിഗണന കാണിക്കുകയും വേണം. നമുക്ക് ഉണ്ടായിട്ടുള്ള ബന്ധത്തകർച്ചകൾ പരിഹരിക്കുന്നതിൽ നാം ഉത്സുകരാകണം. കർ

ത്താവിന്റെ കുരിശിന്റെ മുമ്പിലണഞ്ഞു നാം വിനയപൂർവ്വം ആത്മ പരിശോധന ചെയ്താൽ മാത്രമേ, ഈ തലങ്ങൾ നമുക്ക് വ്യക്തമാകുകയും, നമ്മിൽ യഥാർത്ഥ പരിവർത്തനം സംഭവിക്കുകയും ചെയ്യുകയുള്ളൂ. ''ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നൽകും; ഒരു പുതുചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും; നിങ്ങളുടെ ശരീരത്തിൽനിന്ന് ശിലാഹൃദയം എടുത്തുമാറ്റി മാംസളഹൃദയം നൽകും. എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും. നിങ്ങളെ എന്റെ കൽപനകൾ കാക്കുന്നവരും നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധയുള്ളവരുമാക്കും'' (എസെക്കി.36:26-27).

ഉപവി പ്രവൃത്തികളിൽ താൽപര്യപൂർവ്വം മുന്നേറാനുള്ള ഒരു കാലഘട്ടം കൂടിയാണ് നോമ്പുകാലം. നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണ്. ''ദാനമായി ലഭിച്ചതല്ലാതെ നിനക്കെന്തുണ്ട്? എല്ലാം ദാനം ആയിരിക്കെ ദാനം അല്ല എന്ന മട്ടിൽ എന്തിന് നീ അഹങ്കരിക്കുന്നു?'' (1 കൊറി. 4:7). നേട്ടങ്ങൾക്കും ലാഭത്തിനും വേണ്ടിയുള്ള അമിതമായ വ്യഗ്രതയും, ആർഭാടങ്ങൾക്കായുള്ള ധൂർത്തും, വാങ്ങിക്കൂട്ടുന്നതിനുള്ള സ്വാർത്ഥതയും മാറ്റിവച്ച് നമുക്കുള്ളത് ആവശ്യക്കാരുമായി പങ്കുവയ്ക്കുവാൻ നമുക്കു തയ്യാറാവാം. ഉപവിപ്രവർത്തനങ്ങൾ നമ്മെ കൂടുതൽ നല്ല മനുഷ്യരാക്കുന്നു. ക്രിസ്തു എന്റെ ഹൃദയത്തിൽ ഉണ്ട് എന്നതിന്റെ അടയാളമാണ് ഞാൻ ചെയ്യുന്ന പരസ്നേഹ പ്രവൃത്തികൾ എന്നത് നമുക്കു മറക്കാതിരിക്കാം. സമ്പന്നരെ ദൈവവചനം ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു. ''അവർ നന്മ ചെയ്യണം. സത്പ്രവൃത്തികളിൽ സമ്പന്നരും വിശാലമനസ്കരും ഉദാരമതികളും ആയിരിക്കുകയും വേണം'' (1തിമോ. 6:18). ഇന്നത്തെ ലോകത്തിൽ ധനികർ കൂടുതൽ ധനികരായി തീരുകയും ദരിദ്രർ അവഗണിക്കപ്പെടുകയും ചെയ്യുന്നുവെന്നത് ഏറ്റവും വേദനാജനകമായ ഒരു സത്യമാണ്. നോമ്പും പരിത്യാഗവും ഉപവാസവും വഴി നമുക്ക് മിച്ചം വയ്ക്കാവുന്ന ധനവും, വസ്തുക്കളും ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻഏവരെയും ഓർമ്മിപ്പിക്കട്ടെ.

ശരീരത്തിന്റെ താൽപര്യങ്ങളെയും ആസക്തികളെയും തൃപ്തിപ്പെടുത്തുന്നതാണ് യഥാർത്ഥ ആനന്ദമെന്ന തെറ്റായ ചിന്തയാണ് ഇന്നത്തെ കമ്പോളവും പരസ്യങ്ങളും മാധ്യമങ്ങളും അവതരിപ്പിക്കുന്നത്. യഥാർത്ഥവും നിലനിൽക്കുന്നതുമായ ആനന്ദം സുവി

ശേഷം നൽകുന്ന ജീവിത വീക്ഷണം നമുക്ക് നൽകുന്നു. ശരീരത്തെയും അതുവഴി മനസ്സിനെയും നിയന്ത്രിക്കുന്നതിന്റെ ഭാഗമായും പാപ പരിഹാര മാർഗമായും ഇഷ്ടപ്പെട്ട ഭക്ഷണ സാധനങ്ങളും ശീലങ്ങളും നാം വർജിക്കേണ്ടതുണ്ട്. നോമ്പും ഉപവാസവും ശരീരത്തിന്റെമേൽ വിജയം നേടുവാൻ നമ്മെ സഹായിക്കുന്ന മാർഗങ്ങളാണ്. ഇഷ്ടപ്പെട്ട ഭക്ഷണ സാധനങ്ങളുടെ വർജ്ജനം മാത്രമല്ല, ഇന്നത്തെ കാലഘട്ടത്തിൽ പ്രസക്തമായിട്ടുള്ളത്. ഡിജിറ്റൽ ഫാസ്റ്റിങ്ങും ഒരു അനിവാര്യതയാണ്. ഒന്നും നമ്മെ അടിമകളാക്കുവാൻ നാം അനുവദിക്കരുത് : ക്രൈസ്തവരായ നാം ഈശോ കാൽവരിയിൽ ചിന്തിയ തിരുരക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ''നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കുവാങ്ങപ്പെട്ടവരാണ്. ആകയാൽ, നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ'' (1 കൊറി: 6:20).

നോമ്പു കാലത്ത് നാം തീർത്ഥാടനങ്ങൾ നടത്താറുണ്ട്. ക്രൂശിതനായഈശോയെ ധ്യാനിച്ചുകൊണ്ട് അവിടുത്തെ പാത പിന്തുടരുന്നതാണ് ഓരോ തീർത്ഥാടനവും. ആദ്യ കാലഘട്ടങ്ങൾ മുതൽ തന്നെ ക്രൈസ്തവർ രക്തസാക്ഷികളുടെ കബറിടങ്ങളിലേയ്ക്ക് തീർത്ഥയാത്ര നടത്തുമായിരുന്നു. ജെറുസലേമിലേക്കുള്ള തീർത്ഥാടനവും ക്രമേണ വളർന്നുവന്നു. ഈ തീർത്ഥയാത്രകളിൽ അവർ ധ്യാനിച്ചിരുന്നത് ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും ആയിരുന്നു. ക്രൈസ്തവ വിശ്വാസത്തിന് സാക്ഷികളാകുന്നതിനും, പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനും ആവശ്യമായ കൃപയും ധൈര്യവും ലഭിക്കുന്നതിന് ഈ തീർത്ഥാടനങ്ങൾ അവരെ സഹായിച്ചിരുന്നു. ''അങ്ങയിൽ ശക്തി കണ്ടെത്തിയവർ ഭാഗ്യവാന്മാർ, അവരുടെ ഹൃദയത്തിൽ സീയോനിലേയ്ക്കുള്ള രാജവീഥികളുണ്ട്'' (സങ്കീ. 84:5). ഈ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലാണ് സഭയിൽ തീർത്ഥാടനങ്ങൾ വളർന്നു വന്നത്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും തീർത്ഥാടനങ്ങളും തീർത്ഥാടന കേന്ദ്രങ്ങളുമുണ്ട്. നോമ്പുകാലത്ത്, പ്രത്യേകിച്ച് ദു:ഖവെള്ളിയാഴ്ച നമ്മുടെ ഇടവകകളിൽ കുരിശുമലയിലേയ്ക്ക് തീർത്ഥാടനം നടത്തുന്നത് വലിയൊരു വിശ്വാസപ്രകടനമാണ്. സ്വന്തം വിശ്വാസത്തെ വർധിപ്പിക്കുന്നതിനും നമ്മുടെ വിശ്വാസം മറ്റുള്ളവർക്കു മുൻപിൽ സാക്ഷ്യമായി ഉയർത്തിക്കാട്ടുന്നതിനുള്ള മാർഗവുമാണിത്. ഓരോ ഇടവകയിലും വലിയ നോമ്പ് കാലത്തിലെ നിശ്ചിത ദിവസങ്ങളിലും ദു:ഖ വെള്ളി

യാഴ്ചയും ഇടവക ജനങ്ങൾ വികാരിയച്ചന്റെ നേതൃത്വത്തിൽ ഒന്നു ചേർന്ന് കുരിശിന്റെ വഴി ചൊല്ലിക്കൊണ്ട് ഭക്തിപൂർവം പരിഹാര പ്രദക്ഷിണങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം രൂപത എന്ന വലിയ കൂട്ടായ്മയുടെ ഭാഗമായി നാം ഒന്നിച്ചു നടത്തുന്ന തീർത്ഥാടനങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്.

നമ്മുടെ ഇടുക്കി രൂപതയിൽ ദൈവജനം രൂപതാദ്ധ്യക്ഷനോട് ചേർന്നു നടത്തുന്ന രണ്ട് പ്രധാന തീർത്ഥാടനങ്ങളാണ് എട്ട് നോമ്പിന്റെ അവസരത്തിലെ രാജകുമാരി തീർത്ഥാടനവും, വലിയ നോമ്പിൽ എഴുകുംവയൽ കുരിശുമല തീർത്ഥാടനവും. ഈ വലിയ നോമ്പു കാലത്തും, നോമ്പും പരിത്യാഗങ്ങളും അനുഷ്ഠിച്ച് കുരിശിന്റെ വഴി ചൊല്ലി എഴുകുംവയൽ കുരിശുമലയിലേയ്ക്കു തീർത്ഥാടനം നടത്തുവാൻ നിങ്ങളെ ഞാൻ ക്ഷണിക്കുകയാണ്. ഈ നോമ്പുകാലത്ത് പ്രത്യേകിച്ച്, അവസാനത്തെ രണ്ടാഴ്ചകളിൽ ഓരോ ഇടവകയിൽ നിന്നും ചെറുതും വലുതുമായ ഗ്രൂപ്പുകളായി ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ കാൽനടയായോ, വാഹനങ്ങളിലോ എഴുകുംവയൽ കുരിശുമല തീർത്ഥാടനം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. രൂപതാതലത്തിലുള്ള കാൽനട തീർത്ഥയാത്ര നാല്പതാം വെള്ളി മാർച്ച് 31 നാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി രൂപതയിലെ യുവജനങ്ങളോടൊപ്പമായിരുന്നു ഞാൻ ഈ തീർത്ഥാടനം നടത്തിയിരുന്നത്. എന്നാൽ ഈ വർഷം സാധിക്കുന്ന എല്ലാവരോടുമൊപ്പം കാൽനട തീർത്ഥാടനം നടത്തുവാൻ ആഗ്രഹിക്കുന്നു. ക്രമീകരണങ്ങളുടെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ഈ തീർത്ഥയാത്രയിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നത് ഈശോയിലുള്ള വിശ്വാസത്തെപ്രതി സഹിക്കേണ്ടി വന്നവരെയാണ്.

1. ക്രൈസ്തവ വിശ്വാസത്തിനു വേണ്ടി രക്തസാക്ഷിത്വം വരിച്ചവർ.
2. വിശ്വാസത്തെപ്രതി സഹനങ്ങൾ ഏൽക്കേണ്ടി വരുന്നവർ.
3. കഴിഞ്ഞകാലങ്ങളിൽ ഉണ്ടായ മതമർദ്ദനങ്ങൾക്ക് ഇരയായിത്തീർന്നവർ.
4. സുവിശേഷപ്രഘോഷണത്തിനായി സ്വയം സമർപ്പിച്ചവർ.

അതുപോലെ, ഈ നോമ്പ് കാലത്തു നാം ഏറ്റെടുക്കുന്ന പരിത്യാഗ പ്രവൃത്തികളിലും വിശിഷ്യാ, കുരിശിന്റെ വഴി ചൊല്ലി

ക്കൊണ്ട് നാം നടത്തുന്ന പരിഹാര പ്രദക്ഷിണങ്ങളിലും അനുസ്മരിക്കേണ്ട ചില പ്രത്യേക നിയോഗങ്ങൾ :

1. തീക്ഷ്ണതയുള്ള വൈദീകരെയും സമർപ്പിതരെയും ലഭിക്കുവാൻ.
2. കൂടുതൽ അല്മായർ സുവിശേഷ പ്രഘോഷകരായി മാറുവാൻ.
3. വൈദിക-സന്യാസ ജീവിതങ്ങളിലേയ്ക്ക് ധാരാളം നല്ല ദൈവവിളികൾ ഉണ്ടാകുവാൻ.
4. യുവതീയുവാക്കൾക്കും കുഞ്ഞുങ്ങൾക്കും അനുഗ്രഹം ലഭിക്കുവാൻ.
5. മദ്യം, മയക്കുമരുന്ന്, സാമ്പത്തിക ബാധ്യത, രോഗം എന്നിവ മൂലം ക്ലേശിക്കുന്ന കുടുംബങ്ങൾക്കായി.
6. സഭയിലെ ഭിന്നതകൾ അവസാനിപ്പിച്ച് ഏവരും അനുരഞ്ജന പാതയിലെത്തി സഭയെ ശക്തിപ്പെടുത്തുവാൻ.

ഈശോയുമായുള്ള ബന്ധത്തിൽ വളരുന്നതിനും പുണ്യപൂർണ്ണത പ്രാപിക്കുന്നതിനും വിശ്വാസത്തിൽ ആഴപ്പെട്ട് ഉത്ഥാനത്തിന്റെ സന്തോഷത്തിൽ പങ്കുകാരാകുന്നതിനും ഈ വലിയ നോമ്പാചരണം നമ്മെ സഹായിക്കട്ടെ.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരേയും ആശീർവദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്,

✠മാർ ജോൺനെല്ലിക്കുന്നേൽ

(മാർച്ച് 5-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വിശുദ്ധ കുർബാന മധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.)

C. 8. സർക്കുലർ

# നോമ്പുകാല സംഭാവന

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ വിശ്വാസജീവിതത്തെ ഉപവാസത്തിലൂടെയും പ്രാത്ഥനയിലൂടെയും ദാനധർമ്മത്തിലൂടെയും ആഴപ്പെടുത്തുവാൻ കഴിയുന്ന ഏറ്റവും അനുയോജ്യമായ കാലമാണല്ലോ നോമ്പുകാലം. ആത്മീയജീവിതത്തിന്റെ വസന്തകാലമാണിത്. ഈശോയുടെ രക്ഷാകര പദ്ധതിയുടെ മർമ്മപ്രധാനമായ സംഭവങ്ങൾ ആചരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്ന ഈ കാലഘട്ടം നമ്മുടെ ആത്മീയ ജീവിതം നവീകരിക്കുവാൻ ഏറ്റവും അനുയോജ്യമാണ്. വന്നുപോയ തെറ്റുകളെയോർത്ത് മനസ്തപിക്കുവാനും കുറവുകൾ പരിഹരിച്ച് നവീകരിക്കപ്പെട്ട ഹൃദയത്തോടെ ഉയിർപ്പ് തിരുനാളിന് ഒരുങ്ങുവാനും നമുക്കു പരിശ്രമിക്കാം.

പ്രാർത്ഥനയിൽ ദൈവത്തെ കണ്ടെത്തുവാനും അവിടുത്തോട് സ്നേഹസംഭാഷണം നടത്തുവാനും എല്ലാം പുതുതായി ആരംഭിക്കുവാനും ദൈവം നമുക്ക് വീണ്ടും അവസരങ്ങൾ നല്കുന്നു എന്നതാണ് നോമ്പുകാലത്തിന്റെ പ്രസക്തി. ''എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു, ജീവിക്കുന്ന ദൈവത്തിനുവേണ്ടിത്തന്നെ'' (സങ്കീ. 42:2) എന്ന സങ്കീർത്തന വചനം നോമ്പുകാലത്ത് നമ്മുടെ ആത്മാവിന്റെ അഭിലാഷമാകട്ടെ.പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി ആത്മീയ മനുഷ്യനെ ധരിക്കുവാൻ നമുക്ക് പരിശ്രമിയ്ക്കാം. ''വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതരെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ ഉപവാസം'' (ഏശയ്യ 58:7) എന്ന ഏശയ്യാ പ്രവാചകന്റെ ചോദ്യം നമ്മുടെ കാതുകളിൽ മുഴങ്ങണം.

ഈശോയുടെ ഉത്ഥാനം നമുക്ക് പ്രത്യാശയുടെയും കരുതലിന്റെയും സന്ദേശമാണു നലകുന്നത്. വർത്തമാന കാലഘട്ടത്തിൽ ഈ പ്രത്യാശയുടെ സന്ദേശത്തിന് വലിയ പ്രധാന്യമുണ്ട്. കോവിഡ് മഹാമാരിയെ അതിജീവിച്ച് നാം സാധാരണ ജീവിതക്രമത്തിലേയ്ക്ക് തിരിച്ചു വരുന്നതേയുള്ളു. എന്നാൽ വർദ്ധിച്ചുവരുന്ന വിലക്കയറ്റവും,

നാണ്യവിളകളുടെ വിലത്തകർച്ചയും, വന്യമൃഗങ്ങളുടെ ആക്രമണ വും നമ്മുടെ ജീവിതത്തെ പിന്നോട്ട് വലിക്കുന്നു. നാട്ടിലും പലരുടെയും വരുമാനമാർഗ്ഗങ്ങൾ നഷ്ടമായി. ചെറുകിട സംരംഭങ്ങൾ പലതും പ്രവർത്തനം അവസാനിപ്പിക്കുവാൻ നിർബന്ധിതമായി. കുട്ടികളുടെ വിദ്യാഭ്യാസംപോലും താറുമാറായി. സാമ്പത്തികമായി വലിയ പ്രതി സന്ധി രൂപപ്പെട്ടു. അങ്ങനെ എല്ലാ മേഖലകളിലും വലിയ അനിശ്ചി തത്വം നിലനിൽക്കുന്നു.

ഈ സാഹചര്യത്തിൽ നോമ്പുകാലം നല്കുന്ന സന്ദേശം കരുതലിന്റേതാണ്. മറ്റുള്ളവരുടെ ജീവിത പ്രതിസന്ധികളിൽ കരുത ലോടെ സമീപിക്കുവാൻ നമുക്കു കഴിയേണ്ടതുണ്ട്. വിശക്കുന്ന വർക്ക് അപ്പമായും, ഭവനരഹിതർക്ക് അഭയമായും, രോഗികൾക്ക് ലേപനമായും മാറുവാൻ നമുക്ക് കഴിയണം. "അപ്പോൾ നിന്റെ വെ ളിച്ചം പ്രഭാതം പോലെ പൊട്ടി വിരിയും. നീ വേഗം സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുൻപിലും കർത്താവിന്റെ മഹത്വം നിന്റെ പി ന്നിലും നിന്നെ സംരക്ഷിക്കും. നീ നിലവിളിച്ചാൽ ഇതാ ഞാൻ എന്ന് അവിടുന്ന് ഉത്തരമരുളും" (ഏശയ്യ 58:8-9).

രൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവ ലപ്മെന്റ് സൊസൈറ്റിയോടു ചേർന്ന് ഇക്കഴിഞ്ഞ വർഷങ്ങളിൽ നാം ചെയ്ത ജീവകാരുണ്യ പ്രവർത്തനങ്ങളെല്ലാം അഭിമാനത്തോടെ ഞാൻ അനുസ്മരിക്കുന്നു. പ്രളയകാലത്തും കോവിഡ് കാലത്തും ഹൈറേ ഞ്ചിലെ സാധാരണ ജീവിതങ്ങൾക്ക് കരുതലാകുവാൻ നമുക്കു കഴി ഞ്ഞു. ഹൈറേഞ്ചിലെ സാധാരണക്കാരുടെ സമഗ്ര വളർച്ച ലക്ഷ്യം വച്ച് സൊസൈറ്റി എപ്പോഴും കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടി രിക്കുന്നു.

ഭവനനിർമ്മാണ സഹായം, ചെറുകിട തൊഴിൽ സംരംഭങ്ങൾ, തൊഴിൽ പരിശീലനം, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, വിവാഹ സഹായനിധി, ചികിത്സാ സഹായം തുടങ്ങി ഒട്ടനവധി ക്ഷേമപ്രവർ ത്തനങ്ങൾക്ക് സൊസൈറ്റി നേതൃത്വം നല്കിവരുന്നു. ഇത്തരം പ്രവർ ത്തനങ്ങളെല്ലാം ഭംഗിയായി നടത്താൻ കഴിയുന്നത് നിങ്ങളുടെ നിർ ലോഭമായ സഹായസഹകരണങ്ങൾ കൊണ്ടുമാത്രമാണ്. നിങ്ങ ളുടെ ഉദാരതയെ ഞാൻ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. സഹജീ വികൾക്ക് കരുതലാകാനുള്ള പരിശ്രമത്തിൽ നമുക്കും പങ്കാളിക

ളാകാം. ഓശാന ഞായറാഴ്ച എടുക്കുന്ന സ്തോത്രക്കാഴ്ച നാം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്.

ഈ ഓശാന ഞായറാഴ്ചയും ഉദാരമായി സംഭാവന ചെയ്യുകയും അങ്ങനെ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കുചേർന്നുകൊണ്ട് ഈ നോമ്പുകാലം അനുഗ്രഹപ്രദമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഉത്ഥിതനായ മിശിഹാ നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങളേവരേയും ആശീർവദിക്കുന്നു.

എന്ന്

✝ മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപതാ മെത്രാൻ.

(ഇക്കാര്യം മാർച്ച് 26 ഞായറാഴ്ച പള്ളിയിൽ അറിയിക്കേണ്ടതും ഓശാന ഞായറാഴ്ച എടുക്കുന്ന സ്തോത്രക്കാഴ്ച ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്.)

C. 9. സർക്കുലർ

# മദ്യവിരുദ്ധ ഞായർ, 2023 മാർച്ച് 12

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സന്ദേശം

വന്ദ്യ വൈദീകരേ, സന്യാസ സഹോദരങ്ങളെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

മാർച്ച് 12-ാം തീയതി കേരള കത്തോലിക്കാസഭ മദ്യവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണല്ലോ. മദ്യ-ലഹരി വിപത്തിനെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും ഫലപ്രദമായി നേരിടുവാനും അതിജീവിക്കാനും, മദ്യവിരുദ്ധ പ്രതിജ്ഞകളെടുക്കുവാനുമുള്ള ഒരു അവസരമാണ് ഈ ആചരണത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വലിയൊരു തിന്മയാണ് മദ്യവും രാസനിർമ്മിതമായ ലഹരിയുമെന്ന് എല്ലാവർക്കും അറിയാം. മദ്യവിരുദ്ധ സമിതി കഴിഞ്ഞ 25 വർഷമായി, മദ്യവിരുദ്ധസഭയും സമൂഹവുമെന്ന, ആപ്തവാക്യവുമായി പ്രവർത്തിച്ചു വരുന്നു.

സാമൂഹ്യതിന്മകളുടെ കാര്യത്തിൽ സാക്ഷര കേരളം മുൻപന്തിയിലാണ്. സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിനും മൂല്യച്യുതിക്കും മദ്യപാനവും ലഹരി ഉപയോഗവും മുഖ്യപങ്കുവഹിക്കുന്നു. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കാരണം കേരളത്തിന്റെ എല്ലാ കോണുകളും ഗുണ്ടാ സംഘങ്ങളും ലഹരി മാഫിയയും കയ്യടക്കിയിരിക്കുന്നു. ഇവിടെ നടക്കുന്ന കൊള്ളയും കൊലയും അനീതിയും അഴിമതിയും ആത്മഹത്യയും പെരുകുന്നതിന്റെ കാരണവും ഒരു പരിധിവരെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗമാണ്. ലഹരി മാഫിയക്കെതിരെ പോരാടാനുറച്ചുകൊണ്ട് ജില്ലാ, താലൂക്ക്, പഞ്ചായത്തു തലത്തിൽ സമിതികൾ രൂപീകരിച്ചും, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും സർക്കാർ നീങ്ങുകയാണ്. ഒരു വശത്ത് ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർധിപ്പിച്ചും, ബ്രൂവറികളും പഴവർഗങ്ങളിൽ നിന്ന് മദ്യം ഉല്പാദിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും അനുവദിച്ചും മുന്നേറുന്നു. മറുവശത്ത് ലഹരിമുക്തകേരള കാമ്പ

യിൻ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെമ്പാടും പ്രചരണത്തിന് സർക്കാർ നേതൃത്വം കൊടുക്കുന്നു. കേരളം ലഹരി മാഫിയയുടെ ഹബ്ബായി മാറിയിരിക്കുന്നുവെന്ന് സർക്കാർ തിരിച്ചറിഞ്ഞു. സോഷ്യൽ മീഡിയയുടെ വ്യാപക ഉപയോഗം മയക്കുമരുന്നിലേക്ക് യുവാക്കളെ ആകർഷിക്കാനും എളുപ്പത്തിൽ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. സർക്കാരിന് ഇച്ഛാശക്തിയുണ്ടെങ്കിൽ ഏതു മയക്കുമരുന്നു മാഫിയ യെയും അടിച്ചമർത്താനും ഉന്മൂലനം ചെയ്യാനും സാധിക്കും. വിവിധ രാഷ്ട്രീയ പാർട്ടികളും അവരുടെ പോഷകസംഘടനകളും ലഹരി ക്കെതിരെ പോരാടുമെന്ന് പ്രതിജ്ഞ ചെയ്തിട്ടും ചിലർ ഒളിഞ്ഞും തെളിഞ്ഞും ലഹരിക്കച്ചവടം നടത്താനും മദ്യ-ലഹരികടത്തുകാരു മായി ചേർന്ന് നേട്ടമുണ്ടാക്കാനും നടത്തുന്ന ശ്രമങ്ങൾ പകൽപോലെ സത്യമാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 47-പ്രകാരം ദാരിദ്രത്തിനും കുറ്റകൃത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാക്കുന്നതിന്, എല്ലാ പൗരന്മാർക്കും കടമയുണ്ടെന്നും മദ്യവ്യാ പാരം ആരുടെയും അവകാശമല്ലെന്നും 1975-ൽ സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യവ്യവസായം ആരോഗ്യത്തിന് ഹാനി കരമായ വസ്തുക്കളുടെ വ്യാപാരമാണെന്ന് 1984-ൽ കേരള ഹൈക്കോടതിയും വിധിച്ചിട്ടുണ്ട്. മദ്യവിപണനവും നിർമ്മാണവും സർക്കാർ ഏറ്റെടുത്തു നടത്തുന്നത് കാപട്യമാണ്. മദ്യകുപ്പികളിൽ ആരോഗ്യത്തിനു ഹാനികരമാണെന്ന ലേബലൊട്ടിച്ചാണ് സർക്കാർ വിതരണം നടത്തുന്നത്. കേരളത്തിലെ ജയിലുകളിൽ കഴിയുന്ന ഭൂരി പക്ഷം തടവുകാരും മദ്യലഹരിയിൽ കൊലപാതകങ്ങളും മറ്റ് അക്ര മങ്ങളും നടത്തിയവരാണ്. റോഡപകടങ്ങളിൽ ഏറിയപങ്കും മദ്യല ഹരിക്കടിമപ്പെട്ടവരുടെയും മദ്യപിച്ച് വാഹനമോടിച്ചവരുടെയും ഇര കളായിട്ടുള്ളവരാണ്. മദ്യപിച്ചെത്തിയ പിതാവിന്റെ അക്രമണം ഭയന്ന് രാത്രി തോട്ടത്തിലൊളിച്ച നാലുവയസുകാരി പാമ്പുകടിയേറ്റ് മരണ പ്പെട്ട ദാരുണ സംഭവം ആരും മറക്കാനിടയില്ല. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്നും മദ്യവർജനമാണ് സർക്കാർ മദ്യനയമെന്നും വാഗ്ദാനം ചെയ്തു അധികാരത്തിൽവന്ന സർക്കാർ ഘട്ടം ഘട്ടമായി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന കാഴ്ചയാണ് നാം കാണുന്നത്. നാടുതകർന്നാലും സമൂഹം നശി ച്ചാലും സ്കൂൾകുട്ടികൾ ഉൾപ്പെടെയുള്ള യുവജനങ്ങൾ ലഹരിക്ക ടിമപ്പെട്ടാലും അക്രമം പെരുകിയാലും ഖജനാവ് നിറയ്ക്കണം എന്ന ചിന്ത ഒരു ജനാധിപത്യ സർക്കാർക്കാരിന് ഭൂഷണമല്ല.

ഒരുവശത്ത് ലഹരിവിരുദ്ധ ക്യാംപെയ്ൻ സംഘടിപ്പിക്കുകയും അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്നു വാഗ്ദാനം ചെയ്യുകയും മറുവശത്ത് യഥേഷ്ടം മദ്യം ഒഴുക്കുകയും അതിന് നേതൃത്വം കൊടുക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. അതീവ ഗുരുതരമായ സാമൂഹ്യപ്രശ്നത്തെ സൃഷ്ടിച്ചുകൊണ്ട് മനുഷ്യന്റെ സ്വൈര്യജീവിതം തകർക്കുന്ന മദ്യവ്യാപാരത്തിൻനിന്ന് സർക്കാർ പിന്മാറുവാൻ ആർജവത്തം കാട്ടണം. ബാല്യത്തിൽ തുടങ്ങുന്ന മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും യുവത്വത്തിലും തുടർന്നുള്ള ജീവിതകാലഘട്ടങ്ങളിലും മനുഷ്യനെ ഇരുണ്ടയുഗത്തിലേക്ക് നയിക്കും. കേരളത്തിൽ ആരോഗ്യവിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ സമഗ്ര സംഭാവന നല്കിയിട്ടുള്ള കേരളകത്തോലിക്കാസഭയ്ക്ക് ഈ നാടിനെ മദ്യത്തിൽനിന്നും ലഹരിയിൽ നിന്നും വിമുക്തമാക്കുകയെന്ന സുപ്രധാന ദൗത്യത്തിൽ നിന്ന് മാറിനില്ക്കാനാവില്ല. മോചനത്തിന്റെ സദ്‌വാർത്തയായി പുനരവതരിക്കുകയെന്നത് സഭയുടെ കർത്തവ്യമാണ്; കടമയാണ്. ആധുനിക സഭയുടെ പ്രവാചക സാന്നിധ്യമായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ആധുനിക സമൂഹത്തിലെ ഏറ്റവും മോശപ്പെട്ട മഹാമാരികളിൽ ഒന്നാണ് മദ്യാസക്തിയെന്ന ബോധ്യം മുൻകാലങ്ങളേക്കാൾ വ്യാപകമായിരിക്കുന്നു. ഈ തിരിച്ചറിവുതന്നെ ഏറ്റവും ശ്രേയസ്ക്കരമായ ഒന്നാണ്. എന്നാൽ, മുൻകാലങ്ങളെക്കാൾ അടിയന്തിരമായി കൂടുതൽ കൂട്ടായ പ്രവർത്തനം ഈ വിഷയത്തിൽ ആവശ്യമാണ്. ഈ പ്രശ്നം മനുഷ്യവ്യക്തിയെ ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ്. മാനവ കുടുംബത്തിലെ എല്ലാവരും മതവിശ്വാസങ്ങൾക്കതീതമായി, പ്രതീക്ഷയോടെ, ആത്മവിശ്വാസത്തോടെ ഗുരുതരവും വ്യാപകവുമായ മദ്യാസക്തി ഉയർത്തുന്ന ഭീഷണികളെ നേരിടാൻ മനുഷ്യന്റെ സഹായത്തിനെത്തുകയെന്നത് ഉന്നതമായ ഒരു വെല്ലുവിളിയാണ്. എന്നാൽ, നിങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഏകോപനങ്ങൾക്കുകൂടി കാരണമാകും (International Conference on the Scientific Social and Moral aspects of Alchololism, Friday 22$^{nd}$ June 1984).

മദ്യവിമുക്ത സമൂഹത്തിനുവേണ്ടി ലോകാരോഗ്യസംഘടന നിർദേശിച്ച ത്രിമാന പദ്ധതി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നടപ്പിലാക്കിവരുന്നു. ഡിമാന്റ് റിഡക്ഷൻ (മദ്യപിക്കുന്നവരുടെ എണ്ണം കുറയ്ക്കുക), സപ്ളൈ റിഡക്ഷൻ (ലഭ്യത കുറയ്ക്കുക), റിസ്ക്

റിഡക്ഷൻ (മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുക) എന്നിവയാണ് ത്രിമാന പദ്ധതികൾ. കേരള ജനസംഖ്യയിൽ നല്ല ശതമാനം ലഹരിക്കടിമപ്പെട്ടിരിക്കയാണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ ലഹരി ചികിത്സാകേന്ദ്രങ്ങൾ ഉള്ളത് കേരളത്തിലാണ്. 9 നും 12 നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾവരെ ലഹരിക്കും മദ്യത്തിനും അടിപ്പെട്ടരിക്കുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ പരിസരങ്ങളും സ്കൂളിനകവുംവരെ ലഹരി വിപണ സ്ഥലമായിരിക്കുന്നു. പുത്തൻ തലമുറ മദ്യത്തിൽനിന്ന് പുതുപുത്തൻ ലഹരി ഉപയോഗത്തിന്റെ പിടിയിലമർന്ന കാഴ്ചകൾക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്. കഴിഞ്ഞ ഒന്നര വർഷത്തിനകം ലഹരി വിമോചനകേന്ദ്രങ്ങളിൽ 21 വയസ് തികയാത്ത 3933 പേരാണ് ചികിത്സക്കെത്തിയത്. ഇതിൽ 40 ശതമാനം പേർ 18 വയസ് തികയാത്തവരും. ഈ പരിതാപകരമായ സാഹചര്യത്തിൽ കാരിത്താസ് ഇൻഡ്യാ കേരളത്തിലേക്ക് 'സജീവം' എന്ന പേരിൽ ലഹരിക്കെതിരെ ഒരു പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നു. കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ പൂർണ്ണ പിൻതുണയോടെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി ചേർന്ന് ഈ പദ്ധതിക്ക് നേതൃത്വം നല്കുന്നു. മദ്യവിമുക്ത സഭയും സമൂഹവുമെന്ന ലക്ഷ്യം നേടിയെടുക്കാനുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് എല്ലാവരുടെയും സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സ്കൂൾ കോളേജ് തലത്തിലും വിശ്വാസ പരിശീലനക്ലാസുകൾ, മതാധ്യാപകർ, യുവജനങ്ങൾ തുടങ്ങിയ വിവിധ ശുശ്രൂഷ മേഖലകളിലുള്ളവരെ ഉൾപ്പെടുത്തിയാണ് ബോധവൽക്കരണ ക്ലാസു നടത്തുന്നത്.

മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്കും വികസനത്തിനും തടസമായ മദ്യാസക്തിയും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവും സൃഷ്ടി ക്കുന്ന മരണസംസ്ക്കാരത്തിൽ നിന്ന് നാടിനെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. ലഹരിക്കെതിരായ പോരാട്ടത്തിൽ സ്വീകരിക്കേണ്ട അജപാലന മനോഭാവങ്ങൾ ഏറെ പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ക്രൈസ്തവസ്നേഹത്തിലൂടേയും കാരുണ്യത്തോടെയും ബോധവൽക്കരണ ചികിത്സാ മാർഗങ്ങളിലുടേയും പുതിയ ജീവിതത്തിലേക്ക് തിരികെ എത്തിക്കുവാൻ നമുക്കേവർക്കും കടമയുണ്ട്. 1996-ൽ ആരംഭിച്ച കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇപ്പോൾ രജത ജൂബിലി നിറവിലാണ്. കഴിഞ്ഞ 25 വർഷം ഈ സമിതിയെ

നയിച്ച അഭിവന്ദ്യ പിതാക്കന്മാരേയും വൈദിക ശ്രേഷ്ഠരേയും അത്മായ സഹോദരങ്ങളെയും നന്ദിപൂർവ്വം ഒർക്കുന്നു. കേരളത്തിലെ മദ്യവ്യാപരത്തിനെതിരെ സന്ധിയില്ലാ സമരം നടത്തുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രഥമ ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവും മദ്യവിപത്തിനെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും, അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തച്ചേരിൽ പിതാവും അഭിവന്ദ്യ റമിജിയൂസ് ഇഞ്ചനാനിയൽ പിതാവും ഈ സമിതിക്ക് ധീരമായ നേതൃത്വം കൊടുത്തവരാണ്.

മദ്യവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ദൈവത്തിലാശ്രയിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകാം. ഓരോ ഇടവകയിലും സ്ഥാപനങ്ങളിലും മദ്യവിരുദ്ധ ഞായർ അർഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 12-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി)

**ബിഷപ്പ് ക്രിസ്തുദാസ് ആർ.**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

കേരള കത്തോലിക്കാസഭയുടെ ആസ്ഥന കാര്യാലയം
പി.ഒ.സി. കൊച്ചി - 682025

N.B.: ഈ സർക്കുലർ 2023 മാർച്ച് 12-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

C. 10. സർക്കുലർ

# യാമപ്രാർഥനകൾ

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയസഹോദരീസഹോദരന്മാരേ,

2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതൽ, നവീകരിച്ച യാമപ്രാർഥനക്രമം ഔദ്യോഗികമായി നിലവിൽ വരുന്നതിനെക്കുറിച്ചു കഴിഞ്ഞ സിനഡ് അനന്തര സർക്കുലറിൽ (Prot. No. 0029/2023) സൂചിപ്പിച്ചിരുന്നല്ലോ. അതിന്റെ പശ്ചാത്തലത്തിൽ നവീകരിച്ച യാമപ്രാർഥനക്രമത്തെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും ഏതാനും കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

**യാമപ്രാർഥനകൾ**

വിശുദ്ധ കുർബാനയുടെ ചൈതന്യം ദിനരാത്രങ്ങളുടെ വിവിധ യാമങ്ങളിലേക്കു വ്യാപിപ്പിക്കാനും ദൈവസ്തുതികൾ ആലപിച്ചുകൊു നമ്മുടെ ജീവിതം വിശുദ്ധീകരിക്കാനും സഹായിക്കുന്ന യാമപ്രാർഥനകൾ സഭയിൽ ആധ്യാത്മികശക്തിയുടെ നീർച്ചാലുകളായി നിലകൊള്ളുന്നു. പോൾ ബഡ്ജാൻ എന്ന ലാസറിസ്റ്റ് വൈദികൻ മൂന്നു വാല്യങ്ങളായി 1886, 1887 വർഷങ്ങളിൽ എഡിറ്റുചെയ്ത സുറിയാനി ഭാഷയിലുള്ള യാമപ്രാർഥനപ്പുസ്തകങ്ങൾ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം 1939-ൽ സീറോമലബാർ, കൽദായ സഭകളുടെ ഉപയോഗത്തിനായി പ്രസിദ്ധീകരിച്ചിരുന്നു. 1953-ൽ കേരളം സന്ദർശിച്ച പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ കർദിനാൾ യൂജിൻ ടിസറാങിന്റെ നിർദേശപ്രകാരം സുറിയാനി യാമപ്രാർഥനപ്പുസ്തകങ്ങൾ മലയാളഭാഷയിലേക്കു വിവർത്തനം ചെയ്യാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. 1973-ൽ ചേർന്ന സീറോമലബാർ ബിഷപ്സ് കോൺഫറൻസ് (SMBC) മലയാളത്തിൽ യാമപ്രാർഥനപ്പുസ്തകങ്ങൾ തയ്യാറാക്കുന്നതിനു തീരുമാ

നമെടുത്തു. അതിനായി രൂപീകരിച്ച ലിറ്റർജിക്കൽ കമ്മിറ്റി തയ്യാറാക്കിയ പുസ്തകം 'സീറോമലബാർസഭയുടെ യാമപ്രാർഥനകൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ചത് 1986-ൽ ആണ്. എന്നാൽ, 1986-നു മുമ്പ് 'കാനോന നമസ്കാരം' എന്ന പേരിൽ മൂന്നു വാല്യങ്ങളിലായി സുറിയാനി യാമപ്രാർഥനകളുടെ ചില ഭാഗങ്ങൾ തിരഞ്ഞെടുത്തു മലയാളത്തിലേക്കു വിവർത്തനംചെയ്തു വൈദികരുടെയും സമർപ്പിതരുടെയും ഉപയോഗത്തിനായി നല്കിയിരുന്നു. ഈ രണ്ടു പുസ്തകങ്ങളിലും സുറിയാനിയിലുള്ള യാമപ്രാർഥനകളുടെ ഘടന ഒരു പരിധിവരെ നിലനിറുത്തിയിരുന്നുവെങ്കിലും അവയിൽ മൂലകൃതിയുടെ തനിമ വേണ്ടത്ര സംരക്ഷിക്കാൻ സാധിച്ചിരുന്നില്ല. എല്ലാ കാലങ്ങളിലെയും എല്ലാ ദിവസങ്ങളിലെയും തിരുനാളുകളിലെയും പ്രാർഥനകളും ഗീതങ്ങളും പരിമിതമായി മാത്രമേ അവയിൽ ചേർത്തിരുന്നുള്ളു. തന്മൂലം, പൗരസ്ത്യസുറിയാനി പാരമ്പര്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട് ആവശ്യമായ നവീകരണത്തോടുകൂടെ പുതിയ യാമപ്രാർഥനപുസ്തകം തയ്യാറാക്കാൻ സീറോമലബാർ സിനഡ് 2007-ൽ തീരുമാനിച്ചു.

2014 ആഗസ്റ്റ് മാസത്തിലെ സിനഡുസമ്മേളനം യാമപ്രാർഥനപുസ്തകത്തിന്റെ നവീകരണവുമായി മുന്നോട്ടുപോകാൻ ലിറ്റർജി കമ്മീഷനോടു നിർദേശിച്ചു. കൂടാതെ, യാമപ്രാർഥനപ്പുസ്തകത്തിന്റെ ആഘോഷപൂർവകമായ ക്രമത്തിന്റെയും ഹ്രസ്വരൂപത്തിന്റെയും പൊതുഘടന സിനഡ് അംഗീകരിച്ചുനല്കി. എട്ടു മെത്രാന്മാരുടെ ഒരു സ്പെഷ്യൽ കമ്മിറ്റിയെ യാമപ്രാർഥനപ്പുസ്തകത്തിന്റെ പരിശോധനയ്ക്കായി സിനഡു തിരഞ്ഞെടുക്കുകയും ചെയ്തു. സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി ഒരു സബ്കമ്മിറ്റിയെ നിയോഗിക്കുകയും സുറിയാനി ഉറവിടങ്ങളിൽനിന്നു പ്രാർഥനകൾ വിവർത്തനം ചെയ്യാൻ നിർദേശിക്കുകയും ചെയ്തു. തുടർന്നു, വിവർത്തനങ്ങളെ ആധാരമാക്കിയും സുറിയാനി ഉറവിടങ്ങൾ പരിശോധിച്ചുനോക്കിയും പ്രാർഥനകളും ഗീതങ്ങളും രൂപീകരിച്ചു. ഇപ്രകാരം സബ്കമ്മറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് എല്ലാ രൂപതകളിലെയും വൈദികരുടെ പ്രതിനിധികളും സന്ന്യസ്ത, അല്മായ പ്രതിനിധികളും ദൈവശാസ്ത്ര, ആരാധനക്രമപണ്ഡിതരും ഉൾക്കൊള്ളുന്ന സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി വിശദമായി പഠിച്ചു. കൂടാതെ, സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗങ്ങൾ അനേകം പ്രാവശ്യം സഭയുടെ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഒരുമിച്ചുകൂടി നവീ

കരിച്ച പ്രാർഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തി ഭാഷാശുദ്ധി വരുത്തുകയും ചെയ്തു. മെത്രാന്മാരുടെ സ്പെഷ്യൽ കമ്മിറ്റി നിരവധി പ്രാവശ്യം സമ്മേളിച്ചു പ്രാർഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗീകരിച്ച ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ നിർദേശിച്ചു. ഇങ്ങനെ നവീകരിച്ച യാമപ്രാർഥനപുസ്തകം 2022 ആഗസ്റ്റ് 16 മുതൽ 25 വരെ നടന്ന മുപ്പതാം സിനഡിന്റെ രണ്ടാം സമ്മേളനത്തിൽ അംഗീകരിച്ചു. വീണ്ടും എന്തെങ്കിലും നിർദേശങ്ങളുണ്ടെങ്കിൽ, അവ 2022 ഒക്ടോബർ 30 നു മുമ്പ് ആരാധനക്രമകമ്മീഷനിൽ അറിയിക്കാനായി, യാമപ്രാർഥനപുസ്തകത്തിന്റെ ആഘോഷപൂർവകമായ ക്രമത്തിന്റെയും ഹ്രസ്വരൂപത്തിന്റെയും ഡ്രാഫ്റ്റ് എല്ലാ മെത്രാന്മാർക്കും സമർപ്പിതസമൂഹങ്ങളുടെ സുപ്പീരിയർമാർക്കും അയച്ചുകൊടുത്തു. അവർ നല്കിയ നിർദേശങ്ങൾ സ്പെഷ്യൽ കമ്മിറ്റി പരിശോധിച്ചശേഷം ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് നവീകരിച്ച യാമപ്രാർഥനകൾ 2023 ജനുവരി ദനഹാത്തിരുനാളിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

**യാമപ്രാർഥനകളുടെ ചൈതന്യത്തിലേക്ക്**

യാമപ്രാർഥനകളിലെ ഗീതങ്ങളുടെയും പ്രാർഥനകളുടെയും പ്രഥമമായ അടിസ്ഥാനം ദൈവവചനം തന്നെയാണ്. ഒപ്പം, വിശുദ്ധരായ സഭാപിതാക്കന്മാർ ദൈവവചനത്തിനു നല്കിയ വ്യാഖ്യാനങ്ങളും ധ്യാനചിന്തകളും അതിൽ നിറഞ്ഞുനില്ക്കുന്നുണ്ട്. അതുകൊണ്ടു തന്നെ ദൈവവചനത്തിന്റെ ആഘോഷമാണ് യാമപ്രാർഥനകൾ എന്നു മനസിലാക്കാൻ കഴിയും. ഈ യാമപ്രാർഥനകളിലൂടെ ദൈവവചനം കൂടുതൽ ധ്യാനിക്കാനും വചനബദ്ധമായ ജീവിതം നയിക്കാനും നമ്മെ സഹായിക്കുമെന്നതു നിസ്തർക്കമാണ്. സഭയുടെ മനസ്സോടുചേർന്നു ദൈവവചനം ഉൾക്കൊള്ളാനും അതിന്റെ വ്യാഖ്യാനങ്ങളെ മനസിലാക്കാനും യാമപ്രാർഥനകൾ നമ്മെ സഹായിക്കും. ആരാധനാവത്സരത്തിലെ പ്രധാനപ്പെട്ട തിരുനാളുകൾ ഉൾപ്പെടെ, ഓരോ ദിവസത്തിന്റെയും പ്രത്യേകം പ്രത്യേകം പ്രാർഥനകൾ നവീകരിച്ച യാമപ്രാർഥനപുസ്തകത്തിലുണ്ട്. പ്രാർഥനകളുടെ വൈവിധ്യംമൂലം പുസ്തകത്തിന്റെ വലിപ്പം താരതമ്യേന കൂടിയിട്ടുണ്ടെങ്കിലും അനുദിനപ്രാർഥനകളുടെ സമയദൈർഘ്യം കൂടുന്നില്ല. കൂടുതൽ ആഘോഷപൂർവകമായക്രമവും സാധാരണക്രമവും ഉൾക്കൊ

ള്ളുന്ന ഈ പ്രാർഥനപ്പുസ്തകം മാത്രമല്ല, യാത്ര പോലെയുള്ള പ്രത്യേകസന്ദർഭങ്ങളിൽ ഉപയോഗിക്കാനായി യാമപ്രാർഥനയുടെ ഹ്രസ്വരൂപവും സിനഡ് അംഗീകരിച്ചു നല്കിയിട്ടുണ്ട്.

നമ്മുടെ സഭയുടെ പാരമ്പര്യത്തിൽ ഏഴുനേരത്തേക്കുള്ള യാമപ്രാർഥനകളുണ്ട്. എന്നാൽ ഇപ്പോൾ സിനഡു തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്നതു പ്രധാനപ്പെട്ട മൂന്നു യാമപ്രാർഥനകളാണ്. സന്ധ്യാനമസ്കാരമായ റംശാ, രാത്രിജപമായ ലെലിയാ, പ്രഭാതപ്രാർഥനയായ സപ്രാ എന്നിവയാണവ. ഈ മൂന്നു പ്രാർഥനകളാണ് ഔദ്യോഗികമായി നമ്മുടെ സഭയിൽ ഉപയോഗത്തിലുണ്ടായിരുന്നത്. അതുകൊണ്ടാണ് ആ പ്രാർഥനകൾ മൂലരൂപങ്ങളോടു കൂടുതൽ വിശ്വസ്തത പുലർത്തുന്ന വിധത്തിൽ നവീകരിച്ച് ഇപ്പോൾ സഭാമക്കളുടെ ഉപയോഗത്തിനു രണ്ടുവാല്യങ്ങളിലായി നല്കുന്നത്. മംഗളവാർത്തക്കാലം മുതൽ ഉയിർപ്പു കാലംവരെ ഉൾക്കൊള്ളുന്ന ഒന്നാം ഭാഗം മിശിഹാരഹസ്യകേന്ദ്രീകൃതമാണ്. സഭാരഹസ്യ ചിന്തകളാണ് ശ്ലീഹാക്കാലംമുതൽ പള്ളിക്കൂദാശക്കാലംവരെ ഉൾക്കൊള്ളുന്ന യാമപ്രാർഥനയുടെ രണ്ടാം വാല്യത്തിൽ നിറഞ്ഞുനില്ക്കുന്നത്. രണ്ടാംവാല്യം താമസംവിനാ പ്രസിദ്ധീകരിക്കുന്നതാണ്. വിശ്വാസികൾ മുഴുവന്റെയും പ്രാർഥനയായ യാമപ്രാർഥനകൾ സഭയുടെ പ്രത്യേക നിയമമനുസരിച്ചു കത്തീഡ്രലുകളിലും മറ്റു ദൈവാലയങ്ങളിലും എല്ലാദിവസവും പ്രത്യേകിച്ചു ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും നടത്തണമെന്നു പൗരസ്ത്യ സഭാനിയമം (CCEO c. 199 §2) അനുശാസിക്കുന്നു. നവീകരിച്ച യാമപ്രാർഥനപുസ്തകം ഉപയോഗിച്ചു പ്രാർഥിക്കാൻ എല്ലാ വൈദികരോടും സമർപ്പിതരോടും അല്മായസഹോദരങ്ങളോടും ഞാൻ ആഹ്വാനംചെയ്യുന്നു. നോമ്പിന്റെ ചൈതന്യത്തിലേക്കു പ്രവേശിക്കാനൊരുങ്ങുന്ന നമ്മെ നല്ലവനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ! മിശിഹായുടെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ! കാരുണ്യവാനായ കർത്താവിനെ സ്തുതികളാലും സങ്കീർത്തനങ്ങളാലും നമുക്ക് ആരാധിക്കാം. കാക്കനാട് മൗണ്ട് സെന്റ്തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2023-ാം ആണ്ട് ഫെബ്രുവരി മാസം 5-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

## 2023 ഫെബ്രുവരി 12

# തിരുബാലസഖ്യദിനം

### കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

ആഗോള കത്തോലിക്കാ സഭ എല്ലാവർഷവും തിരുബാല സഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ച യാണ്. ഈ വർഷം അത് ഫെബ്രുവരി 12-ാം തീയതിയാണ്. കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാ സഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടന യാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസ കളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തു കയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹ ത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാന ത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങ ളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എ പ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായ ത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്കാ 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ

വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക. ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. കുടുംബത്തിൽ എപ്പോഴും താത്വികമായ വിശ്വാസപ്രബോധനമല്ല നടക്കുന്നത്. മറിച്ച് അവിടെ പങ്കുചേരുന്ന, ജീവിക്കുന്ന വിശ്വാസമാണുള്ളത്. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. ‘സ്നേഹത്തിന്റെ ആനന്ദ’ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ ‘യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു’ (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെ കുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ ‘ആനന്ദിച്ച് ആഹ്ലാദിക്കുവിൻ’ മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാൻ ആണ് (14).

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച്, ടി.വി. യുടെയും സ്മാർട്ട് ഫോണിന്റെയും ഇവയൊക്കെയും സാങ്കേതിക തലത്തിൽ ഇവരുടെ ബുദ്ധി

വികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥ ലോകത്തേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതും മൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞു മക്കൾ സ്വയം പ്രദർശിപ്പിച്ച് ജന ശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും. കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകട മേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യ

മാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാ വിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാല സഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാല സഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിത ശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ  വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ,  ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽ പോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയു

ന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ബിഷപ്പ്  മാർ തോമസ് തറയിൽ**
ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികാർപ്പോസ്ഫദതബ**
വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ ആബിർ അന്റോണിസാമി**
വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

**ജനുവരി 2023**

23 LAR സന്യാസിനീ സഭാംഗമായ സിസ്റ്റർ ഷാനിയുടെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് ആശംസകൾ നേർന്നു.

* വി. വിൻസന്റ് പള്ളോട്ടിയുടെ തിരുനാളിൽ കുതിരക്കല്ല് പള്ളോട്ടിൻ സെമിനാരിയിൽ തിരുനാൾ ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

24 മുരിക്കാശ്ശേരി സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ സംഘടിപ്പിച്ച കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെ രൂപതാതല സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹ പ്രഭാഷണം നടത്തി.

25 തടിയമ്പാട് മാർ എഫ്രേംസ് മൈനർ സെമിനാരിയിൽവച്ച് ബ്രദർ ജേക്കബ് കളത്തിക്കാട്ടിൽ, ബ്രദർ ജോർജ് ഞാവള്ളിക്കുന്നേൽ എന്നിവർക്ക് മ്ശംശാന പട്ടം നൽകി.

* തങ്കമണി സെന്റ് തോമസ് സ്കൂളിന്റെ അദ്ധ്യാപക - രക്ഷകർതൃ ദിനാഘോഷത്തിലും അദ്ധ്യാപനത്തിൽ നിന്ന് വിരമിക്കുന്ന ബഹുമാനപ്പെട്ട ജെയിംസ് പാലയ്ക്കാമറ്റത്തിലച്ചന്റെയും മറ്റ് അദ്ധ്യാപകരുടെയും യാത്രയയപ്പ് സമ്മേളനത്തിലും അദ്ധ്യക്ഷപദം അലങ്കരിച്ചു സംസാരിച്ചു.

26 കരിമ്പനിൽ പുതുതായി ആരംഭിച്ച AGM ലാബിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

* അടിമാലി സെന്റ് ജൂഡ് ഇടവകാംഗമായ അറിഞ്ഞിടത്ത് ജോസഫ് - മേരി ദമ്പതികളുടെ മകൻ ദീപുവും പുതുശ്ശേരി റിസി - സെയ്ഫി ദമ്പതികളുടെ മകൾ ഗീതുവും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

* എസ് എച്ച് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിലെ പുതിയ ചാപ്പൽ കൂദാശ ചെയ്ത് വി. കുർബാനയർപ്പിച്ചു.

27 രൂപതാ കാര്യാലയത്തിൽ വച്ച് നടത്തിയ പ്രസ്ബിറ്ററൽ കൗൺസിലിൽ അദ്ധ്യക്ഷപദം അലങ്കരിച്ചു.

* ആനക്കുളം സെന്റ് ജോസഫ് ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശടിയുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിക്കുകയും തിരുനാൾ കൊടിയേറ്റി വി. കുർബാനയർപ്പിക്കുകയും ചെയ്തു.

28 പാലാർ സെന്റ് ജോർജ് ഇടവകയിൽ വി. കുർബാനയർപ്പിച്ച് പുതുതായി നിർമ്മിച്ച സിമിത്തേരി ചാപ്പലിന്റെ വെഞ്ചെരിപ്പു കർമ്മം നിർവഹിച്ചു.

* മുളകരമേട് ഇടവകാംഗമായിരുന്ന മരണമടഞ്ഞ മണ്ണൂക്കുളത്ത് നേഹ റോസിനുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 രാജകുമാരി സെന്റ് മേരീസ് സെൻട്രൽ സ്കൂളിന്റെ വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ച് പ്രഭാഷണം നടത്തി.

31-01 ആലുവ മംഗലപ്പുഴ സെന്റ് ജോസഫ്സ് മേജർ സെമിനാരിയിൽ വച്ച് നടന്ന സെമിനാരി കമ്മീഷൻ യോഗത്തിൽ സംബന്ധിച്ചു.

**ഫെബ്രുവരി 2023**

02 എസ്.എ.ബി.എസ്. ജയ്മാതാ പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

* മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജിന്റെ പത്താമത് കോളേജ് ഡേ യിൽ പങ്കെടുത്ത് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

* മുരിക്കാശ്ശേരി പാവനാത്മാ കോളേജ് പ്രിൻസിപ്പാൾ ഫാ. ബെന്നോ പുതിയാപറമ്പിലിന്റെ വത്സലപിതാവ് എം.എം. സ്കറിയായുടെ മൃതസംസ്കാര കർമ്മങ്ങൾക്ക് എഴുകുംവയൽ നിത്യസഹായമാതാ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

* സമർപ്പിത ദിനത്തിൽ മുളകുവള്ളിയിലെ സെന്റ് ജോസഫ് ബോയ്സ് ഹോമിൽ വി. ബലിയർപ്പിക്കുകയും തുടർന്ന് നടന്ന കുട്ടികളുടെ കലാപരിപാടികൾ കണ്ട് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

03 കൈലാസപ്പാറ വി. യൂദാതദേവൂസിന്റെ തീർത്ഥാടനകേന്ദ്രത്തിൽ തിരുനാൾ സമാപന ദിവസം വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

* രാജകുമാരി സെന്റ് മേരീസ് സെൻട്രൽ സ്കൂൾ ഡയറക്ടർ ബോർഡ് യോഗത്തിൽ പങ്കെടുത്തു.

04 മേരികുളം സെന്റ് ജോർജ് ഇടവക ദൈവാലയത്തിൽ വി. ഗീവർഗീസിന്റെയും പരി. കന്യകാമറിയത്തിന്റെയും വി. സെബസ്ത്യാനോസിന്റെയും സംയുക്ത തിരുനാൾ ആഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

* കരിമ്പൻ ബിഷപ്പ്സ് ഹൗസിൽ നടത്തിയ ഇടുക്കി രൂപത കെ.സി.ബി.സി. വനിതാ കമ്മീഷൻ പ്രതിനിധികളുടെയും എല്ലാ സംഘടനകളിലെയും വനിതാ പ്രതിനിധികളുടെയും യോഗത്തിൽ പങ്കെടുത്തു സംസാരിച്ചു.

05 വിവാഹജീവിതത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന മുതുകാട്ടിൽ കുര്യാച്ചൻ - ലൂസി ദമ്പതികൾക്കുവേണ്ടി വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വി. കുർബാനയർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

06-08 പൗരസ്ത്യ സഭകളെ സഹായിക്കുന്ന സംഘാടനയായ L' OEuvre d' Orient പ്രതിനിധികളായ ഡൊമിനിക് ബ്ലെട്രി ഇസബെല്ലാ ദമ്പതികളെ രൂപതാ കാര്യാലയത്തിൽ സ്വീകരിച്ചു.

09 പൊൻമുടി സെന്റ മേരീസ് ഇടവകാംഗമായ ശ്രീ. ബെന്നി വടക്കേപറമ്പിൽ പുതിയതായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചെരിപ്പ് കർമ്മം നിർവഹിച്ചു.

* വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ഇടവകയിൽ വച്ച് നടത്തപ്പെട്ട എല്ലാ ഇടവകകളിൽനിന്നുമുള്ള കൈക്കാരൻമാരുടെ യോഗത്തിൽ പങ്കെടുത്തു.

10 വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ഇടവകാംഗമായ വെളിയത്തുമാരിയിൽ സിജുവിന്റെ ഭവനത്തിൽ മരണമടഞ്ഞ മകൾ നയൻ മരിയ സിജുവിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

11 മുരിക്കാശ്ശേരിയിൽ വച്ച് നടന്ന ടീച്ചേഴ്സ് ഗിൽഡിന്റെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു അവാർഡ് ജേതാക്കളെ ആദരിച്ചു.

* നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വി. കുർബാന അർപ്പിക്കുകയും വെഞ്ചെരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

* തിരുഹൃദയ സന്യാസിനീ സമൂഹം നെടുങ്കണ്ടത്ത് പുതുതായി നിർമ്മിച്ച ബാലഭവൻ സന്ദർശിച്ചു.

12 ഭൂമിയാംകുളം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ഇടവകമദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

* കർമ്മലീത്താ സന്യാസിനീ സമൂഹാംഗമായിരുന്ന സി. ടെറസിറ്റ കാവുങ്കലിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് അടിമാലി സെന്റ് ജൂഡ് ടൗൺ പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

* ആയിരമേക്കർ സെന്റ് തോമസ് ദൈവാലയത്തിൽ നടന്ന രോഗീദിനാചരണത്തിൽ സന്ദേശം നൽകുകയും തുടർന്ന് നടന്ന രോഗസൗഖ്യ ശുശ്രൂഷയിലും ആരാധനയിലും പങ്കുചേരുകയും ചെയ്തു.

14 നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് നടന്ന വൈദികരുടെ സ്റ്റഡി ഫോറത്തിൽ പങ്കെടുത്തു.

* സന്യാസ ജീവിതത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന സി. ടെസോണ സി.എം.സി.ക്കുവേണ്ടി പൈനാവ് അമൽജ്യോതി കോൺവെന്റിൽ വി. ബലിയർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

15 പന്നിയാർകുട്ടി ഇടവകാംഗമായ കുന്നുംപുറത്ത് ബിനീഷിന് മരിയൻ ട്രസ്റ്റ് നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ വെഞ്ചെരിപ്പും താക്കോൽ ദാനകർമ്മവും നിർവഹിച്ചു.

17 സകല മരിച്ചവരുടെയും ഓർമ്മദിനത്തിൽ വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും മരിച്ചവർക്കുവേണ്ടിയുള്ള പ്രത്യേക കർമ്മങ്ങളും സിമിത്തേരി സന്ദർശനവും നടത്തി.

19 രാജാക്കാട് ക്രിസ്തുരാജാ ഫൊറോനാ ദൈവാലയത്തിൽ ഓസ്ട്രിയായിലെ ക്ലാഗൻഫുർട്ട് ഗുർഖ് രൂപതാ ബിഷപ്പ് ജോസഫ് മാർക്കറ്റ്സിന്റെ ഇടുക്കി രൂപതാ സന്ദർശനത്തിന്റെ ഭാഗമായി വി. ബലിയർപ്പിക്കുകയും അഭിവന്ദ്യ പിതാവിനോടൊപ്പം തിരുബാലസഖ്യ ദിനാഘോഷങ്ങളിൽ പങ്കുചേരുകയും ചെയ്തു.

20 വാഴത്തോപ്പ് സെന്റ് ജോർജ് ദൈവാലയത്തിൽ വിഭൂതി ദിനത്തിന്റെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

# BISHOP'S ENGAGEMENTS

**മാർച്ച് 2023**

02 ജോർദാനിയ മാമ്മോദീസ, ഇരട്ടയാർ

03 സ്കൂൾ വാർഷികം, രാജകുമാരി ഹോളി ക്വീൻസ്

04 സ്കൂൾ വാർഷികം, വെള്ളയാംകുടി

17 പോപ്പുലർ മിഷൻ, പൊൻമുടി

19 സിമിത്തേരി വെഞ്ചെരിപ്പ്, കുർബാന - കല്ലാർകുട്ടി

## C. 19/23 NEW APPOINTMENTS

| | |
|---|---|
| 1. Fr. Joseph Udayamparayil | - Vicar-in-Charge, Kozhimala |
| 2. Fr. Rinu Vayalipparambil CMI | - Assistant vicar, Koompanpara |
| 3. Fr. George Kaitholil | - Pastoral Work in Germany |
| 4. Fr. Kuriakose Arackattu | - Pastoral Work in USA |
| 5. Fr. James Ambazhathunkal | - Pastoral Work in Australia |

*Bishop*

## C. 20/23 തിരട്ട് വർദ്ധനവ്

രൂപതയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി ഇടവകകൾ നല്കുന്ന തിരട്ട് ഫീസ് 2022-23 സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിക്കുവാൻ നമ്മൾ നിർബന്ധിതരായിരിക്കുകയാണ്. ഓരോ ഇടവകയും നൽകേണ്ട തുക ബഹു. വികാരിമാരെ കത്തുവഴിയായി അറിയിച്ചിട്ടുണ്ട്. ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

*Bishop*

## C. 21/23 സെമിനാരി വിഹിതം

നമ്മുടെ രൂപതയിൽ നിന്ന് വൈദികപരിശീലനം നടത്തുന്ന വൈദികവിദ്യാർത്ഥികളുടെ പഠനത്തിനായുള്ള തുക കണ്ടെത്തേണ്ടത് പ്രധാനമായും നമ്മുടെ ഇടവകകളിൽ നിന്നാണല്ലോ. ഇക്കാര്യത്തിലേയ്ക്ക് എല്ലാ ഇടവകകളും (സ്റ്റേഷൻ പള്ളികൾ ഉൾപ്പെടെ) തങ്ങളുടെ വിഹിതം നൽകുവാൻ കടപ്പെട്ടവരാണ്.

2021-22 സാമ്പത്തിക വർഷത്തിൽ 56 ഇടവകകൾ മാത്രമാണ് തങ്ങളുടെ വിഹിതം നൽകിയിട്ടുള്ളത്. ഇനിയും പ്രസ്തുത തുക രൂപതാ കേന്ദ്രത്തിലെത്തിക്കാത്തവർ എത്രയും വേഗം അത് ഏല്പിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ ഓരോ ഇടവകയും നൽകേണ്ട തുക ബഹു. വികാരിമാരെ അറിയിച്ചിട്ടുണ്ട്.

*Bishop*

## C. 22/23 കരുണാ ആനിമേഷൻ സെന്റർ, നെടുങ്കണ്ടം

കരുണാ ആശുപത്രി സമുച്ചയം വിവിധ അജപാലന സാമൂഹിക പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്ന വിധത്തിൽ പുനഃക്രമികരിക്കുന്നതിന്റെ ഭാഗമായി നേഴ്സിംഗ് സ്കൂൾ പ്രവർത്തിച്ചിരുന്ന കെട്ടിടവും സമീപത്തുള്ള ഒരു ബ്ലോക്കും നവീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിനായി ഏകദേശം നാളിതുവരെ 85 ലക്ഷത്തോളം രൂപ ചെലവായിട്ടുണ്ട്. അതു മുഴുവൻ കടമായി നിൽക്കുകയാണ്.

നവീകരിച്ച ബ്ലോക്കുകൾ ഫെബ്രുവരി 11-ാം തീയതി മുതൽ വിവിധ അജപാലന പ്രവർത്തനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്.

*Bishop*

## C. 23/23 ദൈവകരുണയുടെ നിത്യാരാധനാ ചാപ്പൽ

കരുണാ ആനിമേഷൻ സെന്ററിൽ ദൈവകരുണയുടെ നിത്യാരാധനാ ചാപ്പൽ ക്രമികരിച്ചിട്ടുണ്ട്. ഞായർ ഒഴികെ എല്ലാ ദിവസവും വൈകുന്നേരം 6.30 ന് വി. കുർബാനയും ദൈവകരുണയുടെ നൊവേനയും ഉണ്ടായിരിക്കുന്നതാണ്. അവിടെ പ്രാർത്ഥിക്കുന്നതിനും കുമ്പസാരിക്കുന്നതിനും അവസരമുണ്ടായിരിക്കും. ബഹു. വൈദികർ ഇക്കാര്യം ഇടവകകളിൽ അറിയിക്കുമല്ലോ.

*Bishop*

## C. 24/23 മദ്യവിരുദ്ധ ഞായർ

മാർച്ച് പന്ത്രണ്ടാം തീയതി ഞായറാഴ്ച മദ്യവിരുദ്ധ ഞായറായി കേരളസഭ ആചരിക്കുകയാണല്ലോ. അന്നേ ദിവസം മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി പള്ളിയിൽ സ്തോത്രക്കാഴ്ച എടുക്കേണ്ടതാണ്.

*Bishop*

## C. 25/23 ഇടുക്കി രൂപതയുടെ സ്ഥാപന ദിനം

ഇടുക്കി രൂപതയുടെ സ്ഥാപന ദിനം മാർച്ച് 2-ാം തീയതിയാണല്ലോ. രൂപതയുടെ സർവ്വതോൻമുഖമായ വളർച്ചയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ 20 വർഷക്കാലം ദൈവം നമുക്കു തന്ന അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുവാൻ ബഹു. വികാരിയച്ചന്മാർ വിശ്വാസികളെ ഉദ്ബോധിപ്പിക്കുമല്ലോ.

*Proto Syncellus*

## C. 26/23 മൂറോൻ കൂദാശയും വൈദികരുടെ പൊതുമാസ ധ്യാനവും

2023 ഏപ്രിൽ 3-ാം തീയതി വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മൂറോൻ കൂദാശയും വൈദികരുടെ പൊതുമാസധ്യാനവും രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നടത്തുന്നതാണ്. എല്ലാ വൈദികരും ഇതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*Proto Syncellus*

## C. 27/23 Monthly Recollection for Priests

മാർച്ച് മാസത്തെ പഠന വിഷയം ഇടുക്കി രൂപതാ നിയമാവലി 284 മുതൽ 300 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto Syncellus*

## C. 28/23 എഴുകുംവയൽ തീർത്ഥാടനം

മാർച്ച് 31 നാൽപതാം വെള്ളിയാഴ്ച എഴുകുംവയൽ കുരിശുമലയിലേക്ക് രൂപതാതല നോമ്പുകാല തീർത്ഥാടനം നടത്തപ്പെടുന്നു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് കാൽനടയായി നടത്തപ്പെടുന്ന തീർത്ഥാടനത്തിൽ പങ്കെടുക്കാൻ ആളുകളെ ബഹുമാനപ്പെട്ട അച്ചന്മാർ പ്രോത്സാഹിപ്പിക്കുമല്ലോ. മറ്റ് ക്രമീകരണങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*Proto Syncellus*

## C. 29/23 വൈദികരുടെ പ്രാർത്ഥനാദിനം

രൂപതയുടെ ആത്മീയവളർച്ചയ്ക്കും വൈദികരുടെ വിശുദ്ധീകരണത്തിനുമായി നമ്മുടെ രൂപതയിലെ വൈദികർക്കായി പ്രാർത്ഥനാദിനം നടത്തുകയാണ്. മാർച്ച് 1 മുതൽ ആരംഭിക്കുന്ന ഈ പ്രാർത്ഥനായജ്ഞത്തിൽ എല്ലാ വൈദികരുടെയും പങ്കാളിത്തം പ്രതീക്ഷിക്കുന്നു. രാജകുമാരി തീർത്ഥാടന കേന്ദ്രത്തിലെ നിത്യാരാധന ചാപ്പലാണ് പ്രാർത്ഥനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന സ്ഥലം. ഓരോ വൈദികനുമുള്ള പ്രാർത്ഥനാദിനം തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ വരത്തക്കവിധമാണ് ക്രമീകരിക്കുന്നത്. രാവിലെ 10 മുതൽ വൈകിട്ട് 6 വരെയാണ് പ്രാർത്ഥനയുടെ സമയം. മാർച്ച് ഏപ്രിൽ മാസങ്ങളിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| Date | Day | NAMES |
|---|---|---|
| 01/03/23 | Wednesday | Fr. Jose Plachickal |
| 02/03/23 | Thursday | Fr. Abraham Purayattu |
| 03/03/23 | Friday | Fr. Philip Iykkara |
| 06/03/23 | Monday | Fr. Jacob Mangadampallil |
| 07/03/23 | Tuesday | Fr. Thomas Panjikunnel |
| 08/03/23 | Wednesday | Fr. Kuriakose Karackatt |
| 09/03/23 | Thursday | Fr. Joseph Nadupadavil |
| 10/03/23 | Friday | Fr. James Vattakunnel |
| 13/03/23 | Monday | Fr. Joseph Thachukunnel |
| 14/03/23 | Tuesday | Fr. Abraham Manimalakunnel |
| 15/03/23 | Wednesday | Fr. Martin Ponpanal |
| 16/03/23 | Thursday | Fr. Joseph Akkoottu |
| 17/03/23 | Friday | Fr. Joseph Alunkalthazhe |
| 20/03/23 | Monday | Fr. Luke Anikuzhikattil |
| 21/03/23 | Tuesday | Fr. Thomas Anikuzhikattil |
| 22/03/23 | Wednesday | Fr. Joseph Ayillukunnel |
| 23/03/23 | Thursday | Fr. Joseph Azhimughath |
| 24/03/23 | Friday | Fr. Jose Chemmarappillil |
| 27/03/23 | Monday | Fr. John Chenamchirayil |
| 28/03/23 | Tuesday | Fr. Johnson Cherukunnel |
| 29/03/23 | Wednesday | Fr. Mathew Cheruparambil |
| 30/03/23 | Thursday | Fr. Jose Chittadiyil |
| 10/04/23 | Monday | Fr. Mark Chittemariyil |
| 11/04/23 | Tuesday | Fr. Francis Chunayanmackal |
| 12/04/23 | Wednesday | Fr. Joseph Chunayanmackal |
| 13/04/23 | Thursday | Fr. Francis Edavakandam |

| | | |
|---|---|---|
| 14/04/23 | Friday | Fr. Abraham Erattachirayil |
| 17/04/23 | Monday | Fr. Sebastian Kaitharam |
| 18/04/23 | Tuesday | Fr. Thomas Kannamplackal |
| 19/04/23 | Wednesday | Fr. George Karinthel |
| 20/04/23 | Thursday | Fr. George Karivelickal |
| 21/04/23 | Friday | Fr. Jose Karivelickal |
| 24/04/23 | Monday | Fr. Mathew Karottukocharackal |
| 25/04/23 | Tuesday | Fr. Mathew Kattupalathu |
| 26/04/23 | Wednesday | Fr. Jose Kavunkal |
| 27/04/23 | Thursday | Fr. George Kayamkattil |
| 28/04/23 | Friday | Fr. George Kochithara |

**C. 30/23** **തിരുനാൾ ആശംസകൾ**

| | |
|---|---|
| റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ | മാർച്ച് 19 |
| റവ. ഫാ. ജോസ് ചിറ്റടിയിൽ | ” |
| റവ. ഫാ. ജോസഫ് കൈപ്പൻപ്ലാക്കൽ | ” |
| റവ. ഫാ. ജോസ് കരിവേലിക്കൽ | ” |
| റവ. ഫാ. ജോസഫ് കാവുങ്കൽ | ” |
| റവ. ഫാ. ജോസഫ് കട്ടക്കയം | ” |
| റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ | ” |
| റവ. ഫാ. ജോസ് കൊച്ചുപുരയ്ക്കൽ | ” |
| റവ. ഫാ. ജോസഫ് കൊല്ലക്കൊമ്പിൽ | ” |
| റവ. ഫാ. ജോസഫ് കുമരകത്തുകാലായിൽ | ” |
| റവ. ഫാ. ജോസ് കുന്നുംപുറം | ” |
| റവ. ഫാ. ജോസ് മാറാട്ടിൽ | ” |
| റവ. ഫാ. ജോസ് നരിതൂക്കിൽ | ” |
| റവ. ഫാ. ജോസഫ് പാലത്തിങ്കൽ | ” |
| റവ. ഫാ. ജോസഫ് പാറയ്ക്കൽ | ” |
| റവ. ഫാ. ജോസഫ് പാറക്കടവിൽ (Sr) | ” |
| റവ. ഫാ. ജോസഫ് പാറക്കടവിൽ (Jr) | ” |
| റവ. ഫാ. ജോസഫ് പൈമ്പള്ളിൽ | ” |

റവ. ഫാ. ജോസ് പ്ലാച്ചിക്കൽ ”
റവ. ഫാ. ജോസഫ് പൂവത്തിങ്കൽ ”
റവ. ഫാ. ജോസഫ് പുൽപ്പറമ്പിൽ ”
റവ. ഫാ. ജോസഫ് തച്ചുകുന്നേൽ ”
റവ. ഫാ. ജോസഫ് തേനമ്മാക്കൽ ”
റവ. ഫാ. ജോസഫ് വാഴയിൽ ”
റവ. ഫാ. ജോസഫ് വെളിഞ്ഞാലിൽ ”
റവ. ഫാ. ജോസഫ് മാവേലിക്കുന്നേൽ ”
റവ. ഫാ. ജോസഫ് പൗവ്വത്ത് ”
റവ. ഫാ. ജോസഫ് മേനംമൂട്ടിൽ ”
റവ. ഫാ. ജോസഫ് പൊരിമറ്റത്തിൽ ”
റവ. ഫാ. ജോസഫ് കാരിക്കൂട്ടത്തിൽ ”
റവ. ഫാ. ജോസഫ് കോയിക്കൽ ”
റവ. ഫാ. ജോസഫ് നടുപ്പടവിൽ ”
റവ. ഫാ. ജോസഫ് തൊട്ടിയിൽ ”
റവ. ഫാ. ജോസഫ് പാലക്കുടിയിൽ ”
റവ. ഫാ. ജോസഫ് തെങ്ങുംതോട്ടത്തിൽ ”
റവ. ഫാ. ജോസഫ് ചുനയംമാക്കൽ ”
റവ. ഫാ. ജോസഫ് അഴിമുഖത്ത് ”
റവ. ഫാ. ജോസഫ് പുതിയാപറമ്പിൽ ”
റവ. ഫാ. ജോസഫ് അക്കുറ്റ് ”
റവ. ഫാ. ജോസഫ് വെട്ടിക്കൽ ”
റവ. ഫാ. ജോസഫ് മാതാളിക്കുന്നേൽ ”
റവ. ഫാ. ജോസഫ് വെട്ടുകല്ലേൽ ”
റവ. ഫാ. ജോസഫ് കൊച്ചോഴത്തിൽ ”
റവ. ഫാ. ജോസഫ് കൊള്ളിക്കുളവിൽ ”
റവ. ഫാ. ജോസഫ് കുറ്റിക്കാട്ട് ”
റവ. ഫാ. ജോസഫ് ആയിലുക്കുന്നേൽ ”
റവ. ഫാ. ജോസഫ് വട്ടപ്പാറയിൽ ”
റവ. ഫാ. ജോസഫ് വരകിൽ ”
റവ. ഫാ. ജോസഫ് ഐക്കരപ്പറമ്പിൽ ”
റവ. ഫാ. ജോസഫ് ഉദയംപാറയിൽ ”
റവ. ഫാ. ജോസഫ് പുളിക്കകുന്നേൽ ”
റവ. ഫാ. ജോസഫ് മേക്കുന്നേൽ ”

റവ. ഫാ. ജോസഫ് താണോലിൽ ”
റവ. ഫാ. ജോസഫ് ഉമ്മിക്കുന്നേൽ ”
റവ. ഫാ. ജോസഫ് ആലുങ്കത്താഴെ ”
റവ. ഫാ. ജോസഫ് കല്ലുങ്കത്താഴെ ”
റവ. ഫാ. ജോസഫ് കൊച്ചുചേന്നാട്ട് ”
റവ. ഫാ. ജോസഫ് കുന്നേമുറിയിൽ OFM Cap. ”
റവ. ഫാ. ജോസഫ് കൂട്ടംകുടിയിൽ ”
റവ. ഫാ. ജോസഫ് ആനക്കല്ലിൽ MST ”
റവ. ഫാ. ജോസഫ് മരുതുംകുഴിയിൽ MST ”
റവ. ഫാ. ജോസഫ് പെരുമാനൂർ MST ”

*Bishop*

## C. 31/23 സാമ്പത്തിക കാര്യാലയം

2022-2023 ധനകാര്യവർഷം മാർച്ച് 31 ന് അവസാനിക്കുകയാണല്ലോ. ഓരോ ധനകാര്യ വർഷത്തെയും ഇടപാടുകൾ മാർച്ച് 31 ന് മുൻപായി തീർക്കണമെന്ന് നിർദ്ദേശങ്ങൾ എല്ലാവരും കൃത്യമായി പാലിക്കുവാൻ തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. 2022-2023 വർഷം മുതൽ ഓരോ ഇടവകയും നൽകേണ്ട ഫീസ് ഇതിനോടകം ഓരോ ഇടവകയിലും അറിയിച്ചിട്ടുണ്ടല്ലോ. നമ്മുടെ രൂപതയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുൻപോട്ട് നീങ്ങുന്നത് ഓരോ ഇടവകയിൽ നിന്നും ലഭിക്കുന്ന തിരട്ടു ഫീസ് കൊണ്ടാണ്. വളരെ കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് തന്നെയാണ് നിങ്ങൾ നൽകുന്ന തുകകൾ ചെലവഴിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിലെ തിരട്ട് തയ്യാറാക്കുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

1. ഒരു സാമ്പത്തിക വർഷത്തെ വരുമാനത്തിന്റെ 85% അതാത് വർഷം ചെലവഴിച്ചു തീർത്തില്ലെങ്കിൽ, ആ തുക Scheduled ബാങ്കിൽ Fixed Diposit ആയി നിക്ഷേപിക്കേണ്ടതാണ്. അതിന്റെ FD Receipt copy പ്രത്യേകം ആയി Auditing ന് ഏൽപ്പിക്കേണ്ടതുമാണ്.
2. 10,000 രൂപയിൽ കൂടുതൽ ഉള്ള എല്ലാ ചെലവുകളും (ബഹു. വികാരിമാരുടെ അലവൻസ്, കപ്യാരുടെ ശമ്പളം ഉൾപ്പെടെ) Cross ചെയ്ത ചെക്കു മുഖേനയോ Transfer ചെയ്തോ മാത്രമേ നൽകുവാൻ പാടുള്ളൂ:- മേൽ പറഞ്ഞ തുകകൾ Divide ചെയ്ത് വൗച്ചറിൽ എഴുതുവാൻ പാടുള്ളതല്ല.

3. Crossed Cheque:- എല്ലാ ചെക്കുകളും cross ചെയ്തു മാത്രമേ നൽകുവാൻ പാടുള്ളൂ. അല്ലാത്തപക്ഷം അത് cash ആയി മാത്രമേ കണക്കാക്കാൻ സാധിക്കൂ. അങ്ങനെ കൊടുക്കുന്ന തുകയ്ക്ക് ഇൻകം ടാക്സ് കൊടുക്കേണ്ടതായും വരും.

4. ഏതെങ്കിലും പള്ളികളിൽ Contract അടിസ്ഥാനത്തിൽ പണി നടക്കുകയാണെങ്കിൽ TDS പിടിച്ചതിനുശേഷം മാത്രമേ Contractor-ക്ക് ചെക്ക് നൽകുവാൻ പാടുള്ളു.

   TDS നിരക്കുകൾ:-
   Contractor
   വ്യക്തികൾക്ക് - 1%, മറ്റുള്ളവർക്ക് - 2%.
   Professional Fee (Architecht, Advocate, Engineer) -10%.
   Interest on Loan (Scheduled ബാങ്കുകൾ ഒഴികെ) -10%.

   TDS പിടിച്ച തുക സർക്കാരിലേക്ക് 7 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതും TDS Return file ചെയ്യേണ്ടതുമാണ്.

5. കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബാങ്കുകളിലുള്ള എല്ലാ അക്കൗണ്ടുകളും (fixed deposit ഉൾപ്പെടെ) ഇനിയും ഏതെങ്കിലും പള്ളികൾക്ക് ഉണ്ടെങ്കിൽ മാർച്ച് പതിനഞ്ചാം തീയതിക്കു മുൻപ് നിർബന്ധമായും ക്ലോസ് ചെയ്യേണ്ടതാണ്. പ്രസ്തുത തുക ഷെഡ്യൂൾഡ് ബാങ്കിലേക്ക് മാറ്റേണ്ടതുമാണ്.

6. ഒരു സ്ഥാപനത്തിൽ നിന്ന് ഡൊണേഷൻ വാങ്ങുകയും അതേ സ്ഥാപനത്തിലേക്ക് തിരികെ കൊടുക്കുകയും ചെയ്യുന്നത് അനുവദനീയമല്ല. 2022-2023 സാമ്പത്തിക വർഷത്തിലെ തിരട്ട് ഫീസ്, കൂരിയാ കളക്ഷൻ, ക്ലർജി റിലീഫ് ഫണ്ട്, പതിമൂന്നാം മാസ അലവൻസ്, മിഷൻഫണ്ട്, മേജർ സെമിനാരി ഫണ്ട് തുടങ്ങിയവ താഴെ പറയുന്ന നാല് അക്കൗണ്ടുകളിലേക്കായി 2023 മാർച്ച് 31 നു മുൻപ് അയയ്ക്കണമേ എന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയുടെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഓരോരുത്തരും നൽകുന്ന സഹകരണങ്ങൾക്ക് പ്രത്യേകം നന്ദി പറയുന്നു.

7. മുമ്പ് നിർദ്ദേശിച്ചിട്ടുള്ള രജിസ്റ്ററുകൾ പള്ളികളിൽ കൃത്യമായി എഴുതി സൂക്ഷിക്കണമെന്നുകൂടി അറിയിക്കുന്നു.

*Procurator*

**Thirttu Fees (Fixed) + Directory Rs. 300 + സഹ്യനാദം (Per Copy) - 350 + പഞ്ചാംഗം - 130 (Per Copy)**

To,

Procurator, Diocese of Idukki
Federal Bank Karimpan Branch
A/c. No.13300100051712
IFSC CODE : FDRL0001330

**CURIA COLLECTIONS (per head Rs.10/-)**

To,

Procurator, Diocese of Idukki
Federal Bank Karimpan Branch
A/C No.13300100137404
IFSC : FDRL0001330.

**CLERGY RELIEF FUND, (10% of Thirattu fees) + 13th Month's Allowance (Rs.15,000/-).**

To,

Vaidika kshema samidhi, Diocese of Idukki,
Federal Bank Karimpan Branch
A/c.No. 13300100075166.
IFSC : FDRL0001330.

**MISSION FUND**

To,

Diocese of Idukki,
(Santa Maria Mission)
A/c No. 13300100141216
IFSC : FDRL0001330
Federal Bank, Karimpan Branch.

**MAJOR SEMINARY FUND**

To,

Assistant Procurator,
Diocese of Idukki
A/C no.13300100140994
IFSC code: FDRL0001330
Federal Bank
Karimban branch

**Contact Number: +91 9447511014**

## മൈനർ സെമിനാരി

**MS. 05/23 ദൈവവിളി പ്രോത്സാഹനം**

2023-24 ബാച്ചിലേയ്ക്കുള്ള പുതിയ വൈദിക വിദ്യാർത്ഥികളെ സ്വീകരിക്കുന്നതിന് ഒരുക്കമായുള്ള ക്യാമ്പും, ഇന്റർവ്യൂവും ഏപ്രിൽ-മെയ് മാസങ്ങളിലായി നടക്കുന്നതായിരിക്കും. തീയതി പിന്നീട് അറിയിക്കുന്നതാണ്. ഇടുക്കി രൂപത മൈനർ സെമിനാരിയിൽ ചേരാനാഗ്രഹിക്കുന്ന കുട്ടികൾക്ക് മാർഗ്ഗ നിർദ്ദേശം നല്കണമെന്നും നല്ല കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് പറഞ്ഞയയ്ക്കണമെന്നും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**MS. 06/23 ക്രിസ്റ്റീൻ ധ്യാനം**

അഞ്ചു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇടുക്കി രൂപത ദൈവശാസ്ത്ര വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ ഇടവകകളിൽ ത്രിദിന ധ്യാനം സംഘടിപ്പിക്കുന്നു. എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരുടെയും സ്നേഹപൂർവകമായ സഹകരണം പ്രതീക്ഷിക്കുന്നു. ധ്യാനം നടത്തുവാൻ താല്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫോൺ : 8281416939, 7902416939.

## FY. 09/23

മുതിർന്ന കുട്ടികളുടെ ഒരു ദിവസത്തെ വിശ്വാസപരിശീലനം രാജാക്കാട് ക്രിസ്തുരാജ് ഫൊറോന പള്ളിയിലെ പന്ത്രണ്ടാം ക്ലാസ് വേദപാഠ കുട്ടികൾക്ക് ഞായറാഴ്ച ഫോർമേഷൻ ഹൗസിൽ ക്ലാസൊരുക്കി. ക്ലാസും, ചർച്ചയും, ഗെയിമും, സ്നേഹവിരുന്നും ഉൾപ്പെട്ട പ്രോഗ്രാം കുട്ടികൾക്ക് ഹൃദ്യമായ അനുഭവമൊരുക്കി.

## FY. 10/23

കുഞ്ചിത്തണ്ണി ഹോളി ഫാമിലി ദൈവാലയത്തിൽ ഇടവക തിരുനാളിനോടനുബന്ധിച്ച് അഥിതി തൊഴിലാളികൾക്കുവേണ്ടി ആഘോഷമായ ഹിന്ദി കുർബാനയും സന്ദേശവും ഒരുക്കുന്നതിന് ബഹു. വികാരിയച്ചനോടൊപ്പം ബ്രദേഴ്സ് സഹകരിച്ചു.

## FY. 11/23

ജോസ്ഗിരി തീർത്ഥാടന ദൈവാലയത്തിൽ ഇടവക തിരുനാളിന് ആഘോഷമായ റാസയിൽ ബ്രദേഴ്സ് പങ്കെടുക്കുകയും വേണ്ട ശുശ്രൂഷകൾ നല്കുകയും ചെയ്തു.

## FY. 12/23

പണിക്കൻകുടി ജോൺ മരിയ വിയാനി പളളിയിൽ റാസയ്ക്ക് വേണ്ട ശുശ്രൂഷകൾ നല്കി.

## FY. 13/23

സീറോ മലബാർ സഭയുടെ നവീകരിച്ച യാമപ്രാർത്ഥന ബഹു. പോളി മണിയാട്ടച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ഔദ്യോഗി കമായി സെന്റ് ജോസഫ് ഫോർമേഷൻ ഹൗസിൽ തുടക്കം കുറിച്ചു. ആരാധിക്കാൻ കടപ്പെട്ട മനുഷ്യന്റെ മഹത്വത്തെക്കുറിച്ചും നവീകരിച്ച പുസ്തകത്തിന്റെ ഗുണവിശേഷങ്ങളെക്കുറിച്ചും സന്ദേശത്തിൽ അച്ചൻ പങ്കുവച്ചു.

## FY. 14/23

26-ാം തീയതി മുതൽ പന്ത്രണ്ടു ദിവസത്തേയ്ക്ക് കോട്ടയം

നവജീവനിൽ ആതുര ശുശ്രൂഷയ്ക്കായി വൈദിക വിദ്യാർത്ഥികൾ പോയി. നോമ്പുകാല ചൈതന്യത്തോടെ സ്നേഹപ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുകയും ആത്മപരിത്യാഗ പ്രവൃത്തികളിൽ വളരുകയുമായിരുന്നു ലക്ഷ്യം.

## സന്യസ്തർ

### 1. എഫ്.സി.സി. സന്യാസിനീസമൂഹം (FCC)

❖ മഞ്ഞപ്പാറ ക്രിസ്തുരാജാ യു.പി. സ്കൂളിലെ കുട്ടികൾക്കായി "ABIDE 22" എന്ന പേരിൽ സി. ജീസയുടെ നേതൃത്വത്തിൽ വൺഡേ പ്രോഗ്രാം നടത്തി.

❖ പൊട്ടൻകാട് സെന്റ് തോമസ് ഹൈസ്കൂളിൽ ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന സി. മരിയറ്റിന്റെ യാത്രയയപ്പ് സമ്മേളന പരിപാടികളിൽ സി. സുഗുണയും കൗൺസിലേഴ്സും പങ്കെടുത്തു.

❖ അടിമാലി CMC പ്രൊവിൻസിന്റെ നേതൃത്വത്തിൽ ആയിരമേക്കർ സമന്വയ സോഷ്യൽ സെന്ററിൽ വച്ച് നടത്തിയ പാലിയേറ്റീവ് കെയർ യൂണിറ്റ് ഉദ്ഘാടന സമ്മേളനത്തിൽ ഡോ. സി. സുഗുണ 'ക്യാൻസർ രോഗത്തിന്റെ കാരണങ്ങളും ലക്ഷണങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സെടുത്തു. വിവിധ CMC കോൺവെന്റുകളിലെ സുപ്പീരിയേഴ്സും ഇടവക പ്രതിനിധികളും ഈ മീറ്റിംഗിൽ പങ്കെടുത്തു. പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

❖ പച്ചടി ഇടവകയിലെ സൺഡേ സ്കൂൾ കുട്ടികൾക്കായി "ABIDE 22" എന്ന പേരിൽ സി. ജീസയുടെ നേതൃത്വത്തിൽ വൺഡേ പ്രോഗ്രാം നടത്തി.

❖ CMC സമൂഹാംഗമായ സി. ടെറസിറ്റയുടെ മൃതസംസ്കാര ചടങ്ങുകളിൽ സി. സുഗുണയും സിസ്റ്റേഴ്സും പങ്കെടുത്തു.

❖ തലശ്ശേരി ആൽഫാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും BTh പഠനം പൂർത്തിയാക്കിയ SH, FCC കോൺഗ്രിഗേഷനുകളിലെ 55 സിസ്റ്റേഴ്സിന്റെ കോൺവൊക്കേഷൻ സെറിമണി മുരിക്കാശ്ശേരി

നിർമ്മൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, റവ. ഫാ. ടോം ഓലി കരോട്ട്, റവ. ഫാ. ജോസ് നരിതൂക്കിൽ, ഡോ. സി. ടെസ്‌ലിൻ ജോസഫ് SH, ഡോ. സി. സുഗുണ FCC എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം വഹിച്ചു.

- ❖ പഴയരിക്കണ്ടം ഇടവകയിൽ മാതൃവേദി അംഗങ്ങൾക്ക് 'മാതാക്കൾ നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ജീസ ക്ലാസ് എടുത്തു.
- ❖ ഇരട്ടയാർ ഇടവകയിലെ മാതൃവേദി അംഗങ്ങൾക്ക് 'മാതൃത്വത്തിന്റെ മഹനീയത' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ജൂലി ക്ലാസ് എടുത്തു.

**2. ആരാധനാ സന്യാസിനീ സമൂഹം (SABS)**

- ❖ നിർധനരായ കുടുംബങ്ങൾക്ക് ഒരു കൈത്താങ്ങ് ആകുക എന്ന ലക്ഷ്യത്തോടെ വിവിധ ഇടവകകളിൽ പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഏതാനും കുടുംബങ്ങൾക്ക് ആടുകൾ, കോഴിക്കൂട്, കോഴിക്കുഞ്ഞുങ്ങൾ ഇവയെ വാങ്ങി നൽകി.
- ❖ കോഴിക്കോട് SKD സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വച്ച് സി. അൽഫോൻസ് കടമ്പനാട്ട്, സി. തെരേസ് കട്ടക്കൽ എന്നിവർ സിസ്റ്റേഴ്സിന് ധ്യാനം നയിച്ചു.
- ❖ എറണാകുളം മഹാരാജാസ് കോളേജിൽ വച്ച് നടന്ന MG യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിൽ English Short Story writing - ൽ സി. റിനു വെള്ളക്കാക്കുടിയിൽ SABS Third A grade കരസ്ഥമാക്കി. ഇടുക്കി ജയ് മാതാ SABS അംഗമായ സിസ്റ്റർ, Murickasery Pavanatma College, English Literature അവസാന വർഷ വിദ്യാർത്ഥിനിയാണ്.
- ❖ സി. അൽഫോൻസ് കടമ്പനാട്ട്, സി. അനിറ്റ് വാഴയിൽ എന്നിവർ നിർമ്മല റിട്രീറ്റ് സെന്റർ കുളത്തുവയലിൽ വച്ച് നടന്ന കൗൺസിലിംഗ് കോഴ്സിൽ പങ്കെടുത്തു.
- ❖ പാലാരിവട്ടം POC യിൽ വച്ച് നടക്കുന്ന കൗൺസിലിംഗ് കോഴ്സിന്റെ ആദ്യ ബാച്ചിൽ സി. റാണി മരിയ തോരണത്തിൽ സി. ജോസ്നാ കുറ്റിക്കാട്ട് എന്നിവർ സംബന്ധിച്ചു.

❖ സി. അൽഫോൻസ് കടമ്പനാട്, ബാംഗ്ലൂർ Dasara Hally ഇടവകയിൽ വച്ചു ക്ലരീഷ്യൻ വൈദികർ നയിച്ച ധ്യാനത്തിൽ ഇടവക ജനത്തിന് കൗൺസിലിങ്ങ് നല്കി.

❖ SABS സന്ന്യാസിനീ സമൂഹങ്ങൾ ഉള്ള വിവിധ ഇടവകകളിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ അൾത്താര ബാലന്മാർക്ക് വേണ്ടി ഏകദിന സെമിനാർ നടത്തി. വിശുദ്ധ കുർബാനയെക്കുറിച്ചും, തങ്ങൾ ഏറ്റെടുത്തിരിക്കുന്ന ദൈവിക ദൗത്യത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചുമുള്ള അവബോധം കുട്ടികൾക്ക് കൂടുതൽ ലഭിക്കുന്ന വിധത്തിലുള്ള ക്ലാസുകളും മറ്റു പരിശീലന പരിപാടികളും സംഘടിപ്പിച്ചു.

❖ ബഹുമാനപ്പെട്ട ജോസ് ചെമ്മരപ്പള്ളി അച്ചന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് അച്ചനെ ആദരിക്കുകയും ജൂബിലി മംഗളങ്ങൾ നേരുകയും ചെയ്തു.

### 3. കർമ്മലമാതാവിന്റെ സന്യാസിനീസമൂഹം (CMC)

❖ ''നീയും പോയി അതുപോലെ ചെയ്യുക.'' (ലൂക്കാ 10:37) എന്ന സുവിശേഷ വചനം ഈ കാലഘട്ടത്തിൽ പ്രാവർത്തികമാക്കാൻ സിസ്റ്റേഴ്സിന് പ്രചോദനം ലഭിക്കാനായി വിശ്വാസ രൂപീകരണ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ദിവസത്തെ ക്ലാസ്സ് നടന്നു. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ നയിച്ച ക്ലാസ്സിന് പ്രൊവിൻഷ്യൽ സൂപ്പീരിയർ സി. ആനി പോൾ സ്വാഗതവും സി. ഡെയ്സ് റാണി നന്ദിയും പറഞ്ഞു.

❖ ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ വിവിധ സ്കൂളുകളിൽ കത്തോലിക്കാ കുട്ടികൾക്കായി ആത്മീയ ശക്തീകരണ പ്രോഗ്രാമും അകത്തോലിക്കാ കുട്ടികൾക്കായി Value Education ക്ലാസ്സും നടന്നു. ഹോളിഫാമിലി UPS കിളിയാർകണ്ടം (136 കുട്ടികൾ), സെന്റ് ജേക്കബ്സ് UPS ബഥേൽ (LP 87, UP 85 കുട്ടികൾ), സെന്റ് മേരീസ് UPS ഉദയഗിരി (LP 131, UP 125 കുട്ടികൾ) സെന്റ് ജോസഫ്സ് UPS കൊച്ചു തോവാള (70 കുട്ടികൾ) പങ്കെടുക്കുകയുണ്ടായി. കുട്ടികൾ വലിയ സന്തോഷത്തോടെയും ആവേശത്തോടെയും ആണ് ക്ലാസ്സിൽ ആയിരുന്നത്. Spritual Sharing നും അവസരം ഒരുക്കി.

- ക്രിസ്തുരാജ് ചർച്ച് രാജപുരത്ത് 7 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സി. ആൻസ് മരിയ, സി. നിത്യ എന്നിവർ ദൈവവിളി സെമിനാർ നടത്തി.
- സെന്റ് ജോസഫ്സ് ചർച്ച് കൈലാസത്ത് 1 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരു ദിവസത്തെ ധ്യാനം നടന്നു. സി. സീജ, സി. നിവ്യ, സി. ജോസ്മി തുടങ്ങിയവർ ധ്യാനം നയിച്ചു.
- പനംകുട്ടി ഇടവകയിൽ ഫെബ്രുവരി 6 മുതൽ 10 വരെ തീയതികളിലായി ഹോം മിഷൻ നടന്നു. 260 വീടുകളാണ് സന്ദർശിച്ചത്. ഭൂമിശാസ്ത്രപരമായി സ്ഥലത്തിന്റെ പ്രത്യേകതകൾക്കിടയിലും പരിത്യാഗമനോഭാവത്തോടെ 12 സിസ്റ്റേഴ്സ് ഭവനങ്ങളിൽ ചെന്ന് Spritual Sharing, പ്രാർത്ഥന ഇവ നടത്തുകയും വചന സ്റ്റിക്കർ, പ്രാർത്ഥനാ കാർഡുകൾ, ജപമാലകൾ എന്നിവ നൽകുകയും ചെയ്തു. റവ. ഫാ. ജോസഫ് കൊല്ലക്കൊമ്പിലച്ചന്റെ പ്രാർത്ഥനയും ആശീർവാദവും മറ്റു ക്രമീകരണങ്ങളും ഭവനസന്ദർശനത്തെ അനുഗ്രഹമുള്ളതാക്കി. അൾത്താര ശുശ്രൂഷിയും കൂട്ടായ്മ ഭാരവാഹികളും കൈക്കാരൻമാരും സഹായ സഹകരണങ്ങൾ നൽകി.
- മുളകരമേട്, തങ്കമണി, കട്ടക്കാലാ, കൂമ്പൻപാറ തുടങ്ങിയ ഇടവകകളിൽ മാതൃവേദിയിലെ അമ്മമാർക്കായി സി. സീജ മരിയ ക്ലാസ്സ് നൽകി.
- സി. നിത്യ 97% മാർക്കോടെ ചങ്ങനാശ്ശേരി CANA ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും Family Science-ൽ Licentiate നേടി.
- കോട്ടയം MOC യിലെ BTh നാലാം വർഷ വിദ്യാർത്ഥികൾക്കായി മൂന്നു ദിവസത്തെ Family Apostolate ക്ലാസ്സ് എടുത്തു.
- ആൽഫ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു BTh പഠനം പൂർത്തിയാക്കിയ 46 സിസ്റ്റേഴ്സിന് 13-02-2023 ൽ നടന്ന convocation ceremony യിൽ മാർ ജോസഫ് പാംപ്ലാനി പിതാവ് സർട്ടിഫിക്കറ്റ് നൽകി. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. ടോം ഓലിക്കരോട്ട്, റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ എന്നിവർ പങ്കെടുത്തു.
- ഇൻഫാം കർഷകദിനത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ ഭിന്നശേഷി കർഷക അവാർഡിന് മച്ചിപ്ലാവ്, കാർമൽ ജ്യോതിയിലെ എ.റ്റി. തോമസ് ആക്കപ്പിള്ളിയും ജോജോ ജോർജ്ജും അർഹരാ

യി. വാഴക്കുളം സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന യോഗം ഇൻഫാം മുൻ രക്ഷാധികാരി മാർ മാത്യു അറക്കൽ ഉദ്ഘാടനം ചെയ്തു. ഇൻഫാം സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ കോതമംഗലം ബിഷപ്പ് എമിരറ്റസ് മാർ ജോർജ് പുന്നക്കോട്ടിൽ നിന്നും ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഏറ്റുവാങ്ങി. മാനേജിംഗ് ഡയറക്ടർ, രാഷ്ട്രദീപിക ലിമിറ്റഡ് M.D. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ദേശീയ സെക്രട്ടറി ജനറൽ അഡ്വക്കേറ്റ് വി.സി. സെബാസ്റ്റ്യൻ ദേശീയ സെക്രട്ടറി ഫാ. ജോർജ് പൊട്ടക്കൽ, സിസ്റ്റർ ബിജി ജോസ് സി. എം.സി. എന്നിവർ പ്രസംഗിച്ചു.

❖ കെ.എം. മാണിയുടെ 90-ാം ജന്മദിനത്തോടനുബന്ധിച്ച് ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ പൈനാവ് അമൽ ജ്യോതി സ്പെഷ്യൽ സ്കൂൾ കുട്ടികളോടൊപ്പം ഭക്ഷണം കഴിക്കുകയും പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് നടത്തുകയും ചെയ്തു.

❖ അടിമാലി കാർമ്മൽഗിരി പ്രൊവിൻഷ്യൽ ഹൗസ് അംഗമായ സി. ടെറസിറ്റ (86) 11-02-2023 ന് നിര്യാതയായി. 12-02-2023 ന് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ കാർമികത്വത്തിൽ മൃതസംസ്കാരം നടത്തി. ശിഷ്യന്മാരായ വൈദികരും ധാരാളം സിസ്റ്റേഴ്സും ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിച്ചു.

## 4. തിരുഹൃദയ സന്യാസിനീസമൂഹം (SH)

❖ ജനുവരി 26-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് രാജമുടി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിന്റെ നവീകരിച്ച ചാപ്പലിന്റെയും പ്രായമായ സിസ്റ്റേഴ്സിനായി പുതുതായി നിർമ്മിച്ച വെനറബിൾ മാത്യു കദളിക്കാട്ടിൽ മെമ്മോറിയൽ ബ്ലോക്കിന്റയും വെഞ്ചരിപ്പു കർമ്മം ഇടുക്കി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നിർവ്വഹിച്ചു. അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വി. കുർബാനയിൽ ഇടുക്കി രൂപതാ പ്രോട്ടോ സിഞ്ചലൂസ് വെരി. റവ. മോൺ. ജോസ് പ്ലാച്ചിക്കൽ, സിഞ്ചലൂസ് വെരി. റവ. മോൺ. അബ്രാഹം പുറയാട്ട് എന്നിവർ സഹകാർമ്മികരായിരുന്നു.

❖ ഫെബ്രുവരി 4-ാം തീയതി രാവിലെ 11.30 ന് നവീകരിച്ച നെടുങ്കണ്ടം വിമലാ ബാലഭവന്റെ വെഞ്ചരിപ്പു കർമ്മം നെടുങ്കണ്ടം സെന്റ്

സെബാസ്റ്റ്യൻസ് ഫൊറോന പള്ളി വികാരി റവ. ഫാ. ജെയിംസ് ശൗര്യാംകുഴി നിർവ്വഹിച്ചു. വി. കുർബാനയ്ക്ക് അസിസ്റ്റന്റ് വികാരി റവ. ഫാ. ജോൺ തൊണ്ണംമാക്കൽ മുഖ്യകാർമ്മികത്വം വഹിച്ചു.

❖ ജനുവരി 23, 29, 30 തീയതികളിൽ കാന്തിപ്പാറ സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലെ UPS, HSS കുട്ടികൾക്കും ഗിരിജ്യോതി സ്കൂളിലെ LPS കുട്ടികൾക്കും ഫെബ്രുവരി 12-ാം തീയതി മഞ്ഞപ്പാറ പള്ളിയിലെ തിരുബാലസഖ്യം കുട്ടികൾക്കും ക്രിസ്റ്റീൻ ധ്യാനം നടത്തി.

❖ ഫെബ്രുവരി 2-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന നവീകരിച്ച യാമപ്രാർത്ഥന പുസ്തകത്തിന്റെ പരിശീലന പരിപാടിയിൽ സി. ലിനറ്റ് എസ്.എച്ച്. സംബന്ധിച്ചു.

❖ ഫെബ്രുവരി 11-ാം തീയതി അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നെടുങ്കണ്ടം വിമലാ ബാലഭവൻ സന്ദർശിച്ചു.

❖ ഫെബ്രുവരി 11-ാം തീയതി നടന്ന ഇടുക്കി രൂപതയുടെ നെടുങ്കണ്ടം കരുണാ ആനിമേഷൻ സെന്ററിന്റെ ആശീർവ്വാദ കർമ്മത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഡോ. സി. ടെസ്ലിൻ ജോസഫ് എസ്.എച്ച്. സംബന്ധിച്ചു.

❖ ഫെബ്രുവരി 13-ാം തീയതി തലശ്ശേരി ആൽഫാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ബി.റ്റി.എച്ച്. പഠനം പൂർത്തിയാക്കിയ എസ്.എച്ച്. നവജ്യോതി പ്രോവിൻസിലെ 29 സിസ്റ്റേഴ്സിന്റെ Graduation Ceremony നടത്തപ്പെട്ടു.

❖ ഫെബ്രുവരി 14-ാം തീയതി ഇടുക്കി എസ്.എച്ച്. നവജ്യോതി പ്രോവിൻസിന്റെ 20-ാമത് പ്രോവിൻസ് ഡേ സമുചിതമായി ആഘോഷിച്ചു. റവ. ഫാ. ബിജു മഠത്തിക്കുന്നേൽ സി.എസ്.എസ്.ആർ., റവ. ഫാ. ഷോജിൻ മണക്കാട്ട് സി.എസ്.എസ്.ആർ. എന്നിവർ വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പ്രോവിൻസിലെ ഗോൾഡൻ ജൂബിലി കഴിഞ്ഞ അമ്മമാരുടെ ഗാതറിംഗ്, സോണൽ തലത്തിലുള്ള വിവിധ കലാ, കായിക മത്സരങ്ങൾ, സ്നേഹവിരുന്ന് എന്നിവ ആഘോഷങ്ങൾക്ക് മാറ്റു കൂട്ടി.

❖ എന്റെർപ്രിനർഷിപ്പ് ഡെവലപ്മെന്റ് ഓഫ് ഇന്ത്യയുടെയും നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ

രാജകുമാരിയിൽ നേഴ്സറി കോഴ്സ് പൂർത്തിയാക്കിയവർക്കും രാജമുടിയിൽ കൂൺകൃഷി പരിശീലനം പൂർത്തിയാക്കിയവർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

- ❖ നവജ്യോതി ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി ഇരുമ്പുപാലത്ത് നിർമ്മിച്ചു നല്കിയ ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം റവ. ഫാ. ജോസഫ് പാലക്കുടി നിർവ്വഹിച്ചു.
- ❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നാരകക്കാനം, ചെമ്മണ്ണാർ, മുരിക്കുംത്തൊട്ടി എന്നിവിടങ്ങളിലെ എസ്.എച്ച്.ജി. അംഗങ്ങൾക്ക് പലിശ രഹിത ലോൺ വിതരണം ചെയ്തു.
- ❖ രോഗീദിനത്തോടനുബന്ധിച്ച് വിവിധ ഇടവകകളിൽ രോഗികളായവരെ സന്ദർശിച്ച് കാരുണ്യത്തിന്റെ സംവാഹകരായി.

## 5. അഗതികളുടെ സന്യാസിനി സമൂഹം (SD)

- ❖ ഇടുക്കി രൂപതയിലെ യുപി സ്കൂൾ അധ്യാപകർക്കുള്ള ബെസ്റ്റ് ടീച്ചർ അവാർഡ് സി. ജയ്സലറ്റ് S.D. അഭിവന്ദ്യ പിതാവിൽ നിന്ന് ഏറ്റുവാങ്ങി.
- ❖ അഗതികളുടെ സഹോദരിമാരുടെ വിവിധ ശുശ്രൂഷകൾ സ്വീകരിക്കുന്ന മക്കളെ പ്രൊവിൻഷ്യൽ ഹൗസിൽ മദർ ജിസാ റാണിയുടെ നേതൃത്വത്തിൽ ഒരുമിച്ചു കൂട്ടി വിവിധ മത്സരങ്ങൾ നടത്തുകയും സ്നേഹവിരുന്ന് നൽകുകയും ചെയ്തു.
- ❖ കാവുന്തല ഇടവകയിൽ സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി ഭവനങ്ങൾ സന്ദർശിച്ചു പ്രാർത്ഥിച്ചു.
- ❖ മുരിക്കാശേരിയിൽ വച്ച് നടന്ന രൂപതാ കുടുംബ കൂട്ടായ്മ മീറ്റിങ്ങിൽ പത്തോളം സിസ്റ്റേഴ്സ് പങ്കെടുത്തു.
- ❖ എസ്.ഡി. സഭയുടെ സെന്റ് വിൻസന്റ് പ്രൊവിൻസിലെ നോവിസസ് ആദ്യ വ്രതവാഗ്ദാനം നടത്തി സമർപ്പിത ജീവിതത്തിലേക്ക് പ്രവേശിച്ചു.
- ❖ തൃശ്ശൂരിൽ വച്ച് നടന്ന സി.ആർ.ഐ. മീറ്റിങ്ങിൽ അഡ്വക്കേറ്റ് സി. ജോസിയ എസ്.ഡി. സമർപ്പിത ജീവിതവും സമൂഹമാധ്യമങ്ങളും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ചു.

## CJ. 15/23 വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

നല്ല മരണത്തിന്റെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ മാർച്ച് 19-ാം തീയതി സമുചിതമായി ആചരിക്കുമല്ലോ. വി. യൗസേപ്പിതാവ് നല്ല മരണത്തിന്റെ മധ്യസ്ഥനാണെന്ന ബോധ്യം കുട്ടികളിൽ വളർത്തുവാനും വിശുദ്ധനോട് മാധ്യസ്ഥ്യം യാചിച്ചു പ്രാർത്ഥിക്കുവാനും കുട്ടികളെ പ്രാപ്തരാക്കണേ. എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു.

## CJ. 16/23 ഇടവക വിഹിതം

2022-23 പ്രവർത്തന വർഷത്തെ ഇടവക വിഹിതം ഇനിയും തന്നിട്ടില്ലാത്ത ഇടവകകൾ എത്രയും വേഗം ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

## CJ. 17/23 ലോഗോസ് ക്വിസ് സമ്മാനങ്ങൾ

ഈ പ്രവർത്തന വർഷം നടത്തിയ അഖിലകേരള ലോഗോസ് ക്വിസ് മത്സരത്തിലെ സമ്മാനങ്ങൾ നൽകിയത് ഇപ്രകാരമാണ്:

A വിഭാഗത്തിൽ 60% ത്തിനു മുകളിലുള്ളവർക്കും B, C, D, E, F വിഭാഗങ്ങളിൽ 70% ത്തിനു മുകളിൽ മാർക്ക് വാങ്ങിച്ചവർക്കുമാണ് സമ്മാനങ്ങൾ നൽകിയിരിക്കുന്നത്. നവംബർ മാസത്തിൽ അടിമാലി ആത്മജ്യോതിയിൽ വച്ചു നടത്തിയ ബഹു. വൈദികരുടെ മീറ്റിംഗിൽ വച്ച് ബഹു. വൈദികരുടെ കൈവശം സമ്മാനങ്ങൾ ഏൽപ്പിച്ചിട്ടുണ്ട്. ഏതാനും ചില ഇടവകകൾ സമ്മാനങ്ങൾ കൈപ്പറ്റിയിട്ടില്ല. മാർച്ച് 30-നു മുൻപായി ക്രിസ്തുജ്യോതി ഓഫീസിൽ നിന്നും സമ്മാനങ്ങൾ കൊണ്ടുപോകേണ്ടതാണ്.

## CJ. 18/23 മതാധ്യാപക അവാർഡ്

മതാധ്യാപനം വിലമതിക്കാനാവാത്ത ഒരു ദൈവീക ശുശ്രൂഷയാണ്. പ്രതിഫലം ആഗ്രഹിക്കാതെ ദൈവസ്നേഹത്തെപ്രതി ഈ ശുശ്രൂഷ നടത്തുന്നവരാണ് നമ്മുടെ രൂപതയിലെ മുഴുവൻ അധ്യാപകരും. ഒരു വർഷം മുതൽ അൻപതു വർഷംവരെ മതാധ്യാപനം

നടത്തിയിട്ടുള്ള നിരവധി അധ്യാപകർ നമ്മുടെ രൂപതയിലുണ്ട്. എല്ലാവരേയും സമ്മാനങ്ങൾ നൽകി ആദരിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ ഈ വർഷം മുതൽ 25 വർഷം പൂർത്തിയാക്കിയവരെ അവാർഡ് നൽകി ആദരിക്കുന്നു.

2023 മാർച്ച് 30 ന് 25 വർഷം പൂർത്തിയാക്കുന്നവർക്കാണ് അവാർഡ് നൽകുക. ഇതിനു മുൻപ് 25വർഷം പൂർത്തിയാക്കിയവരും നാളിതുവരെ രൂപതയിൽ നിന്നും അവാർഡ് ലഭിക്കാത്തവരുമായിട്ടുള്ളവർക്കും അവാർഡിന് അപേക്ഷിക്കാവുന്നതാണ്. അവാർഡിന് അർഹരായവരുടെ പേരു വിവരങ്ങളും പാസ്സ്പോർട്ട് സൈസ് ഫോട്ടോയും ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം 2023 ഏപ്രിൽ 15 നു മുമ്പായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണം.

## CJ. 19/23 വാർഷിക റിപ്പോർട്ട്

വിശ്വാസപരിശീലനം ഒരു മത്സരമല്ല. വിശ്വാസരഹസ്യങ്ങളെ കുട്ടികൾക്ക് പകർന്നുകൊടുക്കുവാനുള്ള ഒരു കൂട്ടായ പരിശ്രമമാണ് വിശ്വാസ പരിശീലനം.

ഇടവക തലത്തിലും ഫൊറോനാ തലത്തിലും രൂപതാ തലത്തിലുമുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചെങ്കിൽ മാത്രമാണ് വിശ്വാസപരിശീലനം അതിന്റെ ലക്ഷ്യപ്രാപ്തിയിലെത്തുകയുള്ളു. ഇത്തരത്തിൽ ക്രിസ്തുജ്യോതി വിശ്വാസ പരിശീലന കേന്ദ്രത്തോടും ഫൊറോനാ കൗൺസിലിനോടും നല്ല രീതിയിൽചേർന്നു പ്രവർത്തിക്കുന്ന സൺഡേ സ്കൂളുകളെ പ്രോത്സാഹിപ്പിക്കുന്നതിനും കുറവുകളുണ്ടെങ്കിൽ അവ കണ്ടെത്തി തിരുത്തുന്നതിനും പ്രവർത്തന വർഷത്തെ വിലയിരുത്തുന്നതിനുമായിട്ടാണ് വാർഷിക റിപ്പോർട്ട് ആവശ്യപ്പെടുന്നത്. ആയതിനാൽ കൃത്യതയോടും സത്യസന്ധതയോടും കൂടി വാർഷിക റിപ്പോർട്ട് നൽകേണ്ടതാണ്.

പുതുക്കിയ വാർഷിക റിപ്പോർട്ട് ഫോം സുവിശേഷോത്സവ് ട്രെയിനിംഗ് നടത്തുന്ന സമയത്തു നൽകുന്നതായിരിക്കും. പൂരിപ്പിച്ച വാർഷിക റിപ്പോർട്ട് ഏപ്രിൽ 15 നു മുൻപായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണം.

## CJ. 20/23 സുവിശേഷോത്സവ് 2023

ഈസ്റ്റർ കഴിഞ്ഞുവരുന്ന ഒരാഴ്ചയാണ് സുവിശേഷോത്സ

വത്തിനായ് മാറ്റിവയ്ക്കേണ്ടത്. 4 ദിവസങ്ങളിലായാണു സുവിശേഷോത്സവം സംഘടിപ്പിക്കേണ്ടത്. ഒരു ദിവസം സ്റ്റഡി ലീവ് നൽകി ഏപ്രിൽ 15-ാം തീയതി ശനിയാഴ്ചയാണ് വാർഷിക പരീക്ഷ നടത്തേണ്ടത്.

## സുവിശേഷോത്സവം നടത്തേണ്ട ക്രമങ്ങൾ

**I. മുന്നൊരുക്കങ്ങൾ:–** 1–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സുവരെയുള്ള കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിച്ചാണ് സുവിശേഷോത്സവ് നടത്തുന്നത്.

a) ലിറ്റിൽ ഫ്ളവർ വിഭാഗം: 1–ാം ക്ലാസ്സ് മുതൽ 3–ാം ക്ലാസ്സ് വരെ.

b) സെന്റ് ഡൊമിനിക്ക് സാവിയോ വിഭാഗം: 4–ാം ക്ലാസ്സ് മുതൽ 6–ാം ക്ലാസ്സ് വരെ.

c) സെന്റ് അൽഫോൻസാ വിഭാഗം : 7–ാം ക്ലാസ്സ് മുതൽ 9–ാം ക്ലാസ്സ് വരെ.

d) സെന്റ് തോമസ് വിഭാഗം : 10–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സ് വരെ.

**II.** 1–ാം ക്ലാസ്സ് മുതൽ 6–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സുവിഷേഷോത്സവ് പുസ്തകം ഉണ്ടായിരിക്കും. (വില Rs. 50/-). പുസ്തകത്തിന്റെ ഓർഡർ ഗൂഗിൾ ഫോമിൽ നൽകിയവർക്കു മാത്രമായിരിക്കും പുസ്തകം നൽകുക. ഏപ്രിൽ 4–ാം തീയതിക്കു മുൻപായി ബുക്ക്സ്റ്റാളിൽ നിന്നും രൊക്കം തുക നൽകി പുസ്തകം വാങ്ങേണ്ടതാണ്.

**III.** 7–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പാഠപുസ്തകം ഉണ്ടായിരിക്കുന്നതല്ല. പകരം സമ്പൂർണ്ണ ബൈബിൾ കുട്ടികൾക്കുണ്ട് എന്നു ഉറപ്പു വരുത്തണം.

**IV.** നാലു വിഭാഗത്തിലുംപെട്ട വിശുദ്ധരുടെ ഫോട്ടോകൾ ക്ലാസ്സുകളിൽ അലങ്കരിച്ചുവയ്ക്കുന്നതും എല്ലാ ദിവസത്തെയും പ്രവർത്തനങ്ങൾക്കു മുൻപായി വിശുദ്ധരുടെ മാധ്യസ്ഥ്യം യാചിച്ചു പ്രാർത്ഥിക്കുന്നതും ഉചിതമാണ്.

**V.** 1 മുതൽ 6 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് എടുക്കുന്ന വിഷയം വിശുദ്ധ കുർബാനയാണ്. ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിനൊരുങ്ങുന്ന കുട്ടികളും വിശുദ്ധ കുർബാന

സ്വീകരിച്ച ഉടനെയുള്ള കുട്ടികളുമാണ് ഈ വിഭാഗത്തിലുള്ളത്. അവരിൽ വിശുദ്ധ കുർബാനയോടുള്ള ഭക്തിയും വിശ്വാസവും കൂടുതൽ ആഴപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ വിഷയം തിരഞ്ഞെടുത്തിരിക്കുന്നത്.

7 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് എടുക്കുന്ന വിഷയം വിശുദ്ധ ബൈബിളാണ്. വിശുദ്ധ ബൈബിൾ ദൈവ വചനമാണെന്ന ബോധ്യം കുട്ടികളിൽ ആഴപ്പെടുത്തുക, ബൈബിളിനോടുള്ള ഭക്തിയും ആദരവും വർദ്ധിപ്പിക്കുക തുടങ്ങിയ വയാണ് പ്രധാന ലക്ഷ്യങ്ങൾ.

**VI.** വിശുദ്ധ കുർബാനയും വിശുദ്ധ ബൈബിളും ക്രൈസ്തവ വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനമാണെന്നും, ഈ ബോധ്യം നമ്മുടെ കുട്ടികളിൽ വളർത്തുകയാണ് ഈ വർഷത്തെ സുവിശേഷോത്സവത്തിന്റെ പ്രധാന ലക്ഷ്യമെന്ന കാര്യം മാതാപിതാക്കളെ വേണ്ടവിധം ബോധ്യപ്പെടുത്തി ഒരുക്കുന്നത് ഉചിതമായിരിക്കും.

**VII.** സുവിശേഷോത്സവ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ മതാധ്യാപകരോടൊപ്പം മറ്റു റിസോഴ്സ് വ്യക്തികളെയും പങ്കുചേർക്കാവുന്നതാണ്.

**ഒന്നാം ദിനം**

01. സുവിശേഷോത്സവ് വി. കുർബാനയോടു കൂടി ആരംഭിക്കുന്നതും, അവസാന ദിവസം വി. കുർബാനയോടു കൂടി സമാപിക്കുന്നതും നല്ലതാണ്. അതിന് സാധിക്കാത്ത സ്ഥലങ്ങളിൽ രാവിലെ 9.30ന് ഒരു ചെറിയ പ്രാർത്ഥനയോടുകൂടി ദൈവാലയത്തിൽ ആരംഭിക്കുക. ബഹു. വികാരിയച്ചനോ കൊച്ചച്ചനോ അധ്യാപകരിൽ ഒരാളോ ആമുഖസന്ദേശം നൽകി കുട്ടികളെ ഒരുക്കുക. ശേഷം 4 ഗ്രൂപ്പുകൾ കൂടേണ്ട സ്ഥലത്തേയ്ക്ക് അവരെ പറഞ്ഞുവിടുക.
02. 10 am ന് ആദ്യ സെഷൻ ആരംഭിക്കുക.
03. 12.30 pm ന് ഉച്ചഭക്ഷണം.
04. 1.30 pm മുതൽ 3.30 pm വരെ രണ്ടാം സെഷൻ.

ഇപ്രകാരം രണ്ട് സെഷനായി 4 ദിവസം നടത്തേണ്ട രീതി

യിലാണ് ഈ വർഷം സുവിശേഷോത്സവം ക്രമീകരിച്ചിരിക്കുന്നത് 4-ാം ദിവസം സമയത്തിന് അൽപം ക്രമീകരണം നടത്തി +2 കുട്ടികളുടെ ബ്ലസിംഗ് സെറിമണി നടത്തുന്നതും ഉചിതമായിരിക്കും.

## CJ. 21/23 ബ്ലസിംഗ് സെറിമണി

12 വർഷത്തെ വിശ്വാസപരിശീലനം പൂർത്തിയാക്കി ഉത്തരവാദിത്വ പൂർണ്ണമായ ഒരു വിശ്വാസജീവിതം നയിക്കുവാൻ കടപ്പെട്ടവരാണ് ഞങ്ങൾ എന്ന ബോധ്യം കുട്ടികളിൽ ജനിപ്പിക്കുകയാണ് ബ്ലസിംഗ് സെറിമണിയുടെ ഉദ്ദേശ്യം.

### നിർദേശങ്ങൾ

a) ബ്ലസിംഗ് സെറിമണിയുടെ പ്രാർത്ഥന വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ അയച്ചു നൽകുന്നതാണ്.

b) ബ്ലസിംഗ് സെറിമണി KCYM ലേയ്ക്കുള്ള ഒരു എൻട്രൻസ് സെറിമണിയായി നടത്തുകയുമാണ് വേണ്ടത്.

c) ഇടവകയിൽ KCYM യൂണിറ്റ് ഉണ്ടെങ്കിൽ അവരുടെ നേതൃത്വത്തിൽ അന്ന് വന്നെത്താൻ സാധിക്കുന്ന മറ്റു യുവജനങ്ങളെ കൂടി വിളിച്ചു വരുത്തി തിരികൾ കൊടുത്ത് പ്രാർത്ഥനചൊല്ലി KCYM ലെ ഔദ്യോഗിക അംഗങ്ങളാക്കി തുടർന്നുള്ള ദിവസങ്ങളിൽ അവരുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുക.

d) ഇടവകയിൽ KCYM യൂണിറ്റ് ഇല്ലെങ്കിൽ അന്നേദിവസം സാധിക്കുന്നത്ര യുവജനങ്ങളെ വിളിച്ചുവരുത്തി ബ്ലസിംഗ് സെറിമണി കഴിഞ്ഞ കുട്ടികളെ കൂടെ ഉൾപ്പെടുത്തി KCYM രൂപതാ നേതൃത്വത്തിന്റെ അറിവോടെ ഇടവകയിൽ KCYM യൂണിറ്റ് ആരംഭിക്കുക.

e) ബ്ലസിംഗ് സെറിമണി നടത്തുന്ന കുട്ടികളുടെ മാതാപിതാക്കളെ കൂടി ഇതിൽ പങ്കാളികളാക്കുക.

f) സുവിഷേഷോത്സവത്തിന്റെ സമാപനദിനത്തിൽ സ്നേഹവിരുന്നോ മധുര പലഹാരങ്ങളോ നൽകുന്നത് ഉചിതമായിരിക്കും.

## Edn. 08/23 അധ്യാപക - അനധ്യാപക അവാർഡുകൾ

ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ ഈ വർഷത്തെ അവാർഡുകൾ പ്രഖ്യാപിച്ചു. ഹയർസെക്കണ്ടറി വിഭാഗത്തിൽനിന്നും ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ഡോ. ലാലു തോമസും ഹൈസ്കൂൾ വിഭാഗത്തിൽനിന്നും മുരിക്കാശ്ശേരി സെന്റ് മേരീസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോയി ജോസഫും യൂ.പി. വിഭാഗത്തിൽ നിന്നും പാണ്ടിപ്പാറ സെന്റ് ജോസഫസ് യൂ.പി. സ്കൂളിലെ ഹെഡ്മിസ്ട്രസ് സി. ബിജി മാത്യുവും എൽ.പി. വിഭാഗത്തിൽ നിന്നും വെള്ളയാംകുടി സെന്റ് ജെറോംസ് എൽ.പി. എസിലെ അധ്യാപിക ശ്രീമതി ലൈസാമ്മ ജോസഫും തിരഞ്ഞെടുക്കപ്പെട്ടു. അനധ്യാപകരുടെ വിഭാഗത്തിൽ നിന്നും കാന്തിപാറ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ ക്ലാർക്ക് ശ്രീ. സാജു തോമസ് തിരഞ്ഞെടുക്കപ്പെട്ടു. ഫെബ്രുവരി 11-ാം തീയതി മുരിക്കാശ്ശേരിയിൽ വച്ചു നടന്ന സമ്മേളനത്തിൽ ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ അവാർഡുകൾ വിതരണം ചെയ്തു.

## Edn. 09/23 മാർ മാത്യു ആനിക്കുഴികാട്ടിൽ മെമ്മോറിയൽ അവാർഡ്

ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസി ഏർപ്പെടുത്തിയ മാർ മാത്യൂ ആനിക്കുഴികാട്ടിൽ മെമ്മോറിയൽ അവാർഡുകൾ വിതരണം ചെയ്തു. കാർഷിക മേഖലയിലെ മികവിനിള്ള അവാർഡ് ശ്രീ. സണ്ണി ജോസഫ് പനച്ചനാനിൽ, വിദ്യാഭ്യാസ മേഖലയിലെ മികച്ച സംഭാവനകൾക്കുള്ള അവാർഡ് ശ്രീ. സണ്ണി തോമസ് കടുത്താഴെ ജീവകാരുണ്യ പ്രവർത്തനത്തിനുള്ള അവാർഡ് ബത്ലേഹം കാരീത്താസ് ഇടുക്കിയ്ക്കുവേണ്ടി ഫാ. ജോസഫ് പൗവ്വത്ത് എന്നിവർ അർഹരായി. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ അവാർഡുകൾ വിതരണം ചെയ്തു.

## Edn. 10/23 അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും

ഈ വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപക-

അനധ്യാപകർക്കുള്ള യാത്രയയപ്പും മികച്ച പ്രവർത്തനങ്ങൾ കാഴ്ച വച്ച വിദ്യാലയങ്ങൾ വിദ്യാർഥികൾ എന്നിവർക്കുള്ള അവാർഡുകളുടെ വിതരണവും മാർച്ച്മാസം 25-ാം തീയതി ഇരട്ടയാർ സെന്റ് തോമസ് പാരീഷ് ഹാളിൽവച്ച് നടത്തപ്പെടുന്നു.

## പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

### PCM. 24/23 ജില്ലാ സ്കൂൾ വടംവലി മത്സരം നടത്തപ്പെട്ടു

ഇടുക്കി ജില്ലാ സ്കൂൾ വടംവലി മത്സരം പാവനാത്മാ കോളേജിൽ വെച്ച് നടത്തപ്പെട്ടു. ഇടുക്കി ജില്ലയിലെ വിവിധ മേഖലകളിൽ നിന്നായി നിരവധി ടീമുകൾ പങ്കെടുത്തു. മത്സരം കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ബെന്നിച്ചൻ സ്കറിയ ഉദ്ഘാടനം ചെയ്തു.

### PCM. 25/23 അന്താരാഷ്ട്ര പെൺകുട്ടികളുടെ ദിനം ആചരിച്ചു

പാവനാത്മാ കോളേജിലെ വിമെൻ സെല്ലിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര പെൺകുട്ടികളുടെ ദിനത്തോട് അനുബന്ധിച്ച് പ്രഭാഷണ മത്സരം സങ്കടിപ്പിക്കാപ്പെട്ടു. ജനുവരി 24-ാം തീയതി ഉച്ചയ്ക്ക് 12.45 ന് കോളേജ് ഓപ്പൺ സ്റ്റേജിൽ വെച്ച് ആയിരുന്നു മത്സരം. വിവിധ departmentukalil നിന്നായി ഒരുപാട് വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

### PCM. 26/23 ഫെയർവെൽ നൽകി

പാവനാത്മാ കോളേജിലെ ആദ്യകാല സ്റ്റാഫ് അംഗം അയ ആലീസ് തോമസ് ജനുവരി 31 ന് തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കാൻ ഇരിക്കെ അവർക്ക് കോളേജിന്റെ വക ഫെയർവെൽ നൽകി ആദരിച്ചു. ജനുവരി 25 ന് സെമിനാർ ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ കോളജ് മാനേജർ റവ. ഡോ. ജോസ് പ്ലാച്ചിക്കൽ, കോളജ് പ്രിൻസിപ്പൽ, ബർസാർ, വൈസ് പ്രിൻസിപ്പൽ, ആലീസ് തോമസിന്റെ കുടുംബാംഗങ്ങൾ, അധ്യാപക-അനാധ്യാപകർ എന്നിവർ പങ്കെടുത്തു.

### PCM. 27/23 തൊഴിൽ മേള സംഘടിപ്പിക്കപ്പെട്ടു

ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും പാവ

നാത്മാ കോളേജ് മുരിക്കാശ്ശേരിയുടെയും സഹകരണത്തോടെ 2023 ജനുവരി 28 ന് സംഘടിപ്പിച്ചു. വിവിധ കമ്പനികളിലായി 400 ഒഴിവുകളിലേയ്ക്ക് നടന്ന അഭിമുഖത്തിൽ 519 ഉദ്യോഗാർത്ഥികൾ പങ്കെടുക്കകയും 65 ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുകയും 187 ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തു. ഉദ്യോഗദായകരുടേയും ഉദ്യോഗാർത്ഥികളുടേയും പങ്കാളിത്തംകൊണ്ട് തൊഴിൽമേള ശ്രദ്ധേയമായിരുന്നു.

## PCM. 28/23 സി-ഡിറ്റ് ആഡ് ഓൺ കോഴ്സുകളുടെ ഉദ്ഘാടനം നടത്തി

ഈ വർഷത്തെ സി-ഡിറ്റ് ആഡ് ഓൺ കോഴ്സുകളുടെ ഉദ്ഘാടനം ജനുവരി 30 ഉച്ചകഴിഞ്ഞ് 2.30ന് കോളജ് സെമിനാർ ഹാളിൽ വെച്ച് നടത്തപ്പെട്ടു. സി-ഡിറ്റ് രജിസ്ട്രാർ മിസ്റ്റർ. ജയദേവ് ആനന്ദ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ചടങ്ങിൽ കോളജ് പ്രിൻസിപ്പൽ, ബർസാർ എന്നിവരും പങ്കെടുത്തു.

## PCM. 29/23 പാവനാത്മായുടെ കരുത്തൻമാർ വീണ്ടും മുന്നിൽ

ജനുവരി 30 ന് മഹാത്മാഗാന്ധി സർവകലാശാല വടംവലി മത്സരത്തിൽ പാവനാത്മയുടെ വടംവലി ടീമിന് വീണ്ടും കിരീടം. കൂടാതെ യോഗ ടീം സെക്കന്റ് റണ്ണർ അപ്പ് ആകുകയും, വെയിറ്റ് ലിഫ്റ്റിംഗ് മത്സരത്തിലും സെക്കന്റ് റണ്ണർ അപ്പ് ആയും കീരീടം അണിഞ്ഞു.

## PCM. 30/23 നാഷണൽ സെമിനാർ സങ്കടിപ്പിക്കപ്പെട്ടു

പാവനാത്മാ കോളേജ് ഗണിത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 31 ന് രാവിലെ 10 മുതൽ നാഷണൽ സെമിനാർ സംഘടിപ്പിക്കപ്പെട്ടു. സെമിനാർ കോളജ് പ്രിൻസിപ്പൽ ഡോ. ബെന്നിച്ചൻ സ്കറിയ ഉദ്ഘാടനം ചെയ്തു. ക്ലാസ്സുകൾ നയിച്ചത് കുസാറ്റ് യൂണിവേഴ്സിറ്റിയിലെ ഗണിതശാസ്ത്ര അധ്യാപകരായ ഡോ. നൗഫൽ എ., ഡോ. ബാനർജി എന്നിവർ ആയിരുന്നു.

## PCM. 31/23 ലോക ക്യാൻസർ ദിനം ആചരിച്ചു

പാവനാത്മാ കോളേജ് മലയാള വിഭാഗത്തിന്റെ അഭിമുഖ്യത്തിൽ ഫെബ്രുവരി 04 ന് ലോക ക്യാൻസർ ദിനം ആചരിച്ചു. കുട്ടികൾ പാലിയേറ്റിവ് യുണിറ്റ് സന്ദർശിക്കുകയും, അവർ ശേഖരിച്ച വസ്ത്രങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

## PCM. 32/23 വീണ്ടും കരുത്ത് തെളിയിച്ച് പാവനാത്മ കോളേജ്

ഫെബ്രുവരി 07 ന് മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജിൽ നടന്ന ഫിയ ഫിയാഗ 2K23 യിൽ നേട്ടങ്ങൾ കരസ്ഥമാക്കി പാവനാത്മാ കോളേജ് നൃത്തതിൽ ഒന്നും രണ്ടും സ്ഥാനവും, നാടൻ പാട്ടിൽ ഒന്നാം സ്ഥാനവും ബെസ്റ്റ് മാനേജർ ഒന്നാം സ്ഥാനവും, ബെസ്റ്റ് മാനേജ്മെന്റ് ടീം രണ്ടാം സ്ഥാനവും കരസ്ഥമാക്കിയാണ് പാവനത്മാ മുൻപന്തിയിൽ എത്തിയത്.

## PCM. 33/23 മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ എഡ്യൂക്കേഷൻ എക്സ്പോ 2023 സംഘടിപ്പിച്ചു

ഫെബ്രുവരി 09 ന് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ എഡ്യൂക്കേഷൻ എക്സ്പോ 2023 സംഘടിപ്പിച്ചു. ഉദ്ഘാടനം പ്രിൻ സിപ്പൽ ഡോ. ബന്നോ പുതിയാപറമ്പിൽ നിർവ്വഹിച്ചു. ഇന്ത്യയിലും വിദേശത്തുമുള്ള 20 ൽ പരം യൂണിവേഴ്സിറ്റികളും സ്ഥാപനങ്ങളും എക്സ്പോയിൽ പങ്കെടുത്തു. നവനിർമ്മാൺ എന്ന് പേരിൽ നട ത്തിയ എഡ്യൂക്കേഷൻ എക്സ്പോ, പാവനാത്മ കോളേജ് കരിയർ ഗൈഡൻസ് സെല്ലിന്റെയും പ്ലേസ്മെന്റ് സെല്ലിന്റെയും നേതൃത്വത്തി ലാണ് നടത്തിയത്.

## PCM. 34/23 അന്താരാഷ്ട്ര രോഗീ ദിനത്തോട് അനുബന്ധിച്ച് രോഗീ സന്ദർശനം നടത്തി

പാവനാത്മാ കോളേജ് എൻ.എസ്.എസിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 11 ന് അന്താരാഷ്ട്ര രോഗീ ദിനത്തോട് അനുബന്ധിച്ച് രോഗീ സന്ദർശനം നടത്തി. കുട്ടികളും അധ്യാപകരും രോഗികളായി കഴിയുന്നവരെ പോയി കാണുകയും സംസാരിക്കുകളും പ്രാർത്ഥനകൾ നേരുകയും ചെയ്തു.

## PCM. 35/23 എം.ജി. യൂണിവേഴ്സിറ്റി കലോത്സവത്തിൽ മികവ് തെളിച്ച് പാവനാത്മയിലെ വിദ്യാർത്ഥികൾ

ഫെബ്രുവരി 14 ന് എറണാകുളത്ത് വച്ച് നടന്ന എം.ജി. യൂണി വേഴ്സിറ്റി 2023 കലോത്സവത്തിൽ മികവ് തെളിച്ച് പാവനാത്മയിലെ വിദ്യാർത്ഥികൾ. പാവനാത്മാ കോളേജിനെ പ്രതിനിധീകരിച്ചുകൊണ്ട് നിരവധി കുട്ടികൾ പല ഇനങ്ങളിലായി മത്സരത്തിൽ പങ്കെടുത്തു.

ചെറുകഥ എഴുത്ത് ഇംഗ്ലീഷ് മത്സരത്തിൽ മൂന്നാം സ്ഥാനം സി. റിനു ജോസഫും, ചെറുകഥ എഴുത്ത് മലയാളം ജിജോ പോൾ എന്നിവർ സമ്മാനർഹരായി.

## PCM. 36/23 ലോക മാതൃഭാഷാ ദിനത്തോട് അനുബന്ധിച്ച് നിമിഷ പ്രസംഗം സംഘടിപ്പിച്ചു

പാവനാത്മാ കോളേജ് മലയാളം വിഭാഗത്തിന്റെ നേതൃത്വത്തിൽ ലോക മാതൃഭാഷാ ദിനത്തോട് അനുബന്ധിച്ച് നിമിഷ പ്രസംഗം സംഘടിപ്പിച്ചു. ലോക ജനത അവരവരുടെ മാതൃഭാഷയ്ക്കായി നീക്കി വച്ചിരിക്കുന്ന ഒരു ദിനമാണിത്. ഓരോ ഭാഷയ്ക്കും വ്യത്യസ്തങ്ങളായ നിരവധി സവിശേഷതകളുണ്ടാകും. ഇത്തരം സവിശേഷതകളെ ആഘോഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്ര സംഘടന ഫെബ്രുവരി 21 ലോക മാതൃ ഭാഷാ ദിനമായി ആഘോഷിക്കുവാൻ തീരുമാനിച്ചത്.

# മാർ സ്ലീവാ കോളേജ്, രാജമുടി

## MSC. 19/23 ലോക റേഡിയോ ദിനാചരണം

മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ലോക റേഡിയോ ദിനാചരണം നടത്തി. ''HELLO MSC'' റേഡിയോ ക്ലബിന്റെ നേതൃത്വത്തിൽ നടത്തിയ ലോക റേഡിയോ ദിനാചരണത്തിന്റെ ഭാഗമായി വ്യതസ്ത ഡിപ്പാർട്ട്മെന്റിൽ നിന്ന് അധ്യാപകരും വിദ്യാർത്ഥികളും റേഡിയോ ഓർമകൾ പങ്കുവെച്ചു. പഴമയുടെ മാധുര്യമേറുന്ന ഓർമകൾ പങ്കുവെക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് അധ്യാപകരും വിദ്യാർത്ഥികളും അഭിപ്രായപെട്ടു.

## MSC. 20/23 ഇന്റർ കോളേജിയേറ്റ് തീം ഡാൻസ് കോമ്പറ്റീഷൻ

മാർ സ്ലീവാ കോളേജിലെ ജിയോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 1-02-2023 ൽ ഇന്റർ കോളേജിയേറ്റ് തീം ഡാൻസ് കോമ്പറ്റീഷൻ നടത്തപ്പെട്ടു. പാവനാത്മ കോളേജിൽ നിന്നുള്ള ടീമുകൾ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് യഥാക്രമം 5001 രൂപ, 3001 രൂപ ക്യാഷ് പ്രൈസുകൾ നൽകി.

### MSC. 21/23 ‘Krato 2k23’ ജിയോളജിക്കൽ എക്സിബിഷൻ

മാർ സ്ലീവാ കോളേജിലെ ജിയോളജി ഡിപ്പാർട്ട്മെന്റ് നേതൃത്വത്തിൽ ‘krato 2k23’ എന്ന പേരിൽ 1-02-2023 ൽ ജിയോളജിക്കൽ എക്സിബിഷൻ നടത്തപ്പെട്ടു. ലോകത്തിന്റെ പല ഭാഗത്തു നിന്നും ഉള്ള സാമ്പിളുകളും ഫോസിലുകളും, വർക്കിംഗ് മോഡലുകളും, സ്റ്റിൽ മോഡലുകളും തദവസരത്തിൽ പ്രദർശിപ്പിച്ചു. രാവിലെ 10 മണി മുതൽ വൈകിട്ട് ആറുമണിവരെ നീണ്ടുനിന്ന എക്സിബിഷനിൽ പൊതുജനങ്ങളും, രക്ഷകർത്താക്കളും വിദ്യാർത്ഥികളും അടക്കം ഏകദേശം 500 ഓളം പേർ പങ്കെടുത്തു.

### MSC. 22/23 ഫിയാഫിയഗാ 2K23 മാർ സ്ലീവാ ഫെസ്റ്റ്

മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് കോളേജ് യൂണിയന്റെ നേതൃത്വത്തിൽ 2023 ഫെബ്രുവരി 1 ന് മാർ സ്ലീവാ ഫെസ്റ്റ് ഫിയാഫിയഗാ 2K23 സംഘടിപ്പിച്ചു. ഫെസ്റ്റ് പി.റ്റി.എ. പ്രസിഡന്റ് ശ്രീ. സാജു വർക്കി ഉദ്ഘാടനം ചെയ്തു. ഫെസ്റ്റിന്റെ ഭാഗമായി മാർ സ്ലീവാ കോളേജിലെ വിവിധ വകുപ്പുകൾ ഇന്റർ കോളേജ്, ഇന്റർ സ്കൂൾ മത്സരങ്ങൾ സംഘടിപ്പിച്ചു. വിവിധ കോളേജുകളിലെയും സ്കൂളുകളിലെയും വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു. മാർ സ്ലീവാ ഫെസ്റ്റിന്റെ ഭാഗമായി സാംസ്കാരിക പരിപാടികളും നടന്നു.

### MSC. 23/23 പ്രത്യക്ഷ 2K23 പത്താം വാർഷിക ദിനം

മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പത്താം വാർഷിക കോളേജ് ദിനാഘോഷം നടത്തി. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ (ബിഷപ്, ഇടുക്കി രൂപത) അധ്യക്ഷത വഹിച്ച സമ്മേളനം പ്രഫ. ഡോ. സാബു തോമസ് (ബഹുമാനപ്പെട്ട വൈസ് ചാൻസലർ, എം.ജി. യൂണിവേഴ്സിറ്റി) ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് തകടിയേൽ മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. തോമസ് തൂമ്പുങ്കൽ (അഡ്മിനിസ്ട്രേറ്റർ) വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. മുൻ പ്രിൻസിപ്പൽമാർ, ജനപ്രതിനിധികൾ, സാംസ്കാരിക നായകർ, പിടിഎ ഭാരവാഹികൾ, കോളേജ് ഭാരവാഹികൾ എന്നിവർ ആശംസകൾ നേർന്നു. മാർ സ്ലീവാ കോളേജിന്റെ ആരംഭകാലം മുതൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന സ്റ്റാഫ് അംഗങ്ങളെയും ഓരോ ക്ലാസിലെയും മികച്ച വിദ്യാർത്ഥികൾ, കലാതിലകം, കലാപ്രതിഭ എന്നിവരെയും സ്ഥാപക

ഡയറക്ടർ റവ. ഫാ. ജോസ് കരിവേലിക്കൽ ആദരിച്ചു. വിശിഷ്ടാതിഥി ശ്രീ. ലിബിൻ സ്കറിയ (സ രി ഗ മ പ ടൈറ്റിൽ ജേതാവ്) ആർട്സ് ഫെസ്റ്റ് വിജയികളെ പ്രഖ്യാപിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

## MSC. 24/23 ബോധവൽക്കരണ ക്ലാസ്

മാർ സ്ലീവാ കോളേജിലെ സോഷ്യൽവർക്ക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഉപ്പുതോട് ഗവൺമെന്റ് യു.പി. സ്കൂളിലെ കുട്ടികൾക്ക് വ്യക്തിത്വ വികസനം എന്ന വിഷയത്തെ ആസ്പദമാക്കി ബോധവൽക്കരണ ക്ലാസ് ഫെബ്രുവരി മാസം ഒമ്പതാം തീയതി നടത്തി.

## MSC. 25/23 ഊർജ്ജ കിരൺ ക്യാംപയിൻ

ഊർജ്ജ കിരൺ ക്യാപയിന്റെ ഭാഗമായി സോഷ്യൽവർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ തോപ്രാംകുടിയിൽ ഊർജ്ജ സംരക്ഷണം എന്ന ആശയം പ്രചരിപ്പിയ്ക്കുംവിധം റാലിയും സിഗ്നേച്ചർ ക്യാംപയിനും, വീഡിയോഗ്രഫി കോമ്പറ്റീഷനും നടത്തുകയുണ്ടായി.

## MSC. 26/23 വാലന്റൈൻസ് ഡേ

ഫെബ്രുവരി 14 വാലന്റൈൻസ് ഡേ യോട് അനുബന്ധിച്ച് ലൗ ലെറ്റർ റൈറ്റിംഗ് കോമ്പറ്റീഷൻ നടത്തപ്പെടുകയും സമ്മാനവിതരണം മാർ സ്ലീവാ കോളേജിന്റെ പ്രിൻസിപ്പാൾ ഡോ. ജോഷി വർഗീസ് നിർവഹിക്കുകയും ചെയ്തു.

'ബെസ്റ്റ് ഔട്ട്ഗോയിംഗ് സ്റ്റുഡന്റ്' (ഫാ. ജോസ് കരിവേലിക്കൽ പൗരോഹിത്യ സിൽവർ ജൂബിലി മെമ്മോറിയൽ അവാർഡ്) അവാർഡ് ജേതാവായ ബി.എ. ഇക്കണോമിക് സ്റ്റുഡന്റ് ശ്രീ. മെൽബിൻ സെബാസ്റ്റ്യനെ അനുമോദിക്കുകയും ചെയ്തു. തുടർന്ന് ശ്രീ. മനോജ് ജോസഫ് (ഓഫീസ് സൂപ്രണ്ട്), ശ്രീമതി. സീന മോൾ വർഗീസ് (അസിസ്റ്റന്റ് പ്രൊഫസർ ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ സയൻസ്), ശ്രീമതി. സുജ തങ്കച്ചൻ (ഓഫീസ് സ്റ്റാഫ്) എന്നിവരെ ശ്രീമതി സിന്ധു ജോസ് (പ്രസിഡന്റ്, വാത്തിക്കുടി ഗ്രാമപഞ്ചായത്ത്), പ്രൊഫ. വി.ടി. കുര്യൻ (മുൻ പ്രിൻസിപ്പൽ), റവ. മാത്യു തടത്തിൽ (മുൻ പ്രിൻസിപ്പൽ, ഡയറക്ടർ എച്ച്ഡിഎസ്), ശ്രീ.

ഡിക്ലാർക്ക് സെബാസ്റ്റ്യൻ (വൈസ് പ്രസിഡന്റ്, വാത്തിക്കുടി ഗ്രാമപഞ്ചായത്ത്), റവ. ജോർജ് മുല്ലപ്പിള്ളിൽ (വികാരി, ക്രിസ്തുരാജ് ചർച്ച്, രാജമുടി), ശ്രീമതി സനില വിജയൻ (വാർഡ് മെമ്പർ), ശ്രീ. സാജു വർക്കി (പിടിഎ പ്രസിഡന്റ്), ശ്രീമതി മഞ്ജു വിനോദ് (എംപിടിഎ പ്രസിഡന്റ്), ശ്രീ. ആനന്ദ് ജോസഫ് (വൈസ് പ്രിൻസിപ്പൽ), ശ്രീ. സ്റ്റീവോ ജോസഫ് (ചെയർമാൻ).

## സോഷ്യൽ സർവ്വീസ്

### SS 04/23 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

**പൊട്ടൻകാട്**

പൊട്ടൻകാട് യൂണിറ്റിന്റെ വാർഷികം 15-02-2023 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3 മണിയ്ക്ക് പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻ ചർച്ച് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റ് രക്ഷാധികാരി ഫാ. ജോസ് മാവേലിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗം ബൈസൺവാലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബൈജു കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. മാത്യു തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ശ്രീമതി സിനി ബിജു റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീമതി ലീലാമ്മ, എച്ച്.ഡി.എസ്. സ്റ്റാഫ് അംഗങ്ങളായ എബിൻ കുറുന്താനത്ത്, ബിജോ ഇളംതുരുത്തിയിൽ, നിതിൻ തോമസ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു

### SS 05/23 കൊയ്ത്തുത്സവം

അന്യം നിന്നുപോകുന്ന നെൽകൃഷിയ്ക്ക് കരുത്തേകുവാനും നെൽകർഷകർക്ക് താങ്ങാകുവാനും കൃഷിയിൽ നിന്ന് പിന്മാറുന്ന യുവതലമുറയെ കൃഷിയിലേയ്ക്ക് അടുപ്പിക്കുവാനുമായി കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സഹായത്തോടെ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി മക്കുവള്ളിയിലെ തിരഞ്ഞെടുക്കപ്പെട്ട നെൽകർഷകർക്ക് സാമ്പത്തിക സഹായം നല്കി കൃഷിയിറക്കിയതിന്റെ വിളവെടുപ്പ് ഉത്സവ ഉദ്ഘാടനം ഫോറം ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കലും സൊസൈറ്റി ഡയറക്ടർ റവ. ഫാ. മാത്യു തട

ത്തിലും സംയുക്തമായി നിർവ്വഹിച്ചു. പരിപാടിയിൽ KSSF പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ജിത്തു, HDS പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ, പാടശേഖര സമിതി പ്രസിഡന്റ് കുട്ടിച്ചൻ മുണ്ടയ്ക്കൽ, സെക്രട്ടറി ശ്രീ. ജോസ് കാഞ്ഞിരമലയിൽ, മക്കുവള്ളിയിലെ കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

## SS 06/23 ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ സെമിനാർ

എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെയും, സെന്റർ ഫോർ എൺവയൺമെന്റ് ആന്റ് ഡെവലെപ്മെന്റിന്റെയും നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും നടപ്പാക്കുന്ന ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടി (ഊർജ്ജ കിരൺ 2022-23)യുടെ ഭാഗമായി ഇടുക്കി ദേവികുളം നിയോജക മണ്ഡലത്തിൽ ഇടുക്കി രൂപതയുടെ സമൂഹ്യ ക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഊർജ്ജ സംരക്ഷണ ബോധവൽക്കരണ റാലി, ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള ഹ്യസ്വ വീഡിയോ കോംപറ്റീഷൻ എന്നിവ നടത്തി. ദേവികുളം താലൂക്കിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്കുള്ള ഊർജ്ജ സംരക്ഷണ ബോധവൽക്കരണ സെമിനാർ 15-02-2023 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3 മണിയ്ക്ക് പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻ ചർച്ച് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റ് രക്ഷാധികാരി ഫാ. ജോസ് മാവേലിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച സെമിനാർ ബൈസൺവാലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബൈജു കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. മാത്യു തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. എസ്. എച്ച്.ജി. ഫെഡറേഷൻ പ്രസിഡന്റ് ശ്രീമതി ലീലാമ്മ ജോസഫ്, സെക്രട്ടറി ശ്രീമതി സിനി ബിജു, പ്രോജക്ട് കോർഡിനേറ്റർമാരായ എബിൻ കുറുന്താനത്ത്, നിതിൻ തോമസ് തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു.

## SS 07/23 ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാമ്പയിൻ

കെ.സി.ബി.സി.യുടെ കീഴിലുള്ള മദ്യവിരുദ്ധ സമിതിയും, കേരള സോഷ്യൽ സർവ്വീസ് ഫോറവും, ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും സംയുക്തമായി കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ നടത്തുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാമ്പയിൻ ആണ് "സജീവം". ഇതിന്റെ തുടക്കമായി ലഹരി വിരുദ്ധ

ബോധവൽക്കരണ ക്ലാസ്സ് 15-02-2023 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 4 മണിയ്ക്ക് പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻ ചർച്ച് പാരീഷ് ഹാളിൽ വച്ച് നടത്തി. എച്ച്.ഡി.എസ്. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിജോ മാത്യു ക്ലാസ്സ് നയിച്ചു. 100 പേർ ക്ലാസ്സിൽ സംബന്ധിച്ചു.

## കെ.സി.എസ്.എൽ.

**KCSL 07/23 KIDS FEST 2023**

കിഡ്സ് ഫെസ്റ്റ് 2023 മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ഫെബ്രുവരി പതിനെട്ടാം തീയതി നടത്തപ്പെട്ടു. മത്സരങ്ങളുടെ ഉദ്ഘാടനകർമ്മം മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ അസിസ്റ്റന്റ് മാനേജർ ഫാ. ജോർജ് പുല്ലാനിതുണ്ടത്തിൽ നിർവഹിച്ചു. അഞ്ച് വേദികളിലായി നടന്ന മത്സരങ്ങളിൽ 350 ലധികം മത്സരാർത്ഥികൾ പങ്കെടുത്തു. മത്സരങ്ങളുടെ നടത്തിപ്പിന് രൂപതാ സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നൽകി. മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനം രാജപുരം ക്രിസ്തുരാജ് പള്ളി വികാരി ഫാ. വർഗീസ് മറ്റം നിർവഹിച്ചു.

**മത്സരത്തിൽ വിജയികളായവർ**

**ഒന്നാം സ്ഥാനം**

SJ UPS, Narakakkanam

**രണ്ടാം സ്ഥാനം**

St Antony's LPS, Ellackal
St George LPS, Parathode
Christujyothi Public School, Rajakkad

**മൂന്നാം സ്ഥാനം**

SJ UPS, Bethel
St Maria Goretti LPS, Thopramkudy

കുട്ടികളെ മത്സരങ്ങളിൽ പങ്കെടുപ്പിച്ച എല്ലാ ആനിമേറ്റേഴ്സിനും അധ്യാപകർക്കും മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്ത എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങളും ആശംസകളും.

## HC 09/23 Star of Month

ജനുവരി മാസത്തിലെ Star of Month ആയി തിരഞ്ഞെടുക്കപ്പെട്ട തൊവരയാർ ഇടവകാംഗമായ എയ്ഞ്ചല ജയ്സണിന് തിരുബാലസഖ്യക്കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

## HC 10/23 രോഗീദിനം

ലൂർദ്ദ് മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യത്തിലെ കുട്ടികൾ രോഗീദിനം ആചരിച്ചു. തിരുവചനത്താൽ രോഗികളെ സുഖപ്പെടുത്തിയ വചനമായ ഈശോയോടു ചേർന്ന് ലോകം മുഴുവനും ഉള്ള വിവിധ രോഗങ്ങളാൽ ക്ലേശിക്കുന്ന രോഗികൾക്കായി രോഗീദിനമായ ഫെബ്രുവരി പതിനൊന്നാം തീയതി തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ എല്ലാവരും ചേർന്ന് 'അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യം ഉള്ളവരാക്കപ്പെട്ടിരിക്കുന്നു' (1പത്രോസ് 21:24) എന്ന തിരു വചനം പ്രാർത്ഥനയോടെ 1.5 ലക്ഷം തവണ എഴുതി പ്രാർത്ഥിച്ചു. ഒപ്പം രോഗികളെ സന്ദർശിച്ചും രോഗികളെ ശുശ്രൂഷിച്ചും രോഗീദിനം ആചരിച്ചു.

## HC 11/23 തിരുബാലസഖ്യ ദിനം

ഫെബ്രുവരി മാസത്തിലെ രണ്ടാം ഞായറാഴ്ചയായ പന്ത്രണ്ടാം തീയതി രൂപതാതല തിരുബാലസഖ്യ ദിനമായി മുരിക്കാശ്ശേരി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ കുഞ്ഞുങ്ങളുടെ നേതൃത്വത്തിൽ ആചരിച്ചു. അതോടൊപ്പം ഇരുന്നൂറോളം കുട്ടികളുടെ കാഴ്ച സമർപ്പണവും വി. കുർബാനയപ്പണവും നടന്നു. അന്നേദിവസത്തെ പരിപാടികൾ ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. ഫിലിപ്പ് ഐക്കര ഉദ്ഘാടനം ചെയ്തു. പ്രവർത്തന വർഷ ആൽബം പ്രകാശനം ചെയ്തു. മുരിക്കാശ്ശേരി ഇടവകയിലെ കുഞ്ഞുങ്ങൾ തയ്യാറാക്കിയ 'ഞങ്ങളുടെ വിശുദ്ധർ' എന്ന മാഗസിൻ പ്രകാശനം ചെയ്തു.

## HC 12/23 വചനവിരുന്ന്

50 നോമ്പിനോട് അനുബന്ധിച്ച് തിരുബാലസഖ്യത്തിലെ

കുഞ്ഞുങ്ങൾ 49 ദിവസങ്ങൾക്കൊണ്ട് 89 അധ്യായങ്ങൾ അടങ്ങുന്ന സുവിശേഷ ഭാഗങ്ങൾ വായിച്ച് പ്രാർത്ഥിച്ചൊരുങ്ങുന്നു. 50 നോമ്പിൽ ഓരോ ദിവസവും രണ്ട് അധ്യായങ്ങൾ വീതം വായിക്കാൻ നൽകി വരുന്നു. വായിക്കാൻ അറിയാവുന്ന എല്ലാ കുഞ്ഞുങ്ങളെയും സുവിശേഷം വായിക്കാൻ അധ്യാപകർ പ്രോത്സാഹിപ്പിക്കുമല്ലോ. അതോടൊപ്പം മാതാപിതാക്കളും അധ്യാപകരും 50 ദിവസവും വചനം വായിച്ച് പ്രാർത്ഥിക്കുമല്ലോ.

## ചെറുപുഷ്പ മിഷൻലീഗ്

### CML 13/23 ഫെബ്രുവരി 2 സമർപ്പിത ദിനം

ലോക സമർപ്പിത ദിനമായ ഫെബ്രുവരി രണ്ടാം തീയതി ശാഖകളിൽ സേവനം ചെയ്യുന്ന എല്ലാ സമർപ്പിതരെയും മിഷൻ ലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ ആദരിക്കുകയും, അന്നേദിവസം അവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. അന്നേദിവസം ശാഖകളിൽ മുൻകാലങ്ങളിൽ സേവനം അനുഷ്ഠിച്ച സമർപ്പിതരെയും, ശാഖകളിൽ നിന്ന് മറ്റു പ്രദേശങ്ങളിൽ സേവനമനുഷ്ഠിക്കുന്ന സമർപ്പിതരെയും പ്രത്യേകം ആശംസകൾ അറിയിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

### CML 14/23 ഫെബ്രുവരി 11 ലൂർദ് മാതാവിന്റെ തിരുനാൾ ആഗോള രോഗീ ദിനം

ആഗോള രോഗീ ദിനത്തോടനുബന്ധിച്ച് മിഷൻ ലീഗ് അംഗങ്ങൾ ശാഖ തലത്തിൽ രോഗീ സന്ദർശനങ്ങൾ നടത്തുകയും രോഗികൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

### CML 15/23 വചന വിരുന്ന് - നോമ്പുകാല വചന പഠനം

സുവിശേഷ ഭാഗങ്ങൾ വായിക്കുക ധ്യാനിക്കുക എന്ന ലക്ഷ്യത്തോടുകൂടി മിഷൻ ലീഗ് കുട്ടികൾ “വചന വിരുന്ന്” എന്ന പേരിൽ 49 ദിവസങ്ങൾ കൊണ്ട് സുവിശേഷത്തിലെ 89 അധ്യായങ്ങൾ വായിച്ച് ധ്യാനിക്കുന്നു. വചന പഠനത്തിലൂടെ ഈശോയെ കൂടുതൽ

ആഴത്തിൽ അറിയുവാനും നോമ്പുകാലം പ്രാർത്ഥനാ പൂരിതമാക്കുവാനും രൂപതാ മേഖലാ ശാഖാ തലത്തിൽ മിഷൻ ലീഗ് അംഗങ്ങൾ പ്രാർത്ഥിച്ച് ഒരുങ്ങുന്നു.

### CML 16/23 ഫെബ്രുവരി 19 രൂപതാ എക്സിക്യൂട്ടീവ്

ഫെബ്രുവരി മാസം 19-ാം തീയതി വെള്ളത്തൂവൽ ശാഖയിൽ വച്ച് രൂപതാ പ്രസിഡന്റ് ജോർജുകുട്ടി സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് കൂടി ചർച്ചകൾ നടത്തി.

### CML 17/23 പരീക്ഷ ഒരുക്ക പ്രാർത്ഥന ശാഖാതലത്തിൽ

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന കുട്ടികൾക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും അവരെ പരീക്ഷയ്ക്കായി ഒരുക്കുവാനും ശ്രദ്ധിക്കുമല്ലോ.

## കെ.സി.വൈ.എം. (SMYM)

### KCYM 09/23 ലഹരി വിരുദ്ധ സന്ദേശ യാത്രയ്ക്ക് സ്വീകരണം നൽകി

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തി വന്ന ലഹരി വിരുദ്ധ സന്ദേശ യാത്രയ്ക്ക് ഇരുമ്പുപാലത്തു സ്വീകരണം നൽകി. ഇടുക്കി രൂപതാ കെ.സി.വൈ.എം. ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഇരുമ്പുപാലം പള്ളി വികാരി ഫാ. ജോസഫ് പാലക്കുടി ആശംസകൾ നേർന്നു സംസാരിച്ചു. സംസ്ഥാന സെക്രട്ടറി സാം സണ്ണി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

### KCYM 10/23 45-ാമതു സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം

തിരുവനന്തപുരം നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ചു നടക്കുന്ന 45-ാമതു സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനത്തിൽ കെ.സി.വൈ.എം ഇടുക്കി രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് അലക്സ് തോമസ്, ആനിമേറ്റർ സിസ്റ്റർ ലിന്റ SABS, സംസ്ഥാന സിൻഡിക്കേറ്റ് അംഗമായ സാം സണ്ണി, സംസ്ഥാന സെനറ്റംഗവും രൂപതാ വൈസ് പ്രസിഡന്റുമായ ഐബി

തോമസ്, സംസ്ഥാന സെനറ്റ് അംഗങ്ങളായ ബിജോ ബൈജു, ജെറിൻ പട്ടാംകുളം, നീതു ഷാജി എന്നിവർ പങ്കെടുക്കുന്നു.

**KCYM 11/23 റീജിയൻ സമ്മേളനങ്ങൾ പൂർത്തിയാക്കി**

വാർഷിക സെനറ്റിനോട് അനുബന്ധിച്ചുള്ള റീജിയൻ സമ്മേളനങ്ങൾ പൂർത്തിയാക്കി. നോർത്ത് റീജിയനിൽ ബഹുമാനപ്പെട്ട ജോബി പൂവത്തുങ്കൽ അച്ചനും ഈസ്റ്റ് റീജിയനിൽ മുൻ കെ.സി.വൈ.എം. ഡയറക്ടർ സജി ഞവരക്കാട്ടച്ചനും, വെസ്റ്റ് & സൗത്ത് റീജിയനിൽ ജോസഫ് നടുപ്പടവിൽ അച്ചനും ഉദ്ഘാടനം ചെയ്തു.

**KCYM 12/23 20-ാം വാർഷിക സെനറ്റ് സമ്മേളനം പാറത്തോട്ടിൽ**

കെ.സി.വൈ.എം. 20-ാം വാർഷിക സെനറ്റ് സമ്മേളനം പാറത്തോട്ടിൽ വച്ച് ഫെബ്രുവരി 25, 26 തീയതികളിൽ നടത്തപ്പെടും.

## ജീസസ് യൂത്ത് ഇടുക്കി സോൺ

**JY 12/23 നൈറ്റ് വിജിൽ**

സോണൽ നൈറ്റ് വിജിൽ ഫെബ്രുവരി 2 നു വെകുന്നേരം 6.30 മുതൽ 9.00 മണിവരെ മുളകുവള്ളി സെന്റ് ജോസഫ് ദൈവാലയത്തിൽ നടക്കുകയുണ്ടായി. ജീസസ് യൂത്ത് പ്രവർത്തനങ്ങൾക്കും, സഭയ്ക്കും ലോകം മുഴുവനും വേണ്ടിയുള്ള പ്രാർത്ഥനയുടെ നിമിഷങ്ങൾ ആയിരുന്നു നൈറ്റ് വിജിൽ.

**JY 13/23 ദിവ്യകാരുണ്യ ആരാധന**

കഴിഞ്ഞ രണ്ടു വർഷക്കാലം ദൈവം നടത്തിയ വഴികളെ യോർത്ത് നന്ദി പറഞ്ഞും, വരാൻ പോകുന്ന പുതിയ നേതൃത്വ നിരയ്ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും നടത്തിയ ദിവ്യകാരുണ്യ ആരാധന ഫെബ്രുവരി 17 നു വെകുന്നേരം 6.30 മുതൽ 9.30 മണിവരെ മുളകുവള്ളി സെന്റ് ജോസഫ് ദൈവാലയത്തിൽ നടക്കുകയുണ്ടായി.

**JY 14/23 ഹൗസ്ഹോൾഡ്**

ജീസസ് യൂത്ത് കുടുംബങ്ങളും, യുവജനങ്ങളും, കുട്ടികളും

ഒരുമിച്ചുവരുന്ന സോണൽ ഹൗസ്ഹോൾഡ് ഫെബ്രുവരി 05 ഞായറാഴ്ച അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കുകയുണ്ടായി.

## JY 15/23 സബ്സോൺ ഗാതറിങ്സ്

സബ്സോൺ കോർ ടീമിന്റെ നേതൃത്വത്തിൽ വാഴത്തോപ്പ് സബ്സോൺ ഗാതറിങ് ഫെബ്രുവരി 18 നു വാഴത്തോപ്പ് സെന്റ് ജോർജ് ദൈവാലയത്തിൽ നടക്കുകയുണ്ടായി. 16 പേർ പങ്കെടുത്തു.

സബ്സോൺ കോർ ടീമിന്റെ നേതൃത്വത്തിൽ പാറത്തോട് സബ്സോൺ ഗാതറിങ് ഫെബ്രുവരി 19 നു പറത്തോട് സെന്റ് ജോർജ് ദൈവാലയത്തിൽ നടക്കുകയുണ്ടായി.

സബ്സോൺ കോർ ടീമിന്റെ നേതൃത്വത്തിൽ അടിമാലി സബ്സോൺ ഗാതറിങ് ഫെബ്രുവരി 11 നു അടിമാലി കാർമ്മൽഗിരി കോളേജിൽ വച്ചു നടക്കുകയുണ്ടായി.

## JY 16/23 പ്രയർ ഗ്രൂപ്പ്

സബ്സോണിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചു വരുന്ന സബ്സോൺ പ്രയർ ഗ്രൂപ്പുകൾ വാഴത്തോപ്പ്, തോപ്രാംകുടി, പാറത്തോട് എന്നീ സബ്സോണുകളിൽ വിവിധ ദിവസങ്ങളിൽ നടക്കുകയുണ്ടായി.

## JY 17/23 കൗൺസിൽ മീറ്റിങ്ങ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ 2021-2023 ന്റെ അവസാന കൗൺസിൽ മീറ്റിങ്ങ് ഫെബ്രുവരി 25,26 തിയതികളിൽ നെടുംകണ്ടം കരുണ ആനിമേഷൻ സെന്ററിൽ വെച്ചു നടക്കുകയുണ്ടായി. സോണൽ ചാപ്ലെൻ ബഹുമാനപ്പെട്ട ആന്റണി പാറക്കടവിൽ അച്ചന്റെയും, ബഹുമാനപ്പെട്ട ജെയിംസ് മാക്കിയിൽ അച്ചന്റെയും, ആനിമേറ്റർ സിസ്റ്റർ ബ്ലസി സി.എം.സി.യുടെയും സാന്നിധ്യത്തിൽ നടക്കുകയുണ്ടായി. കൗൺസിൽ അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം മീറ്റിങ്ങിൽ ഉടനീളം ഉറപ്പാക്കി. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ഒടുവിൽ ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, പ്രാർത്ഥനയോടെ കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

# ഫാമിലി അപ്പോസ്റ്റലേറ്റ്

## FA 3/23 വിവാഹ ഒരുക്ക സെമിനാർ മാർച്ച്, ഏപ്രിൽ 2023

സ്നേഹമുള്ളവരെ, ഇടുക്കി രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് നടത്തി വരുന്ന വിവാഹ ഒരുക്ക സെമിനാർ മാർച്ച് മാസം 10, 11, 12; മാർച്ച് 31, ഏപ്രിൽ 1, 2; ഏപ്രിൽ 21, 22, 23 തീയതികളിലായി അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു.

| | |
|---|---|
| March | 10, 11, 12 |
| | March 31, April 1, 2 |
| April | 21, 22,23 |

ആദ്യദിവസം രാവിലെ 9 മണിക്ക് ആരംഭിച്ച് അവസാന ദിവസം ഉച്ചയ്ക്ക് കോഴ്സ് സമാപിക്കുന്നതായിരിക്കും.

കോഴ്സ് ഫീസ് 1500/ രൂപ ആയിരിക്കും. വിശദവിവരങ്ങൾക്ക് 9447413328 എന്ന നമ്പറിൽ വിളിക്കുകയോ Whatsapp ചെയ്യുകയോ ചെയ്യുക.

വിവാഹ ഒരുക്ക കോഴ്സിന് പങ്കെടുക്കുന്നവർ മൂന്ന് ദിവസം താമസിച്ച് പങ്കെടുക്കുവാൻ വേണ്ട ആവശ്യവസ്തുക്കളും, ബൈബിൾ, ബെഡ്ഷീറ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, ബഹു. വികാരിയച്ചന്റെ എഴുത്ത് എന്നിവ കരുതേണ്ടതാണ്.

ഞായറാഴ്ച ഉച്ചകഴിഞ്ഞു 1:30 ന് മാതാപിതാക്കൾക്ക് ഒരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

**ഫാമിലി അപ്പോസ്റ്റലേറ്റ് - 9447413328**
**സി. സോഫിയ റോസ് CMC - 6235931254**
**സി. നിത്യ CMC - 8078755919**



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 08/23 വാർഷിക പദ്ധതിരൂപീകരണം

ബഹു. സോണൽ അനിമേറ്റർ റവ. ഫാ. ജോസഫ് നടുപ്പട വിലിന്റെ അധ്യക്ഷതയിൽ കരിമ്പനിൽ കൂടിയ സോണൽ സർവീസ് ടീം, സോണൽ മിനിസ്ട്രികളുടെ കോർഡിനേറ്റർമാർ, സബ്സോൺ കോർ ടീം എന്നിവയുടെ സംയുക്ത സമ്മേളനത്തിൽ 2023 വർഷ ത്തിൽ ഇടുക്കി സോൺ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തന ങ്ങളുടെ രൂപരേഖ തയ്യാറാക്കി.

## PG 09/23 മധ്യസ്ഥപ്രാർത്ഥനാ ദിനം

എല്ലാമാസത്തിലെയും മൂന്നാമത്തെ ചൊവ്വാഴ്ച്ച മധ്യസ്ഥ പ്രാർത്ഥനാ ദിനമായി ആചരിക്കുന്നു. ഫെബ്രുവരി മാസത്തെ മധ്യ സ്ഥപ്രാർത്ഥനാ ദിനം 21-ാം തീയതി കരിമ്പനിലെ സെന്റ് മേരിസ് ദൈവാലയത്തിൽ വച്ച് നടന്നു.

## PG 10/23 രോഗീദിനം

‘‘വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടു ത്തും’’ (യാക്കോബ് 5:15). കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ഫെബ്രുവരി 12-ാം തീയതി ആയിരമേക്കർ സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് രോഗീദിന കൺവെൻഷൻ നടത്തി. 250 തോളം രോഗികളും അവരുടെ കുടും ബാംഗങ്ങളും പങ്കെടുത്ത പ്രസ്തുത ശുശ്രൂഷയിൽ ഇടുക്കി രൂപത യുടെ മെത്രാൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് രോഗശാന്തി ശുശ്രൂഷയും രോഗീദിന സന്ദേശവും നൽകി. റവ. ഫാ. ജോസഫ് നടുപ്പടവിൽ വി. ബലി അർപ്പണശേഷം ദിവ്യകാരുണ്യ ആരാധന നയിച്ചു. ശ്രീ. ഉണ്ണി മാവടി, ശ്രീ. ജോസുകുട്ടി ഒഴുകയിൽ എന്നിവർ വചനപ്രഘോഷണ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വലിയ ദൈവാനുഭവത്തിന്റെയും രോഗശാന്തിയുടെയും കരുതലിന്റെയും ഒത്തുചേരലിന്റെയും ആഹ്ളാദത്തിന്റെയും അവസരമായി മാറിയ രോഗീദിനാചരണം സ്നേഹവിരുന്നോടുകൂടി സമാപിച്ചു.

**PG 11/23 KCSC സന്ദർശനം**

ചെയർമാൻ റവ. ഫാ. ജോസഫ് താമരവെളിയുടെ നേതൃത്വത്തിൽ കേരള കരിസ്മാറ്റിക് സർവീസ് ഓഫ് കമ്മ്യൂണിയൻ മാർച്ച് മാസം 8-ാം തീയതി ഇടുക്കി സോൺ സന്ദർശിക്കുന്നു.

## കുടുംബക്കൂട്ടായ്മ

**SCC 02/23 രൂപതാതല നേതൃത്വ സംഗമം**

ജനുവരി മാസം 24 ചൊവ്വാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് കുടുംബ കൂട്ടായ്മകളുടെ ഇടവകതല ശുശ്രൂഷകരുടെ സംഗമം നടത്തി. രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി 220 പ്രതിനിധികൾ സംബന്ധിച്ചു. ഈ സംഗമത്തിൽ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് അനുഗ്രഹ സന്ദേശം നൽകി. കുടുംബകൂട്ടായ്മകളെ സജീവമാക്കി ഇടവകകളേയും കുടുംബങ്ങളേയും ശക്തിപ്പെടുത്തണമെന്ന് പിതാവ് ഓർമ്മിച്ചു. മുരിക്കാശ്ശേരി ഫൊറോന വികാരി ഫാ. ജോസ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്ത സംഗമത്തിൽ കുടുംബകൂട്ടായ്മ രൂപതാ ഡയറക്ടർ ഫാ. മാത്യു പുതുപ്പറമ്പിൽ, രൂപതാ പ്രസിഡന്റ് ഷാജി വൈക്കത്തുപറമ്പിൽ, കമ്മറ്റിയംഗങ്ങളായ ടോമി കണ്ടത്തിൽ, ജോസുകുട്ടി മാടപ്പള്ളിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഇടവക തലത്തിൽ കുടുംബ കൂട്ടായ്മകളെ സജീവമാക്കാനുള്ള പ്രായോഗിക പദ്ധതികൾ വ്യത്യസ്ത ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് കണ്ടെത്തി. പ്രോഗ്രാമുകൾക്ക് രൂപതാ കമ്മറ്റിയംഗങ്ങളായ ബോസ് തകടിയേൽ, ജിബി, ലില്ലിക്കുട്ടി മാത്യു എന്നിവർ നേതൃത്വം നൽകി.

**SCC 03/23 നേതൃത്വ പരിശീലനം വാഴത്തോപ്പ് കത്തീഡ്രലിൽ**

ജനുവരി മാസം 26 ന് വൈകുന്നേരം മൂന്ന് മണി മുതൽ ആറ് മണിവരെ വാഴത്തോപ്പ് കത്തീഡ്രലിലെ കുടുംബകൂട്ടായ്മാ ശുശ്രൂഷകർക്കുള്ള പരിശീലപരിപാടി നടത്തപ്പെട്ടു. നാൽപ്പത് കുടുംബ കൂട്ടായ്മകളിലെ തിരഞ്ഞെടുക്കപ്പെട്ട അഞ്ച് പ്രതിനിധികൾ, വിശ്വാസപരിശീലകർ, വിവിധ ഭക്തസംഘടനകളുടെ ലീഡേഴ്സ്, വിവിധ കോൺവെന്റുകളിലെ സിസ്റ്റേഴ്സ് എന്നിവരുൾപ്പെടെ

ഇരുനൂറ്റിയമ്പത് പ്രതിനിധികൾ പങ്കെടുത്തു. കത്തീഡ്രൽ വികാരി ഫാ. ഫ്രാൻസിസ് ഇടവക്കണ്ടത്തിന്റെ ആമുഖസന്ദേശത്തോടെയാരംഭിച്ച പരിശീലനപരിപാടിയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പുതുപ്പറമ്പിൽ, രൂപതാ കമ്മറ്റിയംഗങ്ങളായ ജോസുകുട്ടി മാടപ്പള്ളിൽ, ബിജു കൊച്ചുപുര, ജിബി പാറിപ്പാറ എന്നിവർ ക്ലാസ്സുകളെടുത്തു. വിവിധ ഗെയിമുകളിലൂടേയും ഗ്രൂപ്പ് വർക്കുകളിലുടെയും കുടുംബകൂട്ടായ്മകളുടെ വളർച്ചയ്ക്കാവശ്യമായ പരിശീലനങ്ങൾ പങ്കെടുത്തവർക്ക് ലഭിച്ചു.

## SCC 04/23 കൂട്ടായ്മാ സെക്രട്ടറിമാരുടെ ഡയറി

കുടുംബ കൂട്ടായ്മകളിലെ സെക്രട്ടറിമാർക്ക് ഉപയോഗിക്കാവുന്ന തരത്തിലുള്ള കൂട്ടായ്മാ ഡയറി വിതരണത്തിന് തയ്യാറായിട്ടുണ്ട്'. കൂട്ടായ്മയെ സംബന്ധിച്ച വിവരങ്ങൾ, കുടുംബങ്ങളിലെ അംഗങ്ങളുടെ പേരുകൾ എന്നിവ എഴുതി സൂക്ഷിക്കുവാനുള്ള സൗകര്യം ഈ ഡയറിയിലുണ്ട്. ഓരോ മാസവും പങ്കെടുക്കുന്നവരുടെ ഹാജർ രേഖപ്പെടുത്തുവാനുള്ള സൗകര്യം, കൂട്ടായ്മയിലുള്ള അംഗങ്ങളുടെ വിശേഷ ദിവസങ്ങൾ കുറിച്ചുവയ്ക്കുവാനുള്ള സൗകര്യം എന്നിവയും ഇതിന്റെ പ്രത്യേകതയാണ്. മുന്ന് വർഷത്തേയ്ക്ക് ഉപയോഗിക്കാവുന്ന രീതിയിലാണ് ഈ ഡയറി തയ്യാറാക്കിയിട്ടുള്ളത്. കോപ്പി ഒന്നിന് 100 രൂപ നിരക്കിൽ കരിമ്പൻ ബിഷപ്സ് ഹൗസിൽ ലഭ്യമാണ്.

## SCC 05/23 ഇടവകതല നേതൃത്വ പരിശീലനം

ഇടവക തലത്തിൽ കുടുംബ കൂട്ടായ്മകളിലെ ശുശ്രൂഷകർക്കുള്ള നേതൃത്വ പരിശീലന പരിപാടി രൂപതാ ടീം ഇടവകകളിൽ വന്ന് നടത്തിത്തരുന്നതാണ്. മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള ഈ പരിശീലനത്തിൽ ക്ലാസ്സുകൾ, ഗെയിമുകളിലുടെയും ഗ്രൂപ്പ് വർക്കുകളിലുടെയുമുള്ള പരിശീലനം, ദിവ്യകാരുണ്യ ആരാധന എന്നിവ ഉൾപ്പെടും. പരിശീലന പരിപാടിക്ക് രൂപതാ ഡയറക്ടറുമായി ബന്ധപ്പെടുക.

## കത്തോലിക്കാ കോൺഗ്രസ്

**AKCC 15/23 പ്രതിഷേധിച്ചു**

ക്രൈസ്തവരുടെ വി. ഗ്രന്ഥമായ ബൈബിൾ കത്തിച്ചതിനെതിരേയും, വിവിധ പ്രദേശങ്ങളിൽ ക്രൈസ്തവർക്കെതിരേയും ദൈവാലയങ്ങൾക്കെതിരേയും നിരന്തരമായി നടക്കുന്ന ആക്രമണങ്ങൾക്കെതിരേയും ദൃശ്യ പത്ര മാധ്യമങ്ങളിലൂടെ ശക്തമായ പ്രതിഷേധം അറിയിച്ചു.

**AKCC 16/23 ഗ്ലോബൽ കമ്മിറ്റി**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ കമ്മിറ്റി കോട്ടയത്ത് നടന്നു. വിവിധ കാർഷിക വിഷയങ്ങൾ ഉന്നയിച്ചു കൊണ്ട് കേരളത്തിൽ മൂന്ന് റീജിയണുകളിലായി സമരപരിപാടികൾ നടത്താൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ഇടുക്കിയിൽ വമ്പിച്ച കർഷക സമരം മാർച്ചുമാസം സംഘടിക്കും.

**AKCC 17/23 പൂർവ്വകാല ഭാരവാഹി സംഗമം**

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപത മുൻകാല രൂപതാ ഭാരവാഹികളുടെ സംഗമം നെടുംകണ്ടത്ത് സംഘടിപ്പിച്ചു.

**AKCC 18/23 യൂണിറ്റ് സന്ദർശനം**

മാർച്ച്, ഏപ്രിൽ മാസങ്ങളിൽ രൂപത സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനങ്ങൾ നടത്തപ്പെടും.

## വാർത്തകളും വിശേഷങ്ങളും

### പൗരസ്ത്യ സഭകളുടെ ഡികാസ്റ്ററിയ്ക്ക് പുതിയ സെക്രട്ടറി

പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ ഡികാസ്റ്ററിയുടെ കാര്യനിർവഹണങ്ങളുടെ പുതിയ സെക്രട്ടറിയായി മാറോണീത്ത അന്തോണിയൻ സഭ സമൂഹത്തിലെ അംഗമായ പാദ്രേ മിക്കേൽ

ജലാഖിനെ ഫ്രാൻസിസ് പാപ്പാ നിയമിച്ചു. ഇതേ ഡികാസ്റ്ററിയുടെ പുതിയ പ്രീഫെക്ട് ആയി മോൺ. ക്ലൗദിയോ ഗുജ്ജറോത്തിയെ നിയമിച്ചതിന് പിന്നാലെയാണ് സെക്രട്ടറിയായി പാദ്രെ മിക്കേലിനെയും നിയമിക്കുന്നത്.

## യുക്രെയിൻ യുദ്ധം : സമാധാനത്തിന് ആഹ്വാനവുമായി ഫ്രാൻസിസ് പാപ്പ

2022 ഫെബ്രുവരി 24ന് ആരംഭിച്ച റഷ്യൻ യുദ്ധം ഒരു വർഷം പിന്നിട്ടിരിക്കുന്നു. ഒരു വർഷം നീണ്ട കിരാതമായ യുദ്ധത്തിൽ 42,295 പേർ കൊല്ലപ്പെടുകയും 56,756 പേർക്ക് പരിക്കേൽക്കുകയും 15,000 പേർ കാണാതാകുകയും 1.4 കോടി ജനം പലായനം ചെയ്യുകയും ചെയ്തു. 1,40,00 കെട്ടിടങ്ങൾ തകർക്കപ്പെട്ടു.

ഇത് യുദ്ധവെറിയുടെ ദുഃഖ വാർഷികമാണെന്ന് പാപ്പാ വിശേഷിപ്പിച്ചു. എത്രയും വേഗം യുദ്ധം അവസാനിപ്പിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ബുധനാഴ്ച വത്തിക്കാനിലെ പൊതു ദർശനത്തിനിടയിലാണ് മാർപാപ്പയുടെ ഈ സമാധാന ആഹ്വാനം. യുക്രെയിൻ യുദ്ധം അർത്ഥരഹിതവും അത്യന്തം ക്രൂരവും ആണെന്ന് മാർപാപ്പ പറഞ്ഞു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഏറ്റവും കൂടുതൽ കാലം നീണ്ട ഈ യുദ്ധം ലോകത്തിന്റെ സാമ്പത്തിക അടിത്തറ ഇളക്കി. യുദ്ധം അവസാനിപ്പിക്കാൻ ആയി തങ്ങൾ എന്തുമാത്രം പരിശ്രമിച്ചു എന്ന് ഉത്തരവാദിത്തപ്പെട്ടവർ ആത്മപരിശോധന ചെയ്യണമെന്ന് മാർപാപ്പ ഓർമ്മിപ്പിച്ചു.

ഇതുപോലുള്ള കുറ്റങ്ങളും അതിക്രമങ്ങളും പൊറുക്കുവാൻ സാധിക്കുന്നതല്ല. ദൈവം സമാധാനത്തിന്റെ ദൈവമാണ് എന്ന് ഓർമ്മിപ്പിച്ച മാർപാപ്പ ഏറെ പീഡിപ്പിക്കപ്പെടുകയും മർദ്ദനമേൽക്കുകയും ഇപ്പോഴും സഹനങ്ങളിൽ തുടരുകയും ചെയ്യുന്ന യുക്രെയിൻ ജനതയോട് പ്രാർത്ഥനകൊണ്ട് സമീപസ്ഥരായിരിക്കണം എന്നും പറഞ്ഞു

മല്പാൻ മാത്യു വെള്ളാനിക്കൽ

# മിശിഹായിൽ നവജീവിതം

## (തിരുവചനഭാഗം: റോമാ 12,1-21)

ഈ വചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. യഥാർത്ഥമായ ആരാധന (12,1-2)
2. സഭാകൂട്ടായ്മയും വരദാനങ്ങളും (12,3-8)
3. ക്രിസ്തീയജീവിതത്തിൽ അവശ്യം വേണ്ട മൂല്യങ്ങൾ (12,9-13)
4. ഇതരമതസ്ഥരോടുള്ള പെരുമാറ്റം (12,14-18)
5. ദൈവികനീതിയും ശത്രുസ്നേഹവും (12,19-21)

ഈ ലേഖനഭാഗം അജപാലകർക്കു നല്കുന്ന ആത്മീയചിന്തകൾ മനസ്സിലാക്കാൻ ശ്രമിക്കാം.

**1. യഥാർത്ഥമായ ആരാധന**

"*ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന. നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും*" (12,1-2).

യഹൂദർക്ക് ജറുസലേം ദേവാലയത്തിൽ ബലിയർപ്പണത്തിനുള്ള സൗകര്യങ്ങളും ക്രമീകരണങ്ങളും ഉണ്ടായിരുന്നു. വിജാതീയരാകട്ടെ അവരുടേതായ ബലിയർപ്പണങ്ങൾ നടത്തിയിരുന്നു. എന്നാൽ ഈശോയിൽ വിശ്വസിക്കുന്നവർ അർപ്പിക്കേണ്ട ബലി എപ്രകാരമുള്ളതായിരിക്കണമെന്ന് പൗലോസ്ശ്ലീഹാ ഇവിടെ വ്യക്തമാക്കുകയാണ്. ഈശോമിശിഹായുടെ ബലിയർപ്പണമാണ് ഈശോയിൽ വിശ്വസിക്കുന്നവരുടെയും ബലിയർപ്പണത്തിനു മാതൃകയാകേണ്ടത്. ഈശോയുടെ ബലി അവിടുത്തെ ശരീരരക്തങ്ങളുടെ ബലിയർപ്പണമായിരുന്നു. ഹെബ്രായർക്കെഴുതിയ ലേഖനത്തിൽ അതേപ്പറ്റി വ്യക്തമായി പറയുന്നുണ്ട്: "ഇതിനാൽ അവൻ ലോകത്തിലേക്കു

പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുൾച്ചെയ്തു. ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു. ദഹനബലികളിലും പാപപരിഹാരബലികളിലും അവിടുന്നു സംപ്രീതനായില്ല. അപ്പോൾ പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു: ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു... ആ ഹിതമനുസരിച്ച് ഈശോമിശിഹായുടെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (ഹെബ്രാ 10,5-10).

'ശരീരം' എന്നതിന്റെ അർത്ഥം ഈ ലോകജീവിതമെന്നാണ്. ദൈവഹിതം നിറവേറ്റുന്ന ജീവിതമാണ് ദൈവത്തിനു പ്രസാദകരമായ ബലിയർപ്പണം. ഈശോ അപ്രകാരമുള്ള ബലിയർപ്പണത്തിലൂടെയാണ് മനുഷ്യകുലത്തിന്റെ രക്ഷ സാദ്ധ്യമാക്കിയത്. ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ ഈശോയുടെ മനോഭാവത്തെപ്പറ്റി പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: "ഈശോമിശിഹായ്ക്കുണ്ടായിരുന്ന ഈ മനോഭാവം നിങ്ങൾക്കുമുണ്ടായിരിക്കട്ടെ.... ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ - അതെ കുരിശുമരണംവരെ - അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി" (ഫിലിപ്പി 2,5-9). മരണത്തോളം അനുസരണാജീവിതം നയിച്ച ഈശോയുടെ ജീവിതമാണ് ദൈവത്തിനു സ്വീകാര്യമായ, മനുഷ്യരക്ഷാകരമായ, ബലിയർപ്പണമായിത്തീരുന്നത്. ഈശോയുടെ ഈ ബലിയർപ്പണമാണല്ലോ പരിശുദ്ധ കുർബാനയർപ്പിച്ചുകൊണ്ട് അർപ്പിക്കുവാൻ ക്രൈസ്തവരെല്ലാം കടപ്പെട്ടിരിക്കുന്നതും (ലൂക്കാ 22,19). മിശിഹായോടുചേർന്ന് ബലിയർപ്പണം നിർവ്വഹിക്കുന്നതാണ് യഥാർത്ഥ ആരാധനയെന്ന് വി. യോഹന്നാന്റെ സുവിശേഷവും സാക്ഷ്യപ്പെടുത്തുന്നു (യോഹ 4,23). ഇപ്രകാരം മിശിഹായോടുചേർന്ന് സ്വന്തം ശരീരമർപ്പിച്ചുകൊണ്ട് യഥാർത്ഥ ആരാധകരായിത്തീരുവാൻ അജപാലകരും അജഗണങ്ങളും വിളിക്കപ്പെട്ടിരിക്കുന്നു.

**2. സഭാകൂട്ടായ്മയും വരദാനങ്ങളും**

*"നമുക്ക് ഒരു ശരീരത്തിൽ അനേകം അവയവങ്ങൾ ഉണ്ടല്ലോ. എല്ലാ അവയവങ്ങൾക്കും ഒരേ ധർമമല്ല. അതുപോലെ, നാം പലരാണെങ്കിലും മിശിഹായിൽ ഏകശരീരമാണ്. എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാണ്. നമുക്കു ലഭിച്ചിരിക്കുന്ന കൃപയനുസരിച്ചു നമുക്കുള്ള ദാനങ്ങളും വ്യത്യസ്തങ്ങളാണ്. പ്രവചനവരം വിശ്വാസത്തിനുചേർന്നവിധം പ്രവചിക്കുന്നതിലും, ശുശ്രൂഷാവരം ശുശ്രൂഷാനിർവ്വഹണത്തിലും, അധ്യാപനവരം അധ്യാപന*

*ത്തിലും, ഉപദേശവരം ഉപദേശത്തിലും നമുക്ക് ഉപയോഗിക്കാം. ദാനംചെയ്യുന്നവൻ ഔദാര്യത്തോടെയും, കരുണ കാണിക്കുന്നവൻ പ്രസന്നതയോടെയും പ്രവർത്തിക്കട്ടെ"* (12,4-8).

സഭയെ സൂചിപ്പിക്കുവാൻ പൗലോസ്ശ്ലീഹാ ഉപയോഗിക്കുന്ന ശക്തമായ പ്രതീകങ്ങളിലൊന്ന് മിശിഹായുടെ ശരീരം എന്നതാണ് (1 കൊറി 12,12-27; എഫേ 1,22; 4,15). യഹൂദരെ ശരീരപ്രകാരം മിശിഹായോടു ബന്ധപ്പെട്ടവരും (റോമാ 9,4) വിജാതീയരെ വിശ്വാസംവഴി മിശിഹായിൽ ജീവിക്കുന്നവരുമെന്ന നിലയിൽ മിശിഹായുടെ ശരീരമെന്ന് വിശേഷിപ്പിക്കുന്നു. ഈ പ്രതീകത്തിൽ ഓരോ വിശ്വാസിയുടെയും തനിമ കൂട്ടായ്മയിൽ നഷ്ടപ്പെടുന്നില്ല. അതേസമയം വിശ്വാസികളുടെ സമൂഹമായ സഭ ഒരു കൂട്ടായ്മയാണെന്ന യാഥാർത്ഥ്യം ശ്ലീഹാ അനുസ്മരിപ്പിക്കുന്നു. ആദിമസഭയുടെ കാലഘട്ടംമുതൽ, സഭയെ കൂട്ടായ്മയിൽ ജീവിച്ചിരുന്ന സമൂഹമായിട്ടാണല്ലോ നാം കാണുന്നത് (അപ്പ. 20,42), സഭാകൂട്ടായ്മ വെറും മാനുഷികകൂട്ടായ്മയല്ല, ദൈവികകൂട്ടായ്മയാണ്. മാമോദീസായിലൂടെ ത്രിയേക ദൈവത്തിന്റെ കൂട്ടായ്മയിലേക്ക് പ്രവേശിപ്പിക്കപ്പെട്ടവരുടെ കൂട്ടായ്മയാണ് (മത്താ 28,19; 1 യോഹ 1,3). സ്വർഗീയപിതാവായ ദൈവത്തിന്റെ മക്കൾക്കടുത്ത കുടുംബകൂട്ടായ്മ എന്ന നിലയിൽ അവർ മിശിഹായിൽ ഒരു ശരീരമായി ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ്. വിവിധ അവയവങ്ങളുടെ ധർമ്മങ്ങൾ വ്യത്യസ്തങ്ങളായിരിക്കുന്നതുപോലെ വിവിധ അംഗങ്ങളുടെ കൃപകളും ദൗത്യങ്ങളും സഭയിൽ വ്യത്യസ്തമാണ്.

സഭയുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ദൈവം വിശ്വാസികൾക്ക് വരദാനങ്ങൾ നൽകുന്നതായാണ് പൗലോസ്ശ്ലീഹാ കരുതുന്നത്. വരദാനങ്ങൾ ലഭിച്ചവർ പ്രസ്തുത വരദാനങ്ങൾ അനുസരിച്ച് പ്രവർത്തിക്കണം എന്ന് കല്പനാരൂപത്തിലാണ് വിശുദ്ധ പൗലോസ് നിർദ്ദേശിക്കുന്നത്. 'വിശ്വാസത്തിനു ചേർന്നവിധം' വരങ്ങൾ വിനിയോഗിക്കണം എന്ന നിർദ്ദേശത്തിലൂടെ വരങ്ങളുടെ ആത്യന്തികലക്ഷ്യം സഭയുടെ വിശ്വാസപോഷണമാണെന്ന് വ്യക്തമാണ്. വിശ്വാസികളുടെ സമൂഹമായി ഐക്യത്തിൽ ഒരു ശരീരമായി ജീവിക്കണമെങ്കിൽ ശരീരത്തിൽ ശിരസ്സിന്റെ സ്ഥാനം വഹിക്കുന്ന ശുശ്രൂഷയുമുണ്ടായിരിക്കണം. അപ്രകാരം ശിരസ്സിന്റെ സ്ഥാനം വഹിക്കുന്ന ശുശ്രൂഷ ശ്ലീഹന്മാരുടേതാണെന്ന് കോറിന്തോസ്കാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്: "ദൈവം സഭയിൽ ഒന്നാമത് ശ്ലീഹന്മാരെയും, രണ്ടാമത് പ്രവാചകന്മാരെയും, മൂന്നാമത് പ്രബോധകരെയും ....നിയമിച്ചിരിക്കുന്നു" (1 കോറി 12,28). അതുകൊണ്ട് സഭാം

ഗങ്ങളെല്ലാവരും ശ്ലൈഹിക നേതൃത്വത്തെ അംഗീകരിച്ചുകൊണ്ട് സഭാകൂട്ടായ്മയെ കെട്ടിപ്പടുക്കണം. ഈ അവബോധത്തോടെ അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ അജപാലകരും, അജപാലനരംഗത്തു ശുശ്രൂഷചെയ്യുവാൻ അജഗണങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

### 3. ക്രിസ്തീയജീവിതത്തിൽ അവശ്യം വേണ്ട മൂല്യങ്ങൾ

*"നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിന്മയെ ദ്വേഷിക്കുവിൻ; നൻമയെ മുറുകെപ്പിടിക്കുവിൻ. നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ; പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടുനിൽക്കുവിൻ"* (12,9-10).

ക്രിസ്തീയജീവിതത്തിൽ അവശ്യം വേണ്ട മൂല്യങ്ങളെക്കുറിച്ചാണ് ഇവിടെ പൗലോസ്ശ്ലീഹാ സംസാരിക്കുന്നത്. ഇതിൽ പ്രഥമസ്ഥാനം നൽകിയിരിക്കുന്നത് സ്നേഹത്തിനാണ്. സഭാംഗങ്ങളുടെ വരദാനങ്ങളെപ്പറ്റി പറയുന്നിടത്ത് 'സ്നേഹം സർവ്വോത്കൃഷ്ടം' എന്നു പറഞ്ഞ് ഒരദ്ധ്യായം മുഴുവൻ സ്നേഹത്തെപ്പറ്റി പൗലോസ്ശ്ലീഹാ പറയുന്നുണ്ടല്ലോ (1 കോറി 13). അതിനു മുഖവുരയായി ശ്ലീഹാ പറയുന്നു: "ഉൽകൃഷ്ടദാനങ്ങൾക്കുവേണ്ടി തീക്ഷ്ണമായി അഭിലഷിക്കുവിൻ. ഉത്തമമായ മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം" (1 കോറി 12,31). സ്നേഹത്തെക്കുറിച്ചുള്ള അധ്യായം അവസാനിപ്പിക്കുന്നതും "എന്നാൽ സ്നേഹമാണ് സർവ്വോത്കൃഷ്ടം" എന്നു പറഞ്ഞുകൊണ്ടാണ്. ക്രിസ്തീയജീവിതത്തിൽ പ്രായോഗികമാക്കേണ്ട സ്നേഹത്തിന്റെ പ്രത്യേകതകൾ വ്യക്തമായി ഈ അദ്ധ്യായം അവതരിപ്പിക്കുന്നുണ്ട്. ഇപ്രകാരമുള്ള സ്നേഹം ക്രിസ്തീയജീവിതത്തിന്റെ മുഖമുദ്രയായിത്തീരണം എന്നത് അജപാലകരുടെയും അജഗണങ്ങളുടെയും അടിസ്ഥാനപരമായ ബോദ്ധ്യമായിരിക്കണം.

സ്നേഹം കഴിഞ്ഞാൽപിന്നെ ക്രിസ്തീയജീവിതത്തിനുണ്ടായിരിക്കേണ്ട സവിശേഷതകളായി എടുത്തുപറയുന്നത്, പരസ്പരബഹുമാനം, തീക്ഷ്ണത, പ്രത്യാശ, സഹനശീലം, സഹായസന്നദ്ധത, അതിഥി സല്ക്കാരം, ക്ഷമ, ദീനാനുകമ്പ, എളിമ, സമാധാനം തുടങ്ങിയ വിവിധ പുണ്യങ്ങളാണ്. പരിശുദ്ധ കുർബാനാഘോഷത്തിൽ ഉത്ഥാനഗീതത്തിനു തൊട്ടുമുമ്പുള്ള പ്രാർത്ഥനയിൽ സഭയെ വിശേഷിപ്പിക്കുന്നത് "സകലസൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടിനില്ക്കുന്ന സഭ" എന്നാണ്. അതുപോലെതന്നെ പൗരസ്ത്യസുറിയാനിസഭയിലെ പൗരോഹിത്യാഭിഷേക്രമത്തിലെ കൈവയ്പുപ്രാർത്ഥനയിൽ, പുരോഹിതൻ അനുഷ്ഠിക്കേണ്ട ശുശ്രൂഷകളിൽ ഒന്നായി എടുത്തുപറയുന്നത് 'വിശ്വാസികളെ സുകൃതങ്ങൾകൊണ്ട് അലങ്ക

രിക്കുക' എന്നതാണ്. അതുകൊണ്ട് അജഗണങ്ങളെ സ്നേഹത്തിലും സകലസുകൃതങ്ങളിലും വളർത്തുവാനുള്ള ചുമതല അജപാലകർക്കുണ്ട്. അപ്രകാരം വിശ്വാസികൾ വളരണമെങ്കിൽ, അജപാലകർതന്നെ ഈ സുകൃതങ്ങൾ അഭ്യസിക്കുന്നവരും, അവയിൽ അജഗണങ്ങളെ പരിശീലിപ്പിക്കുവാൻ നിരന്തരം ശ്രദ്ധിക്കുന്നവരുമാകണം.

**4. ഇതരമതസ്ഥരോടുള്ള പെരുമാറ്റം**

*"നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അനുഗ്രഹിക്കുകയല്ലാതെ ശപിക്കരുത്. സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുവിൻ; കരയുന്നവരോടുകൂടെ കരയുവിൻ. നിങ്ങൾ അന്യോന്യം യോജിപ്പോടെ വർത്തിക്കുവിൻ; ഔദ്ധത്യം വെടിഞ്ഞ് എളിയവരുടെ തലത്തിലേക്കിറങ്ങിവരുവിൻ. ബുദ്ധിമാന്മാരാണെന്നു നിങ്ങൾ നടിക്കരുത്. തിന്മക്കു പകരം തിന്മ ചെയ്യരുത്. ഏവരുടെയും ദൃഷ്ടിയിൽ ശ്രേഷ്ഠമായതു പ്രവർത്തിക്കാൻ ശ്രദ്ധിക്കുവിൻ. സാധിക്കുന്നിടത്തോളം എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുവിൻ"* (12,14-18).

സഭാംഗങ്ങൾ സ്നേഹത്തിലും സുകൃതങ്ങളിലും മുന്നേറുന്നവരായിരിക്കണം എന്നു നിർദ്ദേശിക്കുന്നതോടൊപ്പം, സഭയ്ക്കു വെളിയിലുള്ളവരോടുള്ള സമീപനം എപ്രകാരമായിരിക്കണമെന്നും പൗലോസ്ശ്ലീഹാ ഇവിടെ പരാമർശിക്കുന്നുണ്ട്. സഭയ്ക്കു വെളിയിലുള്ളവർ വ്യത്യസ്തവിശ്വാസത്തിന്റെ ഉടമകളായതുകൊണ്ട് പലപ്പോഴും ശത്രുതാമനോഭാവത്തോടെ പെരുമാറാൻ സാദ്ധ്യതയുള്ളവരാണ്. റോമായിലെ സഭ ഏതെങ്കിലും വിധത്തിലുള്ള മതമർദ്ദനം ഈ കാലഘട്ടത്തിൽ അനുഭവിച്ചിരുന്നോ എന്ന് വ്യക്തമല്ല; എന്നാൽ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന സകലരും മതമർദ്ദനത്തിനു വിധേയരാകും എന്നത് പൗലോസിന്റെ മുഖ്യപ്രമേയങ്ങളിലൊന്നാണ് (1 തെസ 2,14; 3,34). വീരോചിതമായ രക്തസാക്ഷിത്വങ്ങളുടെ കഥ യഹൂദപാരമ്പര്യത്തിലും കാണാവുന്നതാണ് (2 മക്ക 7). എന്നാൽ യഹൂദ രക്തസാക്ഷിത്വകഥകളിൽനിന്നു വ്യത്യസ്തമായി ശത്രുതയെ പ്രാർത്ഥനകൊണ്ടും ശാപത്തെ അനുഗ്രഹംകൊണ്ടും നേരിടണം എന്നതാണ് മിശിഹാനുയായികളുടെ വ്യതിരിക്തത (മത്താ 5,43-48; ലൂക്കാ 6,28-35). ശത്രുസ്നേഹം സ്വർഗീയപിതാവിന്റെ പൂർണ്ണതയാണെന്നും ആ പൂർണ്ണതയിലേക്കു വിളിക്കപ്പെട്ടവരാണ് ക്രൈസ്തവരെന്നും (മത്താ 5,48) അജപാലകർ മനസ്സിലാക്കുകയും അപ്രകാരം അജഗണങ്ങളെ പരിശീലിപ്പിക്കുകയും വേണം.

ശത്രുസ്നേഹത്തെപ്പറ്റി പറയുന്നതോടൊപ്പം, ഇതരമതസ്ഥരുടെ സങ്കടങ്ങളിലും സന്തോഷങ്ങളിലും പങ്കുചേരണമെന്നും ശ്ലീഹാ

നിർദ്ദേശിക്കുന്നു. സഹവർത്തിത്വത്തിന് അനുപേക്ഷണീയമായ എളിമ അഭ്യസിക്കുവാനായി സകലവിധ അഹന്തയും വെടിയാൻ പൗലോസ്ശ്ലീഹാ ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ട്. അവിശ്വാസികളായ യഹൂദരോടും (റോമാ 11,25) ക്രൈസ്തവർ തമ്മിൽതമ്മിലും (12,3) അക്രൈസ്തവരോടും (12,3) അഹന്ത വെടിഞ്ഞ് എളിമയോടെ വ്യാപരിക്കാൻ വിശുദ്ധ പൗലോസ് ഉപദേശിക്കുന്നു. തിന്മയെ തിന്മ കൊണ്ടു നേരിടരുത് എന്ന സുഭാഷിതത്തിലെ ചിന്തയാണ് (സുഭാ 20,22) പൗലോസ് ഇവിടെ അവതരിപ്പിക്കുന്നത്. തങ്ങളെ എതിർക്കുന്ന ലോകത്തെ ലൗകികമാനദണ്ഡങ്ങളുപയോഗിച്ച് നേരിടാതെ മിശിഹായുടെ മനോഭാവത്തോടെ നേരിടണം എന്നത് ആദിമസഭയുടെ വിശ്വാസമായിരുന്നു (എഫേ 5,11: 1 പത്രോ 4,3-5). സമാധാനത്തിനും സ്വൈര്യജീവിതത്തിനും വിരുദ്ധമായതൊന്നും ക്രൈസ്തവരുടെ ഭാഗത്തുനിന്നുണ്ടാകരുത് എന്നാണ് പൗലോസ്ശ്ലീഹാ അർത്ഥമാക്കുന്നത്. അപ്രകാരം മിശിഹായുടെ രക്ഷാകരദാനമായ സമാധാനത്തിന്റെ വക്താക്കളാകുവാൻ അജപാലകരും അജഗണങ്ങളും ശ്രദ്ധിക്കണം.

**5. ദൈവികനീതിയും ശത്രുസ്നേഹവും**

*"പ്രിയപ്പെട്ടവരേ, പ്രതികാരം നിങ്ങൾതന്നെ ചെയ്യാതെ, അതു ദൈവത്തിന്റെ ക്രോധത്തിനു വിട്ടേക്കുക. എന്തെന്നാൽ, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: പ്രതികാരം എന്റേതാണ്; ഞാൻ പകരം വീട്ടും എന്നു കർത്താവ് അരുളിച്ചെയ്യുന്നു. മാത്രമല്ല, നിന്റെ ശത്രുവിനു വിശക്കുന്നെങ്കിൽ ഭക്ഷിക്കാനും ദാഹിക്കുന്നെങ്കിൽ കുടിക്കാനും കൊടുക്കുക. ഇതുവഴി നീ അവന്റെ ശിരസ്സിൽ തീക്കനലുകൾ കൂന കൂട്ടും. തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ, തിന്മയെ നന്മകൊണ്ടു കീഴടക്കുവിൻ"* (12,19-21).

മനുഷ്യൻ പ്രതികാരത്തിനു തുനിയരുതെന്നും, പ്രതികാരം ദൈവത്തിന്റെ നീതിയുടെ ഭാഗമാണെന്നും പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. ദൈവം പ്രതികാരം ചെയ്യും എന്ന അർത്ഥത്തിലല്ല ഇതു മനസ്സിലാക്കേണ്ടത്. 'ദൈവം സ്നേഹമാണ്' എന്നതാണല്ലോ ക്രിസ്തീയഭാഷ്യം. "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്" (1 യോഹ 4,8) "ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു" (1 യോഹ 4,16). അതുകൊണ്ട് പ്രതികാരം ദൈവനീതിയുടെ ഭാഗമാണ്, അഥവാ ദൈവം നീതി നടപ്പിലാക്കും എന്ന അർത്ഥത്തിലാണ് ഈ പ്രസ്താവനയെ മനസ്സിലാക്കേണ്ടത്. വിശക്കുന്ന ശത്രുവിനു ഭക്ഷണം കൊടുക്കാൻ കല്പിക്കുന്നതിലൂടെ ശത്രുസ്നേഹത്തിന്റെ ഭാവാത്മകവശമാണ് പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത്. ശത്രുവിനെ ശിക്ഷിക്കരുതെന്നു കല്പിച്ച ഏലീശാ പ്രവാചകൻ (1

രാജാ 6,20-23) അവർക്കു വിരുന്നു നൽകാൻ കല്പിച്ചത് പൗലോസിന്റെ ഉപദേശത്തിനു പശ്ചാത്തലമായിട്ടുണ്ടാകും.

നിന്റെ ശത്രുവിന് വിശക്കുന്നെങ്കിൽ ഭക്ഷിക്കാനും ദാഹിക്കുന്നെങ്കിൽ കുടിക്കാനും കൊടുക്കുക. ഇതുവഴി നീ അവന്റെ ശിരസ്സിൽ തീക്കനലുകൾ കൂനകൂട്ടും (12,20) എന്ന പ്രസ്താവനയുടെ അർത്ഥം മനസ്സിലാക്കുവാൻ വ്യാഖ്യാതാക്കൾ വിവിധരീതികളിൽ ശ്രമിക്കുന്നുണ്ട്. ഈ പ്രസ്താവന ശത്രുവിന്റെ അനുതാപത്തെയും മാനസാന്തരത്തെയും ലക്ഷ്യമാക്കിയുള്ളതാണെന്നാണ് പൊതുവെ വ്യാഖ്യാതാക്കൾ പറയുന്നത്. ആദിമസഭയിൽ അനുതാപാർത്ഥികൾ വറചട്ടിയിൽ തീക്കനൽ തലയിലേന്തി പരിഹാരം ചെയ്തിരുന്നത് ഈ പ്രസ്താവനയ്ക്ക് പ്രചോദനമായിട്ടുണ്ടാവാം. ശത്രുവിന്റെ അനുതാപത്തെയും മാനസാന്തരത്തെയും ലക്ഷ്യമാക്കി അവർക്കു നന്മ ചെയ്യുവാനുള്ള ഒരാഹ്വാനമായി ഇതിനെ പരിഗണിക്കാവുന്നതാണ്. "തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ, തിന്മയെ നന്മ കൊണ്ടു കീഴടക്കുവിൻ" (12,21) എന്ന അവസാന വാചകം ഇപ്രകാരം മനസ്സിലാക്കുവാൻ സഹായകരമാണ്. തിന്മയെ സഹനമെന്ന നന്മകൊണ്ടു നേരിട്ടപ്പോഴാണല്ലോ മിശിഹായുടെ രക്ഷാകരമരണം സംഭവിച്ചത്. അതുപോലെ ക്രൈസ്തവരും തിന്മയെ നന്മകൊണ്ടു കീഴടക്കുവാൻ ശ്രമിക്കണം. ക്രൈസ്തവസമൂഹത്തെ എപ്പോഴും എല്ലാവർക്കും നന്മചെയ്യുന്ന ഒരു സമൂഹമായി നിലനിർത്തുവാൻ അജപാലകരും അജഗണങ്ങളും ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. അനുസരണാജീവിതത്തിലൂടെ മിശിഹായുടെ ശരീരരക്തങ്ങളോട് എന്റെ ശരീരരക്തങ്ങൾ ചേർത്തുവച്ചുകൊണ്ട് ബലിയർപ്പിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. എനിക്കു നല്കപ്പെട്ട വരദാനങ്ങൾക്കനുസൃതമായി സഭാശുശ്രൂഷ നിർവ്വഹിക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
3. സ്നേഹവും മറ്റു സുകൃതങ്ങളും അഭ്യസിച്ചുകൊണ്ട് സഭാജീവിതം നയിക്കുവാൻ ഞാൻ വിശ്വാസികളെ ബോധവൽക്കരിക്കുന്നുണ്ടോ?
4. ഇതരമതസ്ഥരോടുള്ള ബന്ധത്തിൽ രക്ഷാകരസമാധാനത്തിന്റെ വക്താക്കളാകുവാൻ ഞാൻ അജഗണങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
5. എപ്പോഴും എല്ലാവർക്കും നന്മ ചെയ്യുന്ന ജീവിതം നയിക്കുവാൻ ശ്രമിക്കുകയും അതിനു ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ടോ?

**Statement about ownership and other particulars about the magazine**

**SAHYANADHAM (MALAYALAM)**

(Form IV See Rule 8)

| | | |
|---|---|---|
| 1. Place of Publication | - | Karimpan |
| 2. Periodicity of its publication | - | Monthly |
| 3. Printer's Name | - | Rev. Fr. James Punnaplackal |
| Nationality | - | Indian |
| Address | - | Bishop's House<br>Karimpan, Manipara P.O.<br>Idukki - 685 602 |
| 4. Publisher's Name etc | - | As in 3 |
| 5. Editor's Name etc | - | As in 3 |
| 6. Name and address of individuals who own the newspaper & Partners or shareholders holding more than one percent of the total capital | - | Diocese of Idukki |

*I, Fr. James Punnaplackal, hereby declare that the particulars given above are true to the best of my knowledge and belief.*

Sd/-

**Fr. James Punnaplackal**

01-03-2023 (Publisher)



രോഗീദിനം




തിരുബാലസഖ്യ ദിനാഘോഷം



രൂപതയിലെ കൈക്കാരന്മാരുടെ സമ്മേളനം

**Sahyanadham**

Annual Subscription Rs. 350.00
Date of Publication: 01/03/2023

Reg. No. KL/IDK/08/2022-2024
RNI Reg No. KERMAL/2004/12498






**മാർപാപ്പയുടെ പ്രാർത്ഥന നിയോഗം മാർച്ച് 2023**

സഭയിൽ പീഡിതരാക്കപ്പെട്ടവരും ചൂഷിതരാക്കപ്പെട്ടവരും അനുഭവിക്കുന്ന വേദനകളിലും സഹനങ്ങളിലും ആശ്വാസം ലഭിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കാം.

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer & Publisher, Rev. Fr. James Bishop's House, Idukki- 685 602